Reg. No. M. 2293

ഒററപ്രതി 2ണ.

# സത്യദീപം

"ഞാൻ ലോകത്തിന്റെ ദീപമാകുന്നു; എന്നെ അനുഗമിക്കുന്നവൻ അന്ധകാരത്തിൽ നടക്കുന്നില്ല."

പുസ്തകം 26 | 1128 മകരം 15—ബുധനാഴ്ചതോറും പ്രസിദ്ധപ്പെടുത്തുന്നതു്—എറണാകുളം 1953 ജനുവരി 28 | ലക്കം 23

# 1953 ജനവരി 3

## കൂനൻകുരിശുസത്യത്തിന്റെ മൂന്നാം ശതാബ്ദപൂർത്തി

(ഫാദർ തോമസ് വടശ്ശേരി എൽ. ഡി.)

### 1. മലങ്കരസഭയിലെ ആദിമഭിന്നത

സന്തോഷകരമായ പല സംഭവങ്ങളോടെയും ശതാബ്ദപൂർത്തി അടുത്തു കഴിഞ്ഞ വർഷങ്ങളിൽ നാം ആഘോഷപൂർവ്വം കൊണ്ടാടുകയുണ്ടായി. 1950-ാമാണ്ടു കത്തോലിക്കാ തിരുസഭയിൽ ജൂബിലി വർഷമായിരുന്നു. 1951 കൽക്കദോനിയാ സൂനഹദോസ് നടന്നിട്ട് പതിനഞ്ചു ശതാബ്ദം പൂർത്തിയായ വത്സരമായിരുന്നു. 1952 വിവിധാഘോഷങ്ങളോടുകൂടി ജൂബിലിവത്സരമായി മലങ്കരസഭ കൊണ്ടാടിക്കഴിഞ്ഞു.

ലോകം സന്തോഷസന്താപസമ്മിശ്രമാണല്ലോ. പകൽ കഴിഞ്ഞു രാത്രിയും, വർഷകാലം കഴിഞ്ഞു വേനൽക്കാലവും വരുന്നതുപോലെ 1952 മലങ്കരസഭാചരിത്രത്തിലെ ഏററം സന്തോഷകരവും അഭിമാനകരവുമായ സംഭവങ്ങളെ അനുസ്മരിപ്പിച്ചുകൊണ്ടു കടന്നുപോയെങ്കിൽ 1953 മലങ്കരസഭാചരിത്രത്തിൽ ഏററവും സന്താപകരവും ലജ്ജാവഹവും ഇന്നുവരെ നിലനില്ക്കുന്ന ദുഷ്ഫലങ്ങൾക്കു ഹേതുഭൂതവുമായ സംഭവങ്ങളെ അനുസ്മരിപ്പിച്ചുകൊണ്ട് ഇതാ സമാഗതമായിരിക്കുന്നു! കത്തോലിക്കർ, യാക്കോബായ, മാർത്തോമ്മാ, നെസ്തോറിയൻ ആദിയായി വിവിധസഭകളിൽ ഇക്കാലത്തു നില്ക്കുന്ന മലങ്കരസുറിയാനിക്രിസ്ത്യാനികളുടെ പൂർവ്വപിതാക്കന്മാർ ഉൾപ്പെട്ട വലിയ ഒരു ജനവിഭാഗം കൊച്ചിയിലെ മട്ടാഞ്ചേരിയിലുള്ള കൂനൻകുരിശിൽ കയർകെട്ടി എല്ലാവരും അതിൽപിടിച്ചു ചരിത്രപ്രസിദ്ധമായ സത്യംചെയ്തതു 1653 ജനുവരി 3-ാംനു വെള്ളിയാഴ്ചയായിരുന്നു. ആ സംഭവം നടന്നിട്ടു മുന്നൂറു സംവത്സരം പൂർത്തിയായി 1953 ജനുവരി 3-ാംനു ശനിയാഴ്ച.

### 2. കൂനൻകുരിശുസത്യത്തെപ്പററി വിഭിന്നാഭിപ്രായങ്ങൾ

കൂനൻകുരിശു സത്യത്തെപ്പററി കേരളത്തിലെ അകത്തോലിക്കർ പറയുന്നതു് ഇപ്രകാരമാണ്: കൂനൻകുരിശുസത്യംചെയ്ത മലങ്കരനസ്രാണികൾ നെസ്തോറിയരോ, യാക്കോബായക്കാരോ, മാർത്തോമ്മാക്കാർ എന്ന പേരിൽ ഇക്കാലത്ത് അറിയപ്പെട്ടുവരുന്ന നവീകരണക്കാരോ ആണു്; കത്തോലിക്കാവിശ്വാസത്തിലും മാർപ്പാപ്പായുടെ അധികാരത്തിലും സുറിയാനിക്രിസ്ത്യാനികളെ കൊണ്ടുവരുന്നതിനു് കത്തോലിക്കാസമാനികളായ പോർട്ടുഗീസുകാർ (പറങ്കികൾ), പ്രത്യേകിച്ചു മെനസിസ് മെത്രാപ്പോലീത്താ ചതുരുപായങ്ങളും പ്രയോഗിച്ചിട്ടുണ്ടു്; കേരളീയസഭയെ ഭരിക്കുവാൻ വിദേശത്തുനിന്നു 1652-ൽ വന്ന അഹത്തല്ലാ എന്ന സുറിയാനി മെത്രാനെ പോർട്ടുഗീസുകാർ നാടുകടത്തുകയോ കടലിൽ താഴ്ത്തി കൊല്ലുകയോ ചെയ്തു; ഇക്കാരണങ്ങളാൽ സന്തതിയുള്ള കാലംവരെ കത്തോലിക്കാ വിശ്വാസം സ്വീകരിക്കയോ മാർപ്പാപ്പായുടെ അധികാരത്തിനു വിധേയരാകുകയോ ചെയ്തിട്ടില്ല് എന്നു നമ്മുടെ പൂർവ്വപിതാക്കന്മാർ കൂനൻകുരിശിങ്കൽവച്ചു സത്യംചെയ്തു എന്നാൽ കേരളത്തിലെ കത്തോലിക്കാ ചരിത്രകാരന്മാർ മാത്രമല്ല, ഷുർഹാമർ, ബെൽട്രാമി, ജൂമിൽ, ഹെരാസ് ആദിയായ വിദേശീയചരിത്രപണ്ഡിതന്മാർ നിരവധി രേഖകൾ ഉദ്ധരിച്ചുകൊണ്ടു് കൂനൻകുരിശുസത്യംചെയ്ത കാലത്തു മലങ്കരസുറിയാനിക്കാർ കത്തോലിക്കാവിശ്വാസികളും റോമ്മാസിംഹാസനത്തിന്റെ ഐക്യത്തിൽ നിന്നിരുന്നവരുമായിരുന്നെന്നും, കൂനൻകുരിശുസത്യത്താൽ അവർ പോർട്ടുഗീസ് വൈദികരുടെ ദുർഭരണത്തെ അല്ലാതെ കത്തോലിക്കാവിശ്വാസത്തെയോ, മാർപ്പാപ്പായുടെ അധികാരത്തെയോ ഉപേക്ഷിച്ചില്ലെന്നും അഭിപ്രായപ്പെടുന്നു. സംഗതികളുടെ യഥാർത്ഥസ്ഥിതി ഗ്രഹിക്കുന്നതിനു് വിശ്വാസയോഗ്യമായ ചരിത്രരേഖകളെ നിഷ്പക്ഷബുദ്ധ്യാ നാം പഠനംചെയ്യേണ്ടിയിരിക്കുന്നു.

കൂനൻകുരിശുസത്യം നടന്നിട്ടു മുന്നൂറു കൊല്ലം പൂർത്തിയായ ഈ സന്ദർഭത്തിൽ ഈ വിഷയത്തെ സംബന്ധിച്ചുള്ള പുരാതനചരിത്രരേഖകൾ പഠനംചെയ്തു സത്യാവസ്ഥ ഗ്രഹിക്കുന്നതു് മലങ്കരയിലെ കത്തോലിക്കർക്കും അകത്തോലിക്കർക്കും പ്രയോജനകരവും ഉപാദേയവുമായിരിക്കുമെന്നു കരുതിയാണു് ഏതാനും ചില ചരിത്രരേഖകളും അവയെ ആസ്പദമാക്കിയുള്ള ചില അനുമാനങ്ങളും അടങ്ങിയ ഈ ലേഖനം പ്രസിദ്ധപ്പെടുത്തുന്നതു്.



"അവിടുന്നു് തന്റെ കൈ അവന്റെ കണ്ണുകളിന്മേൽവച്ചു. അപ്പോൾ അവൻ സുഖംപ്രാപിച്ചു." (വി. മർക്കോസ് VIII, 25)

### 3. മലങ്കരയിലെ ആദിമവിശ്വാസം

1498-ൽ [illegible] പോർട്ടുഗീസുകാർ ആദ്യമായി കേരളത്തിൽ വന്നതു്. പോർട്ടുഗീസുകാരുടെ വരവിനുശേഷമാണു് കേരളത്തിൽ കത്തോലിക്കാസഭ ഉണ്ടായതെന്നു കേരളത്തിലെ എല്ലാ അകത്തോലിക്കാ ചരിത്രകാരന്മാരും അഭിപ്രായപ്പെടുന്നു. എന്നാൽ പോർട്ടുഗീസുകാർ കേരളത്തിൽ വരുന്നതിനുമുമ്പും വന്നതിനുശേഷവും മലങ്കരസഭയെ ഭരിക്കുന്നതിനു് വിദേശത്തുനിന്നു വന്ന സുറിയാനിമെത്രാന്മാർ കത്തോലിക്കാവിശ്വാസികളും റോമ്മാസിംഹാസനത്തിന്റെ ഐക്യത്തിൽ ഇരുന്നവരുമായിരുന്നു എന്നതിനു് അനിഷേധ്യമായ ധാരാളം ചരിത്രരേഖകളുണ്ടു്. വിസ്തരഭയത്താൽ പോർട്ടുഗീസുകാരുടെ വരവിനുശേഷം മലങ്കരയിൽ വന്ന ചില സുറിയാനിമെത്രാന്മാരെ സംബന്ധിച്ചുള്ള രേഖകൾ മാത്രം ഇവിടെ ഉദ്ധരിക്കുന്നു.

ബാബേൽസിംഹാസനത്തിൽ വാണിരുന്ന മാർ ഏലിയാസ് പാത്രിയർക്കീസ് 1503-ൽ അതായതു് പോർട്ടുഗീസുകാർ കേരളത്തിൽ വന്നിട്ടു അഞ്ചുകൊല്ലം മാത്രം കഴിഞ്ഞപ്പോൾ മാർത്തോമ്മാ, മാർ യാബ് അല്ലാഹാ, മാർ ദനഹാ, മാർ യാക്കോബ് എന്നീ നാലു മെത്രാന്മാരെ കേരളത്തിലേക്കു് അയക്കുകയുണ്ടായി. ഈ മെത്രാന്മാർ ഇൻഡ്യയിൽ എത്തിയപ്പോൾ കണ്ണൂരിൽ വസിച്ചിരുന്ന പോർട്ടുഗീസ് വൈദികർ ഇവരെ ബഹുമാനപൂർവ്വം സ്വീകരിക്കയും, ഒരുമാസത്തോളം ഇവരെ തങ്ങളുടെ അതിഥികളായി കണ്ണൂരിൽ താമസിപ്പിക്കയും ചെയ്തു. ഇക്കാര്യങ്ങളെല്ലാം വിവരിച്ചു് മാർ ഏലിയാസ് പാത്രിയർക്കീസിനു് ഈ നാലു മെത്രാന്മാർ കൂടി അയച്ച എഴുത്തിൽ ഇങ്ങനെ പറയുന്നു: "ഇൻഡ്യാക്കാരുടെ പട്ടണമായ കണ്ണൂരിൽ ഞങ്ങൾ വന്നപ്പോൾ .... .... അവർ (പോർട്ടുഗീസുകാർ), ഞങ്ങളെ ഏററവും ബഹുമാനത്തോടുകൂടി സ്വീകരിക്കയും, ഞങ്ങൾക്കു മനോഹരമായ ഉടുപ്പുകളും 20 സ്വർണ്ണനാണയങ്ങളും നൽകുകയും .... ചെയ്തു. രണ്ടര മാസം ഞങ്ങൾ അവരോടുകൂടി താമസിച്ചു. ഒരു ദിവസം ഞങ്ങളും വി. കർബാന അർപ്പിക്കണമെന്നു് അവർ ഞങ്ങളോടു പറഞ്ഞു .... ആകയാൽ "നേസേർമൽ" ഞായറാഴ്ച (പെന്തിക്കുസ്തി കഴിഞ്ഞുവരുന്ന 7-ാം ഞായറാഴ്ച) അവരുടെ പട്ടക്കാർ കർബാന ചൊല്ലിയശേഷം ഞങ്ങളെയും പ്രവേശിപ്പിക്കയും, ഞങ്ങൾ ദിവ്യബലി അർപ്പിക്കയും ചെയ്തു. അതു് അവർക്കു സ

ന്തോഷകരമായിരുന്നു." (Schurhammer S J, The Malabar Church and Rome, P. 7) കത്തോലിക്കർ തങ്ങളുടെ ദേവാലയങ്ങളിൽ അന്യസഭകളിൽപ്പെട്ട വൈദികരെ കർബാന ചൊല്ലുവാൻ ഒരിക്കലും അനുവദിക്കുന്നതല്ല. ബാബേലിൽനിന്നു വന്ന ഈ സുറിയാനി മെത്രാന്മാരെ പോർട്ടുഗീസു വൈദികർ ഇത്ര ബഹുമാനപൂർവ്വം സ്വീകരിച്ചു സൽക്കരിക്കയും, അവർ കർബാന ചൊല്ലിയ അതേ ബലിപീഠങ്ങളിൽത്തന്നെ ഈ മെത്രാന്മാരും കർബാന ചൊല്ലുവാൻ അനുവദിക്കയും ചെയ്തെങ്കിൽ ഈ മെത്രാന്മാർ പോർട്ടുഗീസുകാരെപ്പോലെ കത്തോലിക്കാസഭയിലല്ലാതെ അന്യസഭകളിൽപ്പെട്ടവരല്ലെന്നു തീർച്ചയാണ്. കൂനൻകുരിശുസത്യത്തിനുമുമ്പ് മലങ്കരനസ്രാണികളെ ഭരിക്കാൻ വന്ന മെത്രാന്മാർ കത്തോലിക്കാവിശ്വാസികളായിരുന്നെങ്കിൽ അവരുടെ ഭരണത്തിലിരുന്ന ഇവിടത്തെ ക്രിസ്ത്യാനികളും കത്തോലിക്കാവിശ്വാസികളും ബാബേൽ സിംഹാസനംവഴി റോമാ മാർപ്പാപ്പായുടെ ഐക്യത്തിൽ ഇരുന്നവരല്ലേ?

ബാബേലിലെ പാത്രിയർക്കീസായിരുന്ന അബ്ദീശോ 1556-ൽ മാർ യൗസേപ്പ്, മാർ ഏലിയാസ് എന്നീ രണ്ടു സുറിയാനി മെത്രാന്മാരെ കേരളീയസഭയെ ഭരിക്കുന്നതിനായി ഇൻഡ്യയിലേക്ക് അയച്ചു. ബോംബേക്കു വടക്കു ബെസയിൻ എന്ന സ്ഥലത്തുള്ള ഫ്രാൻസിസ്കൻ സന്യാസാശ്രമത്തിൽ ഒന്നര വർഷത്തോളം ഇവർ താമസിച്ചു. ഇവർ അവിടെ വസിക്കയിൽ അന്തോനിയസ് ദെ പോർട്ടോ എന്ന സുപ്രസിദ്ധ ഫ്രാൻസിസ്കൻ സന്യാസി 1557 നവംബർ 20-ാം-നു പോർട്ടുഗൽ രാജാവിനു ഇവരുടെ വിശ്വാസത്തെയും പാണ്ഡിത്യത്തെയും നിർമ്മലജീവിതത്തെയും വിവരിച്ചു ദീർഘമായ ഒരു ലേഖനം അയച്ചു. ആ ലേഖനത്തിലെ ചില ഭാഗങ്ങൾ ഇപ്രകാരമാണ്: "നമ്മുടെ മാതാവായ വിശുദ്ധ സഭയുടെ വിശ്വാസവിഷയങ്ങളിലും കൂദാശകളിലും മതചിഹ്നങ്ങളും ആവശ്യങ്ങളുമായ കാര്യങ്ങൾ സംബന്ധിച്ച് അനേകതവണ പലപ്പോഴും ഞാൻ സംസാരിച്ചിട്ടുണ്ട്. നമ്മിൽനിന്ന് ഏതെങ്കിലും രീതിയിലോ വാക്കിലോ അവർ വ്യത്യസ്തരല്ലെന്നു എനിക്കു ബോദ്ധ്യമായി. ഇവിടെയുള്ള മാതാവിന്റെ (കന്യകമറിയമിന്റെ) ഈ മഠത്തിൽ വന്നപ്പോൾ കൽദായയിൽ (സുറിയാനിയിൽ) വളരെ ഭക്തിപൂർവ്വം അവർ കർബാന ചൊല്ലി .... കേരളത്തിലെ ക്രിസ്ത്യാനികൾക്കു ഈ കൽദായ (സുറിയാനി) മെത്രാന്മാരെ വളരെ ഇഷ്ടമാണ്. .... .... മഹാരാജാവേ! മാർപ്പാപ്പായുടെ ഐക്യത്തിലിരിക്കുന്ന കൽദായ പാത്രിയർക്കീസ് അതതു സാഹചര്യത്തിലും കേരളീയർക്കായി മെത്രാന്മാരെ അയക്കരുതെന്നു മാർപ്പാപ്പാ ഈ പാത്രിയർക്കീസിനോട് ആജ്ഞാപിക്കുന്നതിനുവേണ്ടി അവിടുന്ന് ഒരു അപേക്ഷ മാർപ്പാപ്പായ്ക്കു സമർപ്പിക്കണം. കേരളീയർ മെത്രാന്മാരെ അയച്ചുതരണമെന്ന് പാത്രിയർക്കീസിനോടു ആവശ്യപ്പെട്ടാൽ ഗോവയിലെ മെത്രാനെ അനുസരിക്കണമെന്നും, ഞാൻ അനുസരിച്ചുവരുന്ന അതേ മാർപ്പാപ്പായുടെ കല്പനപ്രകാരം ഗോവാ മെത്രാൻതന്നെയാണ് അവരുടെയും മെത്രാനെന്നും പാത്രിയർക്കീസ് അവരോടു പറയണം. ഇക്കാര്യങ്ങളൊക്കെ അറിയുന്നതു അവിടുത്തേക്കു സന്തോഷപ്രദമാണെന്നു വിചാരിച്ചാണ് ഇവ അവിടുത്തേക്കു ഞാൻ എഴുതുന്നത്." (Bullarium Patronotus Portugalliae, II, pp. 300 ff.) ഈ എഴുത്തിൽനിന്നു താഴെപ്പറയുന്ന കാര്യങ്ങൾ വ്യക്തമത്രേ.

1) ബാബേൽ പാത്രിയർക്കീസ് റോമാമാർപ്പാപ്പായുടെ ഐക്യത്തിലാണ് ഇരുന്നിട്ടുള്ളത്.

2) ബാബേൽ സിംഹാസനത്തിൽനിന്നു കേരളീയസഭയെ ഭരിക്കുവാൻ അയക്കപ്പെട്ടിരുന്ന സുറിയാനിമെത്രാന്മാരുടെ വിശ്വാസം ലത്തീൻറീത്തുകാരായ പോർട്ടുഗീസുകാരുടെ വിശ്വാസത്തിൽനിന്നു മൗലികകാര്യങ്ങളിൽ ഒട്ടും വ്യത്യസ്തമല്ലായിരുന്നു.

3) സുറിയാനിമെത്രാന്മാരും പോർട്ടുഗീസുമെത്രാന്മാരും തമ്മിൽ കർബാന ചൊല്ലുന്ന സുറിയാനി, ലത്തീൻ എന്നീ ഭാഷകൾ സംബന്ധിച്ചുമാത്രമേ വ്യത്യാസമുണ്ടായിരുന്നുള്ളു.

4) കേരളീയ സുറിയാനിക്രിസ്ത്യാനികൾക്കു സുറിയാനിമെത്രാന്മാരെ വളരെ ഇഷ്ടമായിരുന്നു.

5) എങ്കിലും കേരളത്തിലെ സുറിയാനിക്രിസ്ത്യാനികളെ ഭരിക്കുന്നതിനു വിദേശത്തുനിന്നു സുറിയാനിമെത്രാന്മാരെ അവർ വരുത്തുന്നതു പോർട്ടുഗീസുകാർക്കു അത്ര ഇഷ്ടമുള്ള കാര്യമല്ലായിരുന്നു.

6) ഗോവായിലെ ലത്തീൻ റീത്തുകാരനായ പോർട്ടുഗീസുമെത്രാനെത്തന്നെ കേരളത്തിലെ സുറിയാനിക്രിസ്ത്യാനികളും മേലധികാരിയായി സ്വീകരിക്കണമെന്നായിരുന്നു പോർട്ടുഗീസുകാരുടെ ആഗ്രഹം.

7) ഈ ആഗ്രഹം സാധിക്കുന്നതിനുവേണ്ടി പോർട്ടുഗൽ രാജാവു മാർപ്പാപ്പായ്ക്കു അപേക്ഷ സമർപ്പിക്കണം.

8) മാർപ്പാപ്പാ ബാബേൽ പാത്രിയർക്കീസിനോടു മേലാൽ സുറിയാനിമെത്രാന്മാരെ കേരളത്തിലേക്കു അയക്കരുതെന്നു ആജ്ഞാപിക്കണം. കേരളത്തിലെ ക്രിസ്ത്യാനികൾ മെത്രാന്മാരെ അയച്ചുതരണമെന്നു ബാബേൽ പാത്രിയർക്കീസിനോടു അപേക്ഷിച്ചാൽ ഗോവാമെത്രാനെയാണ് അവരുടെയും മെത്രാനായി മാർപ്പാപ്പാ നിശ്ചയിച്ചിരിക്കുന്നതെന്നുള്ള വിവരം പാത്രിയർക്കീസ് അവരെ അറിയിക്കണം.

ഈ എഴുത്തിൽനിന്നു കൂനൻകുരിശു




കൂനൻകുരിശ്

സത്യം ചെയ്യുന്നതിനു മുമ്പും മലങ്കരനസ്രാണികൾ കത്തോലിക്കാവിശ്വാസികളായിരുന്നെന്നും, റോമാസിംഹാസനത്തിന്റെ ഐക്യത്തിൽ ഇരുന്ന ബാബേൽ സിംഹാസനംവഴിയായിട്ടാണ് അവരും മാർപ്പാപ്പായുടെ അധികാരത്തിനു വിധേയരായിരുന്നതെന്നും, എന്നാൽ പോർട്ടുഗീസുകാർ അവരെ പറങ്കി (പോർട്ടുഗീസ്) മെത്രാന്മാരുടെ ഭരണത്തിലാക്കുന്നതിനു ആഗ്രഹിക്കയും, അതിനായി കഴിവുള്ള ശ്രമിക്കയും ചെയ്തിരുന്നെന്നും ഉള്ള സംഗതികൾ പട്ടാപ്പകൽപോലെ സ്പഷ്ടമത്രേ.

### 4. പോർട്ടുഗീസുകാരുടെ കുതന്ത്രങ്ങൾ

ഗോവാ മെത്രാപ്പോലീത്തായായിരുന്ന മെനേസിസും, അദ്ദേഹത്തിന്റെ പിൻഗാമികളായിരുന്ന ഫ്രാൻസിസ് റോസ്, സ്റ്റീഫൻ ബ്രിട്ടോ, ഫ്രാൻസിസ് ഗാർസ്യാ എന്നീ പോർട്ടുഗീസു മെത്രാന്മാരും നെസ്തോറിയൻ പാഷണ്ഡത ആരോപിച്ചു കേരളത്തിൽ നടപ്പിലിരുന്ന കൽദായസുറിയാനി റീത്ത് (ആരാധനാക്രമം) മാറ്റിയിട്ട് തൽസ്ഥാനത്തു ലത്തീൻറീത്ത് സ്ഥാപിക്കുന്നതിനും, വിദേശത്തുനിന്നുള്ള സുറിയാനി മെത്രാന്മാരുടെ ആഗമനം തടഞ്ഞു കേരളീയക്രിസ്ത്യാനികളെ പോർട്ടുഗീസുമെത്രാന്മാരുടെ ഭരണത്തിലാക്കുന്നതിനും ശ്രമിച്ചുവന്നു. കേരളത്തിലെ അകത്തോലിക്കാ ചരിത്രകാരന്മാർ പോർട്ടുഗീസു മെത്രാന്മാരുടെ ഈ പരിശ്രമങ്ങളെ ദുർവ്യാഖ്യാനം ചെയ്തുകൊണ്ട് അന്നുവരെ അകത്തോലിക്കരായിരുന്ന കേരളീയസുറിയാനിക്കാരിൽ കത്തോലിക്കാ വിശ്വാസം കുത്തിവയ്ക്കുന്നതിനും, അവരെ മാർപ്പാപ്പായുടെ അധികാരത്തിൽ കൊണ്ടുവരുന്നതിനും പോർട്ടുഗീസുകാർ ശ്രമിച്ചതായി തങ്ങളുടെ ഗ്രന്ഥങ്ങളിൽ എഴുതിപ്പിടിപ്പിച്ചു സാധാരണ വായനക്കാരെ തെറ്റിദ്ധരിപ്പിച്ചിരിക്കുന്നു. കേരളത്തിലെ കൽദായസുറിയാനി റീത്തുതന്നെ അകത്തോലിക്കാ ചരിത്രകാരന്മാരുടെ ഈ പ്രസ്താവനകളുടെ "പൊള്ളത്തരം" വെളിപ്പെടുത്തുന്ന ഒരു "മൂകസാക്ഷിയായി" നിലകൊള്ളുന്നു. മെനേസിസും മററു പോർട്ടുഗീസുമെത്രാന്മാരും അലങ്കോലപ്പെടുത്തുകയും അംഗഭംഗപ്പെടുത്തുകയും ചെയ്ത കൽദായറീത്താണ് ഇപ്പോഴും എറണാകുളം അതിരൂപതയിലും, ചങ്ങനാശ്ശേരി, തൃശ്ശൂർ, കോട്ടയം, പാലാ എന്നീ രൂപതകളിലുമുള്ള കത്തോലിക്കരുടെ ഇടയിൽ നടപ്പിലിരിക്കുന്നതു. വി. കർബാന ഒഴിച്ചുള്ള കൂദാശകൾ, വലിയ (ഹാശാ) ആഴ്ചയിലെ കർമ്മങ്ങൾ എന്നിവയെല്ലാം ലത്തീൻറീത്തിൽനിന്നു പരിഭാഷപ്പെടുത്തി കൽദായറീത്തിൽ അനുഷ്ഠിച്ചുവരുന്നു. പട്ടംകൊട, മെത്രാഭിഷേകം, ദേവാലയക്കൂദാശ എന്നിവ സുറിയാനിയിലേക്കു പരിഭാഷപ്പെടുത്താതെ ലത്തീൻറീത്തനുസരിച്ച് ലത്തീൻഭാഷയിൽത്തന്നെ കൽദായസുറിയാനിറീത്തുകാർ ഇപ്പോഴും നടത്തിവരുന്നു. ഈ മാററങ്ങളെല്ലാം പോർട്ടുഗീസുമെത്രാന്മാരുടെ കല്പനപ്രകാരമാണ് ഉണ്ടായിട്ടുള്ളത്.

### 5. സുറിയാനിക്കാരുടെ എതിർപ്പ്

നമ്മുടെ പൂർവ്വന്മാർക്കാകട്ടെ മലങ്കരയിൽ പുരാതനകാലംമുതൽ പരിചയിച്ചിട്ടുള്ള സുറിയാനിറീത്തു അഭംഗമായി പാലിച്ചുകൊണ്ടുപോകുന്നതിനും, സുറിയാനിമെത്രാന്മാരുടെ ഭരണം നിലനിർത്തിക്കൊണ്ടുപോകുന്നതിനും തീവ്രമായ ആഗ്രഹമുണ്ടായിരുന്നതിനാൽ പോർട്ടുഗീസുകാരുടെ ഈ നയങ്ങളെയും തന്ത്രങ്ങളെയും പരിശ്രമങ്ങളെയും കഠിനമായി അവർ എതിർത്തുകൊണ്ടിരുന്നു. മെനേസിസ് മെത്രാപ്പോലീത്താ 1599-ൽ ഉദയംപേരൂർ സൂനഹദോസ് നടത്തിയപ്പോഴും, പിന്നീടു കേരളത്തിലെ പള്ളികൾ ഔദ്യോഗികമായി സന്ദർശിച്ചപ്പോഴും സുറിയാനിക്രിസ്ത്യാനികൾ ഈ അതൃപ്തിയും എതിർപ്പും പ്രത്യക്ഷവിധം വെളിപ്പെടുത്തി. റീത്തിനെയും സമ്പ്രദായങ്ങളെയും സംബന്ധിച്ചുണ്ടായ ഈ അതൃപ്തിയെയും എതിർപ്പുകളെയും ദുർവ്യാഖ്യാനവും അതിരഞ്ജനവും ചെയ്തുകൊണ്ടും, സത്യാവസ്ഥകൾ പലതും മറച്ചുവെച്ചുകൊണ്ടും കേരളത്തിലെ അകത്തോലിക്കാ ചരിത്രകാരന്മാർ പറയുന്നതു കേരളീയസുറിയാനിക്കാരെ കത്തോലിക്കാവിശ്വാസത്തിലേക്കും മാർപ്പാപ്പായുടെ ഐക്യത്തിലേക്കും കൊണ്ടുവരാൻ ശ്രമിച്ചതുനിമിത്തമാണ് പോർട്ടുഗീസുകാരെ അവർ എതിർത്തതു് എന്നത്രേ. വാസ്തവത്തിൽ 1650-ൽപോലും ഒരു സുറിയാനി മെത്രാനെ കേരളത്തിലേക്ക് അയച്ചുതരണമെന്ന് ആവശ്യപ്പെട്ടുകൊണ്ടു മലങ്കരനസ്രാണികൾ മാർപ്പാപ്പായുടെ ഐക്യത്തിലിരുന്ന ബാബേൽ പാത്രിയർക്കീസിനു ഒരു അപേക്ഷ അയച്ചു. ഇതിൽനിന്നും പോർട്ടുഗീസുകാരോടു എത്രമാത്രം വിദ്വേഷവും അതൃപ്തിയും സുറിയാനിക്കാർക്കുണ്ടായിരുന്നെങ്കിലും അവർ ഉറച്ച കത്തോലിക്കാവിശ്വാസമുള്ളവരും ബാബേൽ സിംഹാസനംവഴി മാർപ്പാപ്പായുടെ ഐക്യത്തിലും അനുസരണത്തിലും നിന്നിരുന്നവരുമായിരുന്നു എന്നു തെളിയുന്നു. സുറിയാനിറീത്തിനെയും സുറിയാനിമെത്രാന്മാരുടെ ഭരണത്തെയും അവർ മുറുകെപ്പിടിച്ചിരുന്നു എന്നു മാത്രമേയുള്ളു.

### 6. കൂനൻകുരിശു സത്യം

ഈ വിധം വിദേശത്തുനിന്നു ഒരു സുറിയാനിമെത്രാന്റെ ആഗമനം അക്ഷമതയോടെ പ്രതീക്ഷിച്ചുകൊണ്ടിരിക്കവെയാണ് മാർ അഹത്തള്ളാ എന്ന പേരോടുകൂടിയ ഒരു മെത്രാൻ 1652-ൽ മൈലാപ്പൂരിൽ വന്നതു്. കേരളത്തിൽനിന്നു തീർത്ഥയാത്രയ്ക്കായി അക്കാലത്തു മൈലാപ്പൂരിൽ ചെന്നിരുന്ന ചെങ്ങന്നൂർ ഇടവക ചെങ്കയിൽ ഇട്ടി, കുറവിലങ്ങാട്ട് ഇടവക കീഴക്കേടത്തു കശ്ശീശ എന്നീ രണ്ടു ആളുകൾ മുഖാന്തരം മലങ്കര സുറിയാനിക്കാർക്കായി അഹത്തള്ളാ കൊടുത്തയച്ച എഴുത്തിൽ ഇപ്രകാരം പറയുന്നു:—"എന്റെ മക്കളെ, വരുവിൻ. എന്റെ വാക്കുകളെ ശ്രവിക്കുവിൻ. നമ്മുടെ നാഥനായ മാർപ്പാപ്പായിൽനിന്നു എല്ലാം അധികാരങ്ങളും എനിക്കു നൽകപ്പെട്ടിരിക്കുന്നു എന്നു നിങ്ങൾ അറിഞ്ഞുകൊള്ളുവിൻ ... ഈ മൈലാപ്പൂർ പട്ടണത്തിൽ ഞാൻ വന്നെത്തിയിരിക്കുന്നു. ഇൻഡ്യയിൽനിന്നു നിങ്ങളുടെ നാട്ടിലേക്കു എന്നെ കൊണ്ടുപോകുവാൻ കഴിയുന്ന അനവധി വൈദികരും ജനങ്ങളും ഇവിടെ വന്നുചേരുന്നതായി അറിഞ്ഞതിനാലാണ് ... നിങ്ങൾ എല്ലാവരും ഗ്രഹിച്ചുകൊള്ളുവിൻ" (Eustachio, Istoria del Mgr. Giuseppe p. 25) മാർപ്പാപ്പായുടെ അധികാരത്തെ നിഷേധിക്കുന്ന നെസ്തോറിയരോ, യാക്കോബായക്കാരോ, മാർത്തോമ്മാക്കാരോ ആണ് അഹത്തള്ളായുടെ കാലത്തു മലങ്കരയിൽ ഉണ്ടായിരുന്ന സുറിയാനിക്രിസ്ത്യാനികളെങ്കിൽ മാർപ്പാപ്പായിൽനിന്നു അധികാരം സിദ്ധിച്ചിട്ടുള്ള തന്നെ കൂട്ടിക്കൊണ്ടുപോകുവാൻ കേരളത്തിൽനിന്നു ആളുകൾ വരണമെന്നു അഹത്തള്ളാ ആവശ്യപ്പെടുമായിരുന്നോ? മാർപ്പാപ്പായെ വകവയ്ക്കാത്തവർ മാർപ്പാപ്പായിൽനിന്നു അധികാരം ലഭിച്ച മെത്രാനെ സ്വീകരിക്കുമോ? ആകയാൽ അഹത്തള്ളാ വന്നപ്പോഴും മലങ്കരനസ്രാണികൾ കത്തോലിക്കാവിശ്വാസികളും, മാർപ്പാപ്പായുടെ അധികാരത്തെ സ്വീകരിച്ചവരുമായിരുന്നു എന്നത്രേ ഈ എഴുത്തിൽനിന്നു വിശദമാകുന്നതു്.

അഹത്തള്ളായെ പോർട്ടുഗീസുകാർ കപ്പലിൽകയററി ഗോവായ്ക്കു കൊണ്ടുപോകയാണുണ്ടായതു്. യാത്രാമദ്ധ്യേ കപ്പൽ കൊച്ചിയിൽ അടുക്കുമെന്നു നസ്രാണികൾക്കു എങ്ങനെയോ അറിവു കിട്ടി. അക്കാലത്തു മലങ്കരസഭയെ ഭരിച്ചിരുന്ന തോമ്മാ ആർക്കദിയാക്കോൻ എന്ന വൈദികൻ 25 000 ജനങ്ങളെയും കൂട്ടിക്കൊണ്ടു കൊച്ചിക്കോട്ടയുടെ പോർട്ടുഗീസ് അധികാരിയോടു അഹത്തള്ളാമെത്രാനെ വിട്ടുതരണമെന്നു ആവശ്യപ്പെട്ടു. പോർട്ടുഗീസുകാർ അഹത്തള്ളായെ കടലിൽ താഴ്ത്തിക്കളഞ്ഞു എന്നുള്ള ഒരു വ്യാജവാർത്തയും ജനങ്ങളുടെ ഇടയിൽ അപ്പോൾ പ്രചരിച്ചിരുന്നു. കൊണ്ടു സുറിയാനിക്കാർ കൊച്ചിയിലെ കപ്പിത്താനു ഒരെഴുത്തു കൊടുത്തു. അതിലെ ഒരു ഭാഗം ഇങ്ങനെയാണ്:- "പാത്രിയർക്കീസ് (അഹത്തള്ളാമെത്രാൻ) പറങ്കികളാൽ (ഈശോസഭാംഗങ്ങളായ പോർട്ടുഗീസ് വൈദികരാൽ) കൊല്ലപ്പെടുകയും തന്നിമിത്തം അദ്ദേഹത്തെ വിട്ടുതരുവാൻ നിവൃത്തിയില്ലാതിരിക്കയും ചെയ്യുമെങ്കിൽ സുറിയാനിഭാഷ പരിചയമുള്ളവരും ഞങ്ങളുടെ പള്ളിക്രമങ്ങൾ ഞങ്ങളെ പഠിപ്പിച്ച് അവയിൽ ഞങ്ങളെ സഹായിക്കുന്നതിനു ശേഷിയുള്ളവരും... ആയ ആരെങ്കിലും മാർപ്പാപ്പായുടെ കല്പനപ്രകാരം ഇവിടെ വരട്ടെ, എന്നാൽ പാദ്രീസ്സർ ആയിരിക്കരുത്. അവരെ ഞങ്ങൾ ഒട്ടുംതന്നെ ആഗ്രഹിക്കുന്നില്ല. കാരണം അവർ ഞങ്ങളുടെയും പരിശുദ്ധ മാതാവായ റോമാസഭയുടെയും ശത്രുക്കൾ ആകുന്നു. അവരൊഴികെ ആരെങ്കിലും വരട്ടെ. നിസ്സംശയം കീഴ്വഴങ്ങുന്നതിനു ഞങ്ങൾ സന്നദ്ധരാണ്." (Travancore State Manual II p. 814) ഈ എഴുത്തിൽനിന്നു തെളിയുന്നതും അഹത്തള്ളായെ കൂട്ടിക്കൊണ്ടുവരുവാനായി കൊച്ചിയിൽ എത്തിയ സുറിയാനിക്രിസ്ത്യാനികൾ കത്തോലിക്കാവിശ്വാസികളും മാർപ്പാപ്പായെ അനുസരിക്കുന്നതിൽ സദാ ജാഗരൂകരുമായിരുന്നു എന്നാണല്ലോ.

കപ്പിത്താൻ സുറിയാനിക്കാരുടെ ഈ അപേക്ഷയ്ക്കു അനുകൂലമായ മറുപടി നൽകാതെ അഹത്തള്ളായെ ഗോവായിലേക്കു കൊണ്ടുപോയി. ഈ വിഷമാവസരത്തിലാണു സുറിയാനിക്കാർ "മേലാൽ പറങ്കികളുടെ കീഴിൽ ഇരിക്കുന്നതല്ല" എന്നു പറഞ്ഞു കൂനൻകുരിശുസത്യം ചെയ്തതു്.

(ശേഷം അടുത്തതിൽ)

## പഴയനിയമത്തിലെ പുരോഗമനപരമായ

# ഒരു പ്രണയകഥ

(എൻ. എക്സ്. കുര്യൻ ബി. എ., ബി. എൽ.)

ആദം സുതർക്കു ലഭിയാതെ കളഞ്ഞു കഷ്ടം
ഏദൻറ സൗഖ്യമുപരാന്തിയതിന്നു നൽകാൻ
നാഥൻ, നരർക്കു നലമാം മരുർപ്പൂണ്ട വാടി
പൂതം വിവാഹവിധിയെക്കൊണ്ടു വിധേയമാക്കി.

ഇന്നത്തെ ജനങ്ങൾക്കു് കേൾക്കേണ്ടതു് പ്രണയകഥകളാണു്; പുരോഗമനപരമായ പ്രണയകഥകൾ. മാളികമുകളിൽ പട്ടുസാരിയും പരിധാനം പൂണ്ടു് മടിപിടിച്ചിരിക്കുന്ന മടവാർകളുടെ കഥകളല്ല, പാടത്തും പറമ്പുകളിലും വേലചെയ്തു്, വയലുകളിൽ പൊഴിഞ്ഞുവീഴുന്ന ധാന്യമണികൾ പെറുക്കിയെടുത്തു ഉപജീവിക്കുന്ന കർഷക കമനിമണികളുടെ പ്രണയകഥകളാണു് കേൾക്കേണ്ടതു്. ഇവ വല്ലതും ബൈബിളിൽ ഉണ്ടോ? മനസ്സിരുത്തി ബൈബിൾ വായിച്ചിട്ടുള്ളവർക്കു് കാണാം പാവപ്പെട്ടവരെങ്കിലും പാവനകളായ തൊഴിലാളിപ്പെൺകൊടികളുടെ പവിത്രപ്രണയകഥകൾ ചിലതു്.

അങ്ങനെയുള്ള ഒരു കഥയാണു് ബേത്‌ലഹേമിലെ മനോഹരയായ രൂത്തിൻറെ ഉപാഖ്യാനം. ബൈബിളിലെ ആശയത്തെ വിടാതെയും എന്നാൽ ഒരുകളിലും കാവ്യാചിതമായ കഥാപ്രസംഗപ്രതിപാദനരീതിയെ ആവശ്യംപോലെ അവലംബിച്ചും ആ കഥയെ സംഗ്രഹിച്ചും ഇവിടെ ഞാൻ രചിച്ചിരിക്കുന്നു.

പ്രതിഭയായി മഹാകവി വള്ളത്തോളിൻറെ കർഷകകാവ്യത്തിലെ ഒരു പദ്യം ഉദ്ധരിക്കാം.— (സാഹിത്യമഞ്ജരി അവസാനഭാഗത്തു്.)

a) "സർവ്വവ്യവസായത്തെക്കാൾ മുട്ടുമുന്നമേ—
മെത്ര നിർമ്മാല്യനും മറ്റത്തിലാം
നെഞ്ഞു കുളിർപ്പിക്കും ഒപാൻമല തൻചില
കണ്ടുഞാൻ നൽക്കറ്റക്കൂമ്പാരത്തെ".

ധാന്യങ്ങൾ കൊയ്തെടുത്ത കറ്റക്കൂമ്പാരങ്ങൾ സ്വന്തം മുറ്റത്തു കൂട്ടിയിരിക്കുന്ന കർഷകൻറെ മനസ്സിൽ ആനന്ദം ആക്കു് പൊങ്ങുന്നു. ഒരു കൃഷിയിലും നിർമ്മമമായ സൃഷ്ടികർമ്മം നൽകുന്ന ധാർമ്മികാനന്ദമാണു് അയാൾ ആസ്വദിക്കുന്നതു്. (The creative delight) ബൂസ്സ് ബേത്‌ലഹേമിലെ ഒരു കർഷകപ്രമുഖനായിരുന്നു. മറ്റത്തു സംഭരിച്ചിരുന്ന ധാന്യക്കറ്റകൾക്കിടയിൽ, ചെറിയ നിലാവുമാത്രം നൽകുന്ന സുഖമുള്ള ശയ്യയിൽ കിടന്നു ആനന്ദനിർവൃതി കൊണ്ടും ധാന്യങ്ങൾ സൂക്ഷിച്ചും ആ നിശാവേളയിൽ അങ്ങനെ അയാൾ ശയിക്കയായിരുന്നു. എന്നുമാത്രമല്ല പകലത്തെ പാവനപ്രയത്നം പ്രദാനംചെയ്ത ഉറക്കത്തിൻറെ സുഖം അയാൾ അനുഭവിക്കയുമായിരുന്നു. എന്നാൽ വിളവു സൃഷ്ടിക്കുന്ന കൃഷിഫലത്തിൻറെ നിറവു കൂടിയതിന്റെ ഉറക്കംപോലെയായിരുന്നില്ല. സമ്പാദ്യത്തിലും ധാന്യസമ്പത്തിലും മഹാ ധന്യനായ ബൂസ്സ് യൗവനം കഴിഞ്ഞിട്ടും ബ്രഹ്മചര്യവ്രതത്തെ നിർഭംഗം പാലിച്ചുപോന്നു. അയാൾ മാറ്റവാനാണോ? അതേ—അല്ല. അയാളുടെ ഏതോ ഒരു നന്മ നിമിത്തം ഒരു വിളംബമായിരുന്നു. ഒരു ഗൃഹസ്ഥാശ്രമിയുടെ അനുഭവങ്ങൾക്കു് നന്ദനമാകുന്ന സർവ്വഗുണങ്ങളുമായ ഒരു സഹധർമ്മിണിയുടെയും ആ പൊൻമലർ പോലെ പൂവിടുന്ന കുഞ്ഞുങ്ങളുടെയും അഭാവം അയാളുടെ അറകളിലും, മുറ്റത്തെ കറ്റകൾക്കിടയിലും എന്നെന്നേക്കും ഒരു ശൂന്യത നിറയ്ക്കുന്നു; അടച്ചിട്ടും ഉറക്കം കിട്ടാത്ത അവസ്ഥ അവശേഷിപ്പിച്ചിരുന്നു. ബൂസ്സിൻറെ പ്രണയപാത്രമായ ചേതസ്സിനെ തട്ടിയുണർത്തുക ഒരു എബ്രായവനിത അയാളുടെ മനോരഥത്തിൽ മനോജ്ഞചിന്തകൾ അങ്കുരിപ്പിക്കാതെ ഇരിക്കുമോ? എന്നാൽ നല്ലയിനം ലഭിക്കാനായിട്ടുള്ള

ആദിനം ഒരുകവരണം കാലത്തിൻറെ കല്യാണപുണ്യത. തൻറെ മനസ്സിനു യോജിച്ച ഒരു മനസ്വിനിയെ ദൈവം അടുത്തകാലത്തു് തൻറെ സമീപത്തേക്കു് ആനയിച്ചിട്ടുണ്ടു്. അവൾ കേവലം പാവപ്പെട്ടവളാണെങ്കിലും ചാരിത്രത്തിലും ചാതുര്യത്തിലും മഹാ സമ്പന്നയാണു്. തൻറെ വയലിൽ കൊയ്ത്തിനിടയ്ക്കു പൊഴിഞ്ഞുവീണ ധാന്യമണികൾ പെറുക്കി ശേഖരിച്ചു് തന്നെത്തന്നെയും നിരാലംബയായ നവോമിയെയും സംരക്ഷിച്ചുപോരുന്ന രൂത്തു മാത്രമാണു് തൻറെ മനോരഥത്തിനു് മാംഗല്യം ചാർത്തിയ മഹിളാരത്നം. എന്നാൽ അവളുടെ ചിത്തവൃത്തികൾ ഈ വിഷയത്തിൽ ഏതുവിധമായിരിക്കുമോ. അനുകൂലമല്ലാതെ വരാൻ ഇടയില്ല. രൂത്തിനെ സംബന്ധിച്ചു ഏതാണ്ടു വിധങ്ങളായ മനോജ്ഞചിന്തകളിലും മധുരസ്വപ്നങ്ങളിലും മനം മയങ്ങിക്കൊണ്ടാണു് ബൂസ്സ് കറ്റപ്പുറത്തു കിടന്നുറങ്ങിയതു്. സമയം അർദ്ധരാത്രിയായി. ബൂസ്സ് സ്വപ്നത്തിൽനിന്നും ഉണർന്നു. അങ്ങനെ ഉണരുവാൻ കാരണവും ഉണ്ടായിരുന്നു.

പൂർണ്ണിമാവു പൂണ്ട രാത്രി. നിഷ്കളങ്കമായ പരിണയാശയിൽ വരാന്വേഷണപരായണയായ വധു രൂപപ്പെട്ട ആ പുകളാർമതി, മാതാവിനെപ്പോലെയായ സഖിയുടെ ആജ്ഞയാൽ പരിസേവികയായി വിഹാരംചെയ്യുന്നു. അടുത്തുണ്ടായിരുന്ന വൃക്ഷശാഖകളിൽ ചേക്കേറിയിരുന്ന പക്ഷിഗണങ്ങൾ പ്രണയപ്രബന്ധങ്ങളായ കളകൂജനങ്ങളാൽ കല്യാണഗാനം മുഴക്കിക്കൊണ്ടിരുന്നു. പുതുധാന്യങ്ങളുടെ പുഷ്പൽമണം പരിസരങ്ങളിൽ പരിമളധോരണി പരത്തിയിരുന്നു. സുകുമാരപദങ്ങളായ ഈ സാഹചര്യങ്ങൾക്കിടയിൽ ഉറക്കം ഉണർന്ന ആ കാരുണ്യവാൻ തൻറെ പാദങ്ങളിൽ പതിഞ്ഞ കൃതജ്ഞതയുടെ കണ്ണുനീരുകളെ കേവലം കണ്ടു ഇതെന്തു എന്ന ആ കറ്റവാസകന്യകയെ നോക്കിക്കൊണ്ടു ചോദിക്കയാണു്:

"രാത്രിയിൽ അസമയത്തുവന്നു് എൻറെ പാദത്തിൽ ശയിക്കുന്നതാരാണു്?"

വിനീതയായ ഒരു വനിതാരത്നം ഇങ്ങനെ മറുപടി പറഞ്ഞു:

"പാവനമായ കൃതജ്ഞതാപ്രകടനത്തെ കാംക്ഷിക്കുന്ന ചിത്തം സ്ഥലമോ സമയമോ നോക്കാറുണ്ടോ? ഇതു് മറ്റാരുമല്ല. അവിടുത്തെ ധാന്യമണികൾ പെറുക്കിയെടുത്തു് ഉപജീവിക്കുന്ന മരുമകൾ രൂത്താണു്. എന്നുമാത്രമല്ല അവിടുത്തെ സംബന്ധിയും ഞാൻ മാത്രമായി വരിച്ചിരിക്കുന്ന മഹനീയമായ നവോമിയുടെ പ്രിയംകരിയായ നിയോഗമനുസരിച്ചു് ഈ നിശാവേളയിൽ അവിടുത്തെ പാദസേവ ചെയ്യുവാൻ ഞാൻ വന്നിരിക്കയുമാണു്." ദൈവം നിശ്ചയിച്ചിരിക്കുന്ന പവിത്രവിവാഹത്താൽ അനുഗ്രഹിക്കപ്പെടുവാൻപോകുന്ന സന്ദർഭത്തിൽ, പാവനമായ ബഹുമാനം ഒരു മനസ്സിനും പവിത്രമായ കൃതജ്ഞതാപ്രകടനം മറ്റൊരു മനസ്സിനും സമ്മേളിക്കുന്ന നിർമ്മലമുഹൂർത്തത്തിൽ മറ്റു കലുഷിതമായ ചിന്തകൾക്കോ അനുരാഗങ്ങൾക്കോ സ്ഥാനമുണ്ടോ?

ബൂസ്സ്: "സതീരത്നമായ രൂത്തേ! ചാരിത്രമാണ്ഡാകുഡ്മളമായി വരിച്ചിരിക്കുന്ന നിനക്കു് എൻറെ ബ്രഹ്മചാരിയുടെ ഏകാന്തമായ അന്തഃപുരത്തിലും പ്രവേശിക്കാം. നീ അനുകൂലയാണെങ്കിൽ ഏതോ ഒരു് ഒരു കാര്യം ഞാൻ പറയാം. യാതൊരു കാതരാക്ഷിയുടെയും കാതുകൾ എന്നിൽനിന്നും കേട്ടിട്ടില്ലാത്ത ഒരു പരമരഹസ്യം. നീ എൻറെ പാദത്തിൽ കിടക്കേണ്ടവളല്ല. ഞാൻ എടുത്തു് എൻറെ മാറിൽ അണിയേണ്ട മാണിക്യമാണു് നീ എന്നുള്ളതാകുന്നു:

(നന്മാേന്നത)

ചരണത്തിൽനിന്നല്ല
ശിരസ്സിൽനിന്നുമല്ല
കരളിൻറെ അന്തരംഗമായതിൽനിന്നും
പുരാപോലെയൊരസ്ഥി വീണ്ടു
മവിടത്താൻ പതിയേണം
പുരുഷൻറെ കാവ്യകൾ
നിറവാന്നിടാൻ."

രൂത്തു്: "നാഥാ, ഇതുകൂടെ കേൾക്കണമേ:

(താഥ)

b) ആഭിജാത്യപ്രേമം കണ്ടാൽ
വിരിയാതെ
പാദഭോജമുണ്ടോ പരത്തിനിന്നിടപ്പൂ?
ചോദിപ്രകാശത്തിൽ
ഉൾഫുല്ലമാകുവാൻ
ചോദിതമാകാത്ത ശുക്തിയുണ്ടോ?

അശരണയായ എനിക്കു് അവിടുന്നു് അശരണ്യനാണു്. ഞാൻ അവിടുത്തെ ബന്ധുമിത്രയാണു്, അങ്ങേക്കു അനുവദിക്കുന്ന എന്നെ അനുമന്ദ്രഃകൊടിനകൊണ്ടു് പുതപ്പിക്കണമേ."

സതീരത്നമായ രൂത്തിൻറെയും സമചാരനിരതനായ ബൂസ്സിൻറെയും മാനസികപരിണയം ഇങ്ങനെ ഏകാന്തപ്രശാന്തമായിക്കഴിഞ്ഞു. അടുത്തദിവസം തന്നെ അവരുടെ പാവനവിവാഹവും യഥാവിധി നിർവ്വഹിക്കപ്പെട്ടു.

a) സമ്പാദനീയമാനൃതരുടെ കളമുറ്റത്തു് കനകാമലസമാനയായ കളത്രവും അവരെപ്പോലെ പുലർത്തുന്ന മക്കളുംപോലെ ചെയ്തു കഞ്ഞുങ്ങൾ. വന്നു കളിയാടി കല്ലറിയിടും നിശ്ചയം.

b) ആഭിജാത്യപ്രേമം = വിജ്ഞാന
സൂര്യനായ ക്രിസ്തുവിൻറെ ആഗമനം.
ചോദിതപ്രകാശം = സ്വാതി, കല്യാണനക്ഷത്രം. "കാവ്യോല്പത്തി"വിധിപ്രകാരം ഇതിൻറെ ഉദയത്തിലാണു് വിവാഹസമ്മതം നൽകേണ്ടതു്. എന്നതിനാൽ എന്നാൽ

ശുക്തി = മുത്തുച്ചിപ്പിയിൽ മുത്തു് ഈ നക്ഷത്രോദയത്തിൽ ഉളവാകുന്നതുപോലെ ലോകത്തെ പ്രകാശിപ്പിക്കുന്ന ഉത്തമമുത്തായ ക്രിസ്തു രൂത്തിൻറെയും ബൂസ്സിൻറെയും ഒന്നിച്ചുള്ള സന്താനപരമ്പരയിൽ നിന്നാണല്ലോ ജനിക്കുന്നതു്.

—



## സ്നേഹഗാനം

(ഫാദർ കല്ലിസ്റ്റസ് ടി. ഒ. സി. ഡി. സെൻറ് ജോസഫ്സ് പ്രസ്സ്, എൽത്തുരുത്തു്, തൃശ്ശൂർ വില 8 ണ. പേജ് 60+25.)

മരുഷ്യനാവിനെ ഒരു മണവാട്ടിയായിട്ടും തൻസ്രഷ്ടാവിനെ മണവാളനായും സങ്കല്പിച്ചുകൊണ്ടു് പതിനാറാം നൂറ്റാണ്ടിൻറെ മദ്ധ്യത്തിൽ പുണ്യകവിയായ യോഹന്നാൻ ക്രൂസ് The Spiritual Canticle എന്നൊരു കാവ്യകൃതി രചിച്ചു അതിൻറെ മലയാളവിവർത്തനമാണു്, ഫാദർ കല്ലിസ്റ്റസിൻറെ സ്നേഹഗാനം. ഇന്നത്തെ സമ്പ്രദായമനുസരിച്ചു്, 'പ്രേമഗാനം' എന്നുതന്നെ ഇപ്പുസ്തകത്തിനു പേരുകൊടുക്കാമായിരുന്നു. ദൈവവും മനുഷ്യനും തമ്മിലുള്ള സല്ലാപത്തിനു 'പ്രേമ'മെന്ന സ്നേഹത്തേക്കാൾ ഉചിതം. വൻ ഈ ശബ്ദമായതുകൊണ്ടായിരിക്കണം സ്നേഹമെന്ന പദം കവി ഉപയോഗിച്ചിരിക്കുന്നതു്. 'പ്രണയ'വും 'പ്രേമ'വുമെല്ലാം സൃഷ്ടികൾ തമ്മിലാണെന്നും, ഈശ്വരനോടു 'സ്നേഹ'മേ ഉണ്ടാകാവൂ എന്നുമായിരിക്കാം അദ്ദേഹത്തിൻറെ അഭിമതം. പക്ഷേ, കവിസങ്കല്പമല്ലേ, ആത്മാവു വധുവും, തൽസ്രഷ്ടാവു് വരനുമാണെന്നുള്ളതുകൊണ്ടു് 'പ്രേമഗാനം' എന്ന പേരു സമുചിതമാണെന്നു തോന്നുന്നു.

ഈശങ്കപ്പെയവർക്കുള്ള തനിമാവം
പേരുകേട്ടതാം പ്രേമപൂരം
ഉള്ളിൽ നിറഞ്ഞുവഴിഞ്ഞു പുറത്തേക്ക
തള്ളിയൊഴുകി തൽകണ്ണുനീർ"
(വള്ളത്തോൾ)

മഗ്ദലനമറിയം ഭക്തിപരവശയായിരുന്നു. അവളുടെ ധ്യാനോപഭോഗത്തിനു തന്നെ അന്തരംവന്നു. ലോകപാപപരോക്ഷങ്ങളിലായിരുന്ന അവളുടെ പ്രണയസാഗരത്തിൽ ഭക്തിപാരവശ്യത്തിൻറെ തിരമാലകൾ വെട്ടിയപ്പോൾ, പാപബോധം മറിയയിൽ പരിവർത്തനമുള്ളവാക്കി. രതി, രാഗം, പ്രണയം ഇത്യാദി നാമധേയങ്ങൾ തമ്മിൽ അല്പാല്പാന്തരമേയുള്ളു വാസ്തവത്തിൽ. സെയിൻറ് അഗസ്റ്റിൻ, സെയിൻറ് ഫ്രാൻസിസ് അസ്സിസി, അവിലായിലെ സെയിൻറ് ത്രേസ്യാ ഇടങ്ങിയുള്ള ഭക്തജനങ്ങളുടെ കൃതികൾ പാരായണം ചെയ്യുമ്പോഴും, ശേലനമാർത്തിനു് ക്രിസ്തുദേവനോടു് തോന്നിയ പ്രേമവും മഞ്ജുമായ അഭിനിവേശവും ആണു് അവരുടെ പശ്ചാത്താപത്തിൻറെയും ഭക്തിപാരമ്യത്തിൻറെയും മൂലഫലകമെന്നു്.

ക്ലേശസമ്പൂർണ്ണമായ ഒരു ജീവിതം നയിച്ചു് മൊറാഞ്ചാണകളുടെ സാഗരത്തിൽ കഴുത്തോളംമുങ്ങി, സ്വേച്ഛയേയും അവഹേളനപാത്രമായി അനുവദിച്ചുകൊണ്ടു് ജീവിതം മുഴുകി, ഒരു "ഭ്രാന്ത"നായിത്തീർന്നു മൂലകവി. ഫ്രാൻസിസ് തോംസണും ഏതാണ്ട് ഇതുപോലെ ചെയ്ത ഒരു കവിയായിരുന്നു അദ്ദേഹത്തിന്റെ ഭാവം. ഇന്നാണു ഒരാൾ മഹാപുണ്യവാൻ, അപരൻ ഒരു മഹാകവിയും!

"സ്നേഹമാർന്നെൻ വല്ലഭൻറെ തൃക്കരം ചേർച്ച
മോഹനവനങ്ങളേ, ഒക്കുമ്മേ നീ
രന്തം
പൂചണിഞ്ഞ നീരുനീരുറ വെള്ളിപ്പു
ശിന്നല്ലാം
ഫുല്ലസുമലാലസിത ശാദ്വലങ്ങളേ,
ചൊൽ
സുന്ദരകളേബരനാമെന്നുടെ മണാളൻ
വന്നുവഴിയെ കടന്നകന്നു
പോയോ?"

കാളിദാസൻ, ഷേക്സ്പിയർ എന്നിവരിശേഷമഹാകവികളുടെ കൃതികളിലെ കഥാപാത്രങ്ങളെ അനുസ്മരിപ്പിക്കുന്ന പ്രസ്തുത കാവ്യഖണ്ഡം, മൂലകവിയുടെ ആശയത്തിനനുരൂപമായവിധം നിബന്ധിച്ചിരിക്കുന്ന വിവർത്തകൻറെ പ്രാഗത്ഭ്യം അഭിനന്ദനാർഹമാണു്. പണ്ഡിതനും ചിന്തകനുമായ ഒരു വാസനാകവിയുടെ സർവ്വലക്ഷണങ്ങളും ഫാദർ കല്ലിസ്റ്റസ് സ്നേഹഗാനത്തിൽ പ്രകടിപ്പിച്ചിട്ടുണ്ടെന്നു കാണുന്നതിൽ സന്തോഷിക്കുന്നു. ഫാദർ കല്ലിസ്റ്റസ് ആകെ 40 പദ്യങ്ങളാണു് വിവർത്തനം ചെയ്തിരിക്കുന്നതു്. ഈ നാല്പതു ശ്ലോകങ്ങളിലേയും ഗൂഢാർത്ഥങ്ങളും വ്യാഖ്യാനങ്ങളും സുന്ദരസാന്ദ്രമായ ഗദ്യത്തിൽ ആവിഷ്കരിച്ചിരിക്കുന്നു.

മണവാട്ടിയുടെ ഭാഷണം "കാന്തി"ദാനത്തിലും മണവാളൻറേതു മഞ്ജുമാധുര്യത്തിലും ചെയ്തിരിക്കുന്നതു് ശ്ലാഘാർഹമാണു്. കേരളീയഭക്തജനങ്ങളുടെ സ്വീകരണത്തിനായിട്ടാണു സ്നേഹഗാനം ഗ്രന്ഥകർത്താവു് സമർപ്പിച്ചിട്ടുള്ളതു്. ഇതും സമുചിതം തന്നെ. ഫാദർ കല്ലിസ്റ്റസ് തന്നെ, യോഹന്നാൻക്രൂസ് പുണ്യവാൻറെ The Dark Night എന്ന വിശിഷ്ടകൃതിയും അചിരേണ വിവർത്തനംചെയ്തു കേരളീയരെ അനുഗ്രഹിക്കണമെന്നുള്ള അഭ്യർത്ഥനയോടുകൂടി വിരമിക്കട്ടെ.

ഒരു വാക്കുകൂടി.

തൊട്ടുന്നതിനെ മുൾപ്പെട്ട
അതിനെക്കി—
ലെന്നുള്ളകൊണ്ടെൻ പ്രാണനാഥാ! സഹ
ചാരമാകുന്നില്ല!

ഇതയിടെങ്കിൽ, മേല്പത്തൂരിൻറെ നാരായണീയത്തിലേയും ചെറുശ്ശേരിയുടെ കൃഷ്ണഗാഥയിലേയും ഭക്തിപാരമ്യം അനുവാചകരിലുളവാക്കിയെങ്കിൽ അത്ഭുതത്തിനു വകയില്ല!

(സി. കെ. എം.)

നിരാശപ്പെടേണ്ട!!
നിങ്ങളുടെ രോഗത്തിന് എത്ര പഴക്കമുണ്ടായാലും വിരോധമില്ല; രോഗലക്ഷണങ്ങളുടെ മൂലകാരണങ്ങളും പ്രതിവിധികളും കണ്ടുപിടിക്കുവാൻ
500 പേജുള്ള
"അറിയേണ്ടും കാര്യങ്ങൾ"
എന്ന പുസ്തകം നിങ്ങളെ സഹായിക്കും. വില 2 ക. മാത്രം.
കൂടുതൽ വിവരങ്ങൾക്ക് എഴുതുക:
മാനേജർ, കാളൻ, നെല്ലായി P.O.

# വിമർശനവീഥി

## "കൗമുദി"യുടെ ആക്രോശം

"രണ്ടാം വസന്തത്ത്" എന്ന ശീർഷകത്തിൽ "ദീപിക" പ്രസിദ്ധപ്പെടുത്തിയ മുഖപ്രസംഗത്തിനെതിരായി "കേരളകൗമുദി" അസംബന്ധജടിലവും വിദ്വേഷജടിലവുമായ ഒരാക്രോശം നടത്തിയിരിക്കുന്നു. ഭാരതത്തെ ക്രിസ്തുധർമ്മത്തിലേക്കാകർഷിക്കാൻ കത്തോലിക്കരോടുള്ള ദീപികയുടെ ആഹ്വാനത്തെ തെറ്റായി തെറ്റിദ്ധരിക്കുകയും തെറ്റിദ്ധരിപ്പിക്കുകയും ചെയ്തുകൊണ്ട് കൗമുദി ഇപ്രകാരം കാട്ടുകയാണ്:-

"ഭാരതത്തിൽ ക്രൈസ്തവരുടെ ജനസംഖ്യ ഒരു കോടിയിൽപ്പരം മാത്രമാണ്. അതിന്റെ നാലിൽ ഒന്നു കേരളത്തിലാണ്. വടക്ക് മുസ്ലീംരാഷ്ട്രമായ പാകിസ്ഥാൻ "ഒരു വിശുദ്ധയുദ്ധ"ത്തിന്റെ പടഹധ്വനി മുഴക്കുമ്പോൾ തെക്ക് മറ്റൊരു കരിശുയുദ്ധത്തിന്റെ തമ്പേറ് മുഴക്കുകയാണ് കത്തോലിക്കാമേധാവികൾ ചെയ്തിരിക്കുന്നത്. ഭാരതത്തെ ഒരു ദ്വിമുഖാക്രമണത്തിനു വിധേയമാക്കുവാനുള്ള കോപ്പുകൂട്ടലാണോ ഇതെന്നു? കമ്മ്യൂണിസ്റ്റുകാർ ഇന്ത്യയെ ഒരു വിദേശശക്തിക്ക് അടിയറവയ്ക്കുന്ന രാജ്യദ്രോഹികളാണെങ്കിൽ, കത്തോലിക്കാമേധാവികൾ ഭാരതത്തെ മറ്റൊരു വിദേശശക്തിക്ക് അടിയറവയ്ക്കാൻ വെമ്പൽകൊള്ളുന്ന മറ്റൊരുതരം രാജ്യദ്രോഹികളാണ്. ഭാരതസ്വാതന്ത്ര്യത്തിന്റെ പേരിൽ ലിക്വിഡേറ്റ് ചെയ്യപ്പെടേണ്ടവരാണെങ്കിൽ, ആ ഏകകാരണത്താൽ ഇരുകൂട്ടരും ലിക്വിഡേറ്റ് ചെയ്യപ്പെടേണ്ടവർ തന്നെയാണ്."

ക്രിസ്ത്യമിഷനറിമാരോട് പൊതുവിലും കത്തോലിക്കാമേധാവികളോടു പ്രത്യേകിച്ചും ഉള്ള വിദ്വേഷവും അസഹ്യതയും നിറഞ്ഞിരിക്കുന്ന ഈ ജല്പനങ്ങളുടെ ഫലപ്രദമായ ഖണ്ഡനം ഭാരതത്തിലെ നിഷ്പക്ഷബുദ്ധികളും ഉത്തരവാദബോധമുള്ളവരുമായ നേതാക്കന്മാരുടെ അഭിനന്ദനവചസ്സുകളാകുന്നു. ആകയാൽ അവർ അടുത്തകാലത്തു ക്രൈസ്തവമിഷനറിമാരെപ്പറ്റി പ്രകാശിപ്പിച്ചിട്ടുള്ള അഭിപ്രായങ്ങളിൽ ചിലതു താഴെ ഉദ്ധരിക്കാം.

### രാജപ്രമുഖൻ തിരുമനസ്സിലെ അഭിനന്ദനവചസ്സുകൾ

ഇക്കഴിഞ്ഞ ഡിസംബർ 11-ാംനു- അഖിലലോക ക്രൈസ്തവയുവജനസമ്മേളനം കോട്ടയത്തുവച്ച് ഉൽഘാടനം ചെയ്തുകൊണ്ട് തിരു-കൊച്ചി രാജപ്രമുഖൻ തിരുമേനി ക്രൈസ്തവമിഷനറിമാരുടെ രാജ്യസേവനത്തെ അഭിനന്ദിച്ചതിങ്ങനെയാണ്:-

"ഈ സമ്മേളനത്തിന്റെ രംഗമായി ഈ സംസ്ഥാനം തിരഞ്ഞെടുക്കപ്പെട്ടതിൽ ഞാൻ പ്രത്യേകം ചാരിതാർത്ഥനായിരിക്കുന്നു. കാരണം, സെന്റ് തോമസും സെന്റ് സേവ്യറും ഈ രാജ്യം സന്ദർശിച്ച കാലംമുതൽ തിരുവിതാംകൂറിനു ക്രിസ്തുമതവുമായി ഉറ്റസമ്പർക്കമുണ്ട്. ഇപ്പോൾ ഈ സമ്മേളനം കൂടിക്കൊണ്ടിരിക്കുന്ന കോട്ടയംപട്ടണം ഈ സംസ്ഥാനത്തെ ഏറ്റവും പഴക്കംകൂടിയതും സുസ്ഥാപിതവുമായ ക്രൈസ്തവകേന്ദ്രങ്ങളിലൊന്നാണ്. ഈ സംസ്ഥാനത്തിലെ വിവിധമതങ്ങൾ തമ്മിൽ മഹത്തായ സഹിഷ്ണുതയും ആദരവും പരസ്പരധാരണയും പുലർത്തിപ്പോന്നതിന്റെ ഫലമായി, ഈ സംസ്ഥാനത്തിൽ വന്നുചേർന്ന ക്രൈസ്തവമിഷനറിമാർക്ക് ഈ സംസ്ഥാനത്തിലെ ജനതയുടെ സാമ്പത്തികവും സാമൂഹ്യവുമായ പുരോഗതിക്കു സഹായകമായ വിവിധപ്രവർത്തനങ്ങളിൽ സ്വയം വ്യാപരിക്കുവാൻ അനായാസേന സാധിച്ചു. ഇംഗ്ലീഷ് വിദ്യാഭ്യാസത്തിന്റെ സമാരംഭത്തിനും അഭിവൃദ്ധിക്കുംവേണ്ടി ഈ സംസ്ഥാനത്തിലെ ക്രൈസ്തവമിഷനറിമാരും ക്രൈസ്തവസംഘടനകളും നൽകിയിട്ടുള്ള മഹത്തായ സംഭാവനയെപ്പറ്റി ഈ അവസരത്തിൽ ഞാൻ പരാമർശിക്കുന്നത് അപ്രസക്തമായിരിക്കുകയില്ല. സംസ്കാരസമ്പന്നതകൊണ്ടും പാരമ്പര്യംകൊണ്ടും അനുഗൃഹീതരായ നമ്മുടെ ജനതയ്ക്ക് ആ ഇംഗ്ലീഷ് വിദ്യാഭ്യാസംകൊണ്ടുള്ള പ്രയോജനം പൂർണ്ണമായ അളവിൽ ലഭിച്ചിട്ടുണ്ട്. ഈ നേട്ടങ്ങൾമൂലം ഇന്ത്യയിലെ ഏറ്റവും അഭ്യസ്തവിദ്യരായ ഒരു ജനത എന്ന പ്രശസ്തി വളരെ പഴയ കാലംമുതൽതന്നെ നാം ആർജ്ജിക്കുകയും ചെയ്തു. അങ്ങനെയുള്ള ഒരു സ്ഥലത്തേക്കാണ് നിങ്ങളെല്ലാ—ഈ സമ്മേളനത്തിൽ പങ്കുകൊള്ളാനായി വിവിധരാജ്യങ്ങളിൽനിന്ന് ബഹുദൂരം യാത്രചെയ്തു വന്ന നേതാക്കന്മാരേയും പ്രതിനിധികളേയും—സ്വാഗതംചെയ്യുന്നതിനുള്ള ഭാഗ്യം എനിക്കിപ്പോൾ സിദ്ധിച്ചിരിക്കുന്നു. ഇന്നു ലോകത്തിലെ യുവജനങ്ങളെ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾക്കു ശരിയായ പരിഹാരം കണ്ടുപിടിക്കാനുള്ള ഉൽക്കണ്ഠയാണ് അവരുടെ സാന്നിദ്ധ്യം തെളിയിക്കുന്നത്. ഈ സമ്മേളനം കഴിഞ്ഞ് അവർ തിരിച്ചുപോകുമ്പോൾ വിവിധരാജ്യങ്ങൾതമ്മിൽ കൂടുതൽ ധാരണയും സഹകരണവും ഉണ്ടാക്കുന്നതിനുവേണ്ടി അവർ പരിശ്രമിക്കുമെന്നും, സ്വയം ജീവിക്കുകയും മറ്റുള്ളവരെ ജീവിക്കാൻ അനുവദിക്കുകയും ചെയ്യുക എന്ന മനോഭാവം പ്രസംഗത്തിൽ മാത്രമല്ല പ്രവൃത്തിയിലും പ്രകടമാകുന്ന ഒരു സ്ഥിതിയിലേക്ക് മനുഷ്യരാശി കാലക്രമേണ പുരോഗമിക്കുന്നതു കാണുവാനുള്ള ഭാഗ്യം നമുക്കു സിദ്ധിക്കുമെന്നും ന്യായമായി പ്രതീക്ഷിക്കാം."

### തിരുമനസ്സിലെ ചങ്ങനാശ്ശേരിയിലെ പ്രസംഗം

ഇക്കഴിഞ്ഞ ഡിസംബർ 10-ാംനു- ചങ്ങനാശ്ശേരിയിലെ സെന്റ് ബെർക്കുമാൻസ് കോളേജിന്റെ സയൻസ് പ്രദർശനം ഉൽഘാടനം ചെയ്തുകൊണ്ട് രാജപ്രമുഖൻ തിരുമേനി അരുളിച്ചെയ്ത അഭിനന്ദനവചസ്സുകളും ഉദ്ധരിക്കാം:-

"നിങ്ങൾ ശരിയായി (മാതൃപത്രത്തിൽ) ചൂണ്ടിക്കാണിച്ചതുപോലെ മഹാസ്മരണാർഹനായ ശ്രീമൂലം തിരുനാൾ തിരുമനസ്സുകൊണ്ട് സെന്റ് ബെർക്കുമാൻസ് കോളേജിന്റെ അഭ്യുന്നതിയിലും പുരോഗതിയിലും അത്യന്തം താല്പര്യം പ്രകടിപ്പിച്ചിരുന്നു. ഈ ആഘോഷങ്ങളിൽ പങ്കുകൊള്ളുന്നതിന് ഞങ്ങളെ (തിരുമേനിയേയും മഹാറാണിയേയും) ക്ഷണിച്ചതിൽ ബിഷപ്പ് തിരുമേനിയോടും ഈ ചടങ്ങിന്റെ ഭാരവാഹികളോടും ഞങ്ങൾ കൃതജ്ഞരായിരിക്കുന്നു. ഈ കോളേജിന്റെ വളർച്ചയെ ഞങ്ങൾ കൗതുകപൂർവ്വം വീക്ഷിച്ചുകൊണ്ടിരിക്കുന്നു. ഇതിന്റെ ആരംഭംമുതൽ അനന്തരം ചങ്ങനാശ്ശേരി ബിഷപ്പും പ്രത്യേകിച്ച് ഫാദർ പുരയ്ക്കലും ഈ സ്ഥാപനത്തിന്റെ പുരോഗതിയെപ്പറ്റി ഞങ്ങളെ അപ്പഴപ്പോൾ അറിയിച്ചുകൊണ്ടിരുന്നു. ഈ സ്ഥാപനത്തെ അതിന്റെ എളിയ ആരംഭത്തിൽനിന്ന് ഏറ്റവും ബലിഷ്ഠവും വിശാലവുമായ അടിസ്ഥാനത്തിൽ ഉയർത്തുന്നതിന് സഹായിച്ച റവ. ഫാദർ പുരയ്ക്കലിന്റെ നിസ്വാർത്ഥസേവനങ്ങളെ ഈ അവസരത്തിൽ സ്മരിക്കുന്നത് അപ്രസക്തമല്ലല്ലോ. ഈ സ്ഥാപനത്തിലെ വിദ്യാർത്ഥികളിൽ പ്രകടമാകുന്ന അച്ചടക്കബോധത്തിനും സൗഹൃദമനോഭാവത്തിനും കാരണം മുഖ്യമായും, ഈ കോളേജിലെ വിദ്യാർത്ഥികളുടെ മേൽനോട്ടത്തിലും സ്വഭാവരൂപവൽക്കരണത്തിലും ചങ്ങനാശ്ശേരിയിലെ ബിഷപ്പുമാർ നേരിട്ടു താല്പര്യം പ്രകടിപ്പിച്ചിരുന്നു എന്നുള്ളതാണ്. അവിച്ഛിന്നമായ പുരോഗതിയുടെ സമാധാനകാലഘട്ടത്തോടുകൂടിയ നമ്മുടെ സംസ്ഥാനത്ത് സൗമനസ്യവും പരസ്പരസഹിഷ്ണുതയും ജനങ്ങളുടെ ദൈനംദിനജീവിതത്തിലെ ഭാഗമായിത്തീർന്നിരിക്കുന്നു. അതുകൊണ്ട് കോളേജ് അധികൃതർ പ്രകടിപ്പിക്കുന്ന വാത്സല്യപൂർവ്വകവും രക്ഷാപരവുമായ മനോഭാവത്തെ വിദ്യാർത്ഥികൾ ആദരപൂർവ്വം വിലമതിക്കുന്നതിൽ അതിശയിക്കാനില്ല. കാരണം, അമ്മാതിരിയുള്ള മനോഭാവം ഇതരദൃഷ്ടികൊണ്ടുള്ള ശിക്ഷണത്തേക്കാൾ കൂടുതൽ ഫലപ്രദമായിരിക്കും. ഈ കോളേജ് അതിന്റെ ചുമതലകൾ അഭിമാനാർഹമായി അങ്ങനെ നിർവ്വഹിച്ചുപോന്നു. തിരുവിതാംകൂറിന്റെ പ്രശസ്തതനയരിൽ പലരും വേണ്ടത്ര യോഗ്യതകൾ സമ്പാദിച്ചുകൊണ്ട് ഭാവിയിൽ ചുമതലകൾ വഹിക്കേണ്ടവർക്കാവശ്യമായ ഗുണങ്ങൾ—പൊതുഗുണത്തിനുവേണ്ടി പ്രവർത്തിക്കാനുള്ള കഴിവും ഇതരരുടെ ആശയങ്ങൾ മനസ്സിലാക്കാനുള്ള സന്നദ്ധതയും—നേടിക്കൊണ്ട് ഈ കലാലയകവാടം കടന്നുപോയിട്ടുണ്ട്."

### മദ്രാസ് ഗവർണ്ണരുടെ അഭിനന്ദനം

കഴിഞ്ഞ ഒക്ടോബർ 28-ാംനു- തിരുച്ചിറപ്പള്ളിയിലെ (തൃശ്ശിനാപ്പള്ളി) സെന്റ് ജോസഫ്സ് കോളേജിലെ സമ്മാനദാനച്ചടങ്ങിൽ അദ്ധ്യക്ഷതവഹിച്ചുകൊണ്ട് മദ്രാസ് ഗവർണ്ണർ ശ്രീപ്രകാശ് ഉച്ചരിച്ച വാക്കുകളും ഉദ്ധരണീയംതന്നെ.

"ഈ രാജ്യത്തിൽ ക്രൈസ്തവമിഷനറിമാരുടെ പ്രവർത്തനങ്ങൾ എന്റെ ചെറുപ്പകാലംമുതൽ എനിക്കറിവുള്ളതാണ്. നമ്മുടെ രാജ്യത്തിന്റെ വിവിധങ്ങളും വിദൂരങ്ങളുമായ ഭാഗങ്ങളിൽ അവർ സ്ഥാപിച്ചിട്ടുള്ള മഹത്തായ സ്കൂളുകളുടേയും കോളേജുകളുടേയും ഡിസ്പെൻസറികളുടേയും ആസ്പത്രികളുടേയും കാര്യത്തിലും, അവ കെട്ടിപ്പടുക്കുവാൻ അവർക്ക് സഹായകമായിരുന്ന അവരുടെ ത്യാഗസന്നദ്ധതയിലും ഉള്ള അത്ഭുതാവഹമനങ്ങളാൽ എന്റെ ഉള്ളു നിറഞ്ഞിരിക്കുകയാണ്. ഈ രാജ്യത്തിൽ ജനിക്കാത്തവരും ഇവിടെ സേവനംചെയ്യാൻ മറ്റു ദേശങ്ങളിൽനിന്നു വന്നിട്ടുള്ളവരുമായ മിഷനറിമാർ ഇന്ത്യൻ സ്വാതന്ത്ര്യത്തിന്റെ കാഹളധ്വനി സ്വാഗതം ചെയ്യുകയാണുണ്ടായത്. മറ്റൊരു രാജ്യത്തിന്റെ വിധേയത്വത്തിൽ കഴിഞ്ഞിരുന്ന ആർക്കും സ്വാതന്ത്ര്യം പ്രിയംകരമായ സംഗതിയാണ്. ഈ സ്വാതന്ത്ര്യത്തിലേക്ക് നമ്മെ ആനയിക്കുവാൻ സഹായിച്ച ക്രൈസ്തവമിഷനറിമാരോടുള്ള അഭിനന്ദനം ഇവിടെ പ്രകാശിപ്പിക്കുവാൻ എനിക്കു സന്തോഷമുണ്ട്. ഇന്ത്യയിൽ ഇംഗ്ലീഷ് വിദ്യാഭ്യാസത്തിന്റെ ആദ്യപ്രവർത്തകർ അവരുടെ സ്ഥാപനങ്ങളിലെ വിദ്യാർത്ഥികൾക്ക് സ്വന്തം മാതൃകയാൽ രാഷ്ട്രീയസ്വാതന്ത്ര്യത്തിന്റെ മഹത്തായ ആദർശം പ്രദാനംചെയ്തു. അവർ നിർവ്വഹിച്ച ജോലിയിൽ അഭിമാനിക്കുവാനും ആനന്ദിക്കുവാനും, ആകയാൽ, നിങ്ങളുടെ സ്ഥാപനങ്ങൾക്ക് ന്യായമുണ്ട്. ഒരു ശതാബ്ദത്തിലധികം നിർവ്വഹിച്ച ആ ജോലി ഈ രാജ്യത്തിനു സ്വാതന്ത്ര്യം നൽകിക്കൊണ്ട് സഫലമാവുകയും ചെയ്തു." തന്റെ നാടായ ഉത്തരപ്രദേശത്തു ജസ്റ്റീസ് ബെഡീർ സ്ഥാപിച്ചിട്ടുള്ള വിദ്യാസ്ഥാപനങ്ങളുമായി തനിക്കു സമ്പർക്കമുണ്ടായിട്ടില്ലെന്നു സൂചിപ്പിച്ചുകൊണ്ട് ശ്രീപ്രകാശ് ഇങ്ങനെ തുടർന്നു— "ഞാൻ പറയുന്നതിനു നിങ്ങൾ ക്ഷമിക്കുമെന്നു ഞാൻ പ്രത്യാശിക്കുന്നു. എനിക്ക് പരിചയപ്പെടുവാൻ സന്ദർഭമുണ്ടായ സർവ്വകലാശാലകൾ, പ്രത്യേകിച്ചും എന്റെ സ്വന്ത രാജ്യത്തിനു വെളിയിലുള്ള സർവ്വകലാശാലം, ക്രൈസ്തവചരിത്രത്തെപ്പറ്റി വികൃതമായ ഒരു വീക്ഷണമാണ് എനിക്കു നൽകിയതു്. അക്കാരണത്താൽ നിങ്ങളുടെ സമൂഹത്തിലെ ആളുകൾക്കെതിരായി എനിക്കു ദുർവിധിയുണ്ടായിരുന്നു (ചിരി) ആകയാൽ ഇവിടെ വരാൻ എന്നോടാവശ്യപ്പെട്ടപ്പോൾ, ഞാൻ ഇവിടെ ഏതുതരം [illegible]ജീവികളെയാണ് കാണാൻപോകുന്നതെന്ന് എനിക്കു നിശ്ചയമില്ലായിരുന്നു. (ചിരി) കുറെ കാലംമുമ്പ് ഒരു മിഷനറിയെ സന്ദർശിക്കുവാൻ എനിക്കവസരമുണ്ടായി. ഞാൻ കണ്ടുമുട്ടാൻപോകുന്ന ആൾ ഏതുതരക്കാരനായിരിക്കും എന്നുള്ള ഭയം എനിക്കുണ്ടായിരുന്നെങ്കിലും വളരെ സ്നേഹയോഗ്യനായ ഒരു മിഷനറിയെ കണ്ടുമുട്ടിയപ്പോൾ ആനന്ദകരമായ ആശ്ചര്യമാണെനിക്കുണ്ടായത്. ഗ്രന്ഥസമ്പന്നമായ ഒരു ലൈബ്രറി അദ്ദേഹം കാണിച്ചുതന്നു. താനും തന്റെ സഹകാരികളും ആ സ്ഥലത്തു ചെയ്യുന്ന വേലയെപ്പറ്റി അദ്ദേഹം എന്നോടു പറഞ്ഞു. [illegible] അദ്ദേഹം എന്നെ സ്വീകരിച്ചു. മിഷനറിമാർ അവിടെ ചെയ്യുന്ന ആശ്ചര്യകരമായ വേല കണ്ട് ഞാൻ അത്ഭുതപൂർണ്ണനായി. വിദേശങ്ങളിൽനിന്നുള്ള മിഷനറിമാർ ഈ രാജ്യത്ത് ഒത്തിണങ്ങിപ്പോകുന്നതും അതിന്റെ ഫലമായി ഒരു ശതാബ്ദത്തിലധികം സേവനം ചെയ്ത് അഭിവൃദ്ധിപ്രമുഖമായ ഇത്തരം സ്ഥാപനം നടത്തുവാൻ അവർക്ക് സാധ്യമാവുന്നതും ആനന്ദകരംതന്നെ. ഒരു ശതാബ്ദകാലത്തിലധികം നിങ്ങൾ ചെയ്ത സേവനത്തോടു കിടപിടിക്കുന്നതെന്ന് അവകാശപ്പെടുവാൻ അർഹതയുള്ള പല സ്ഥാപനങ്ങൾ ഈ രാജ്യത്തുണ്ടെന്നു എനിക്കറിഞ്ഞുകൂടാ." ചരിത്രസംഭവങ്ങളുടെ നിയമേനയുള്ള റിക്കാർഡ് സൂക്ഷിച്ചുപോന്നതിൽ കോളേജിനെ ശ്രീപ്രകാശ് അഭിനന്ദിക്കുകയും ആ വാസന വർദ്ധിച്ചുവരണമെന്ന് പ്രത്യാശിക്കുകയും ചെയ്തു. "എന്നാൽമാത്രമേ ഭൂതകാലചരിത്രം നഷ്ടപ്പെട്ടതുപോലെ വർത്തമാനകാലത്തിലെ ചരിത്രം നഷ്ടപ്പെടാതിരിക്കുകയുള്ളു. നമ്മുടെ ചരിത്രം പ്രസിദ്ധം ചെയ്യുകയും നമ്മുടെ സംസ്കാരം നമുക്കുവേണ്ടി പരിരക്ഷിക്കുകയും ചെയ്ത യൂറോപ്യൻ പണ്ഡിതന്മാരുടെ നേർക്ക് നിങ്ങളും ഞാനും കൃതജ്ഞരായിരിക്കേണ്ടതാണ്. മദ്രാസിൽനിന്നും മറ്റിടങ്ങളിൽനിന്നും മാറണമെന്ന് എന്നോടാവശ്യപ്പെട്ടാൽ തിരുച്ചിറപ്പള്ളിയിലായിരിക്കും മദ്രാസ് സംസ്ഥാനത്തിന്റെ തലസ്ഥാനം ഞാൻ സ്ഥാപിക്കുക (ഹർഷാരവം). ഈ സ്ഥാപനത്തിലെ അദ്ധ്യാപകർ അവിവാഹിതരായിരിക്കുന്നതിനാൽ സ്വഗൃഹത്തെപ്പറ്റിയുള്ള ചിന്ത അവരെ ഒരിക്കലും അലട്ടില്ല." ആ സ്ഥാപനത്തിന്റെ [illegible] നയിച്ച സ്വയംപരിത്യാഗികളായ മിഷനറിമാരുടെ സുദീർഘമായ ശൃംഖലയെ വിദ്യാർത്ഥികളെ അനുസ്മരിപ്പിച്ചശേഷം ഗവർണ്ണർ അവരെ ഉദ്ബോധിപ്പിച്ചു, ആ മിഷനറിമാരുടെ മാതൃക അനുസരിച്ചു സൽസ്വഭാവവും നല്ല നടത്തയും തങ്ങളിൽ പരിപോഷിപ്പിക്കുവാൻ അവർ ശ്രമിക്കണമെന്ന്.

1952 ആഗസ്റ്റ് 19-ാംനു- യംഗ്മെൻസ് ക്ലബ്ബിന്റെ ഒരു യോഗത്തിൽ ശ്രീപ്രകാശ് ക്രിസ്ത്യൻ മിഷനറിമാരുടെ സേവനങ്ങളെ മുക്തകണ്ഠം അഭിനന്ദിച്ചുകൊണ്ട് ഉച്ചരിച്ച ഈ വാക്കുകളും ശ്രദ്ധേയമാണ്:—

"ആധുനിക നാഗരികത, നിങ്ങൾ അതിനെ പാശ്ചാത്യം എന്നോ യൂറോപ്യൻ എന്നോ വിളിച്ചാലും, ക്രിസ്തീയ വിശ്വാസത്തിന്റെയും ക്രിസ്തീയചിന്ത-

തൈക്കാട്ട് മൂസ്സ് വക
ഇ. ടി. എം. വൈദ്യശാല
ബ്രാഞ്ച്: ആലുവാ റെയിൽവെസ്റ്റേഷൻ സമീപം
എല്ലാ വ്യാഴാഴ്ചയും ഒരുമണിമുതൽ അഞ്ചുമണിവരെ
ഇ. ടി. ആര്യൻമൂസ്സ് അവർകൾ
വൈദ്യശാലയിലുണ്ടായിരിക്കുന്നതും രോഗികളെ പരിശോധിച്ചു ചികിത്സ നിശ്ചയിക്കുന്നതുമാണ്

കത്തിന്റെയും സന്താനമാകുന്നു." അദ്ദേഹം യുവജനങ്ങളെ ഉപദേശിച്ചതു് "നമുക്ക ക്രിസ്തുമതത്തെ നൽകിയ ആ മഹാഗുരുവിന്റെ കാല്പാടുകൾ പിന്തുടരണം" എന്നാണു്. ആ യുവജനങ്ങൾ "ആ ഗുരുവിന്റെ കാല്പാടുകൾ പിന്തുടരുവാൻ ആഗ്രഹിക്കുകയും അപ്പോഴത്തെ പ്രത്യാശയെ യഥാർത്ഥീകരിക്കുകയും ചെയ്യുന്നപക്ഷം അവർ ശരിയായ വഴിയിലാണു് നില്ക്കുന്നതെന്നും അതുവരെ ഒരിക്കലും അപഥസഞ്ചാരം ചെയ്യുകയില്ലെന്നും ഞാൻ വിചാരിക്കുന്നു."

തിരു-കൊച്ചിയിലെ രാജപ്രമുഖന്മാരോടൊപ്പം ഈ അത്ഭുതകാലത്തു് ഇപ്രകാരം അടിനടച്ചിട്ടുള്ള ക്രൈസ്തവമതക്കാരിലൊരു, കത്തോലിക്കാ മെത്രാന്മാരെ, ആൻ കമ്യൂണിസ്റ്റ് രാജ്യദ്രോഹികളെന്നു് അപലപിക്കുകയും പിക്കറ്റിംഗ് ചെയ്യണമെന്നു് ആഹ്വാനപ്പെടുകയും ചെയ്യുന്നതു്. കഴുകളിയുടെ രാജ്യദ്രോഹത്തിനു് ഇതിലധികം ഒരു തെളിവു വേണമോ? ഇത്തരം രാജ്യദ്രോഹികളല്ലയോ സാക്ഷാൽ പിക്കറ്റിംഗ് ചെയ്യപ്പെടേണ്ടവർ!

(1952-ലെ സ്ഥിതിവിവരക്കണക്കനുസരിച്ചു് ലോകത്തിൽ മൊത്തം കത്തോലിക്കാസഭവകയായി നടത്തപ്പെടുന്ന സ്ഥാപനങ്ങൾ—സ്കൂളുകൾ 6347; കോളേജുകൾ 48; ആസ്പത്രികളും ഡിസ്പെൻസറികളും 605; മറ്റു് അനാഥാലയങ്ങൾ 567; അച്ചടിശാലകൾ 64—അകത്തോലിക്കാ ക്രിസ്ത്യാനികളുടെവക ഏകദേശം ഇത്രയുംതന്നെ ഉണ്ടെന്നുവേണം വിചാരിക്കുവാൻ.)



"എന്റപ്പോ! എന്റെ തലമുടി വെട്ടരുതേ — അപ്പൻ വെട്ട്യോ മതി."

X X X

പ്രസിഡന്റ് തിയൊഡോർ റൂസ്‌വെൽട്ട് നയതന്ത്രസംബന്ധമായ ഒരു പ്രധാനപാഠം ഒരു റെഡ്‌ഇന്ത്യൻ നേതാവിൽനിന്നു പഠിച്ചുവത്രെ. അയാൾക്ക ആറു മക്കളുണ്ടായിരുന്നു. മക്കളെ തിരഞ്ഞെടുത്തുകൊണ്ടു് ബാക്കിയുള്ളവരെ ഉപേക്ഷിപ്പാൻ പ്രസിഡന്റ് ആവശ്യപ്പെട്ടു. അല്പമാലോചിച്ചശേഷം അയാളതു സമ്മതിച്ചു. എന്നിട്ടു പറഞ്ഞു: "അങ്ങുതന്നെ എനിക്കുവേണ്ടി മക്കളെ തിരഞ്ഞെടുക്കുക, ബാക്കിയുള്ളവരോടു പോകേണ്ടതാണെന്നും അങ്ങുതന്നെ പറയുക."

X X X

പിതാവു്: "എന്റെ ജോണി, മകനെ അടിക്കാൻ ഇത്ര പ്രയാസമാണോ? കുറച്ചു മനസ്സുകൊണ്ടെങ്കിലും വേണ്ടിവരുന്നു എനിക്കും ഇഷ്ടമുള്ളതല്ല. പക്ഷേ മകനെ അടിക്കാൻ ഞാൻ മനസ്സുകൊണ്ടു നിശ്ചയിക്കും; ഞാനതു് അടിക്കുകയും ചെയ്യും."

ജോണി: "ഞാനാകട്ടെ, മകനെ അടിക്കുകയില്ലെന്നു മനസ്സുകൊണ്ടു നിശ്ചയിക്കും; പിന്നെയതു് അടിക്കുകയുമില്ല. എന്തുകൊണ്ടു മനസ്സുകൊണ്ടായില്ലെന്നാണോ അപ്പൻ പറയുന്നതു്?"

X X X

ചെക്കോസ്ലോവാക്യയിലെ ഒരു കൃഷിക്കാരൻ ശക്തിയായ മഴയും ഹിമപാതത്തിനുംശേഷം വിളവിനു വല്ലതും പറ്റിയോ എന്നന്വേഷിക്കാൻ വയലിൽച്ചെന്നു. കൂടെ പ്രേഗിൽനിന്നുവന്നിരുന്ന ഒരതിഥിയും ഉണ്ടായിരുന്നു. അദ്ദേഹം ചോദിച്ചു: "ഈ തോട്ടമെല്ലാം എന്തേ നിലംപറ്റി കിടക്കുന്നതു്?"

മറുപടി: "അവയും ഒട്ടുതന്നെ സോവ്യറ്റ്‌റഷ്യയിലേക്കു് ഒരു ദീർഘയാത്ര കഴിഞ്ഞതുകൊണ്ടു് അവ അല്പം ആശ്വസിക്കയാണു്."

— —

## ഷെവലിയർ പി. ജെ. തോമസ്

ഇൻഡ്യാഗവർമ്മെന്റിന്റെ സാമ്പത്തികോപദേഷ്ടാവായിരുന്ന ഡോക്ടർ പി. ജെ. തോമസിനു് മാർപ്പാപ്പാ



തിരുമേനി ഷെവലിയർ (കെ എസ് ജി) സ്ഥാനം കല്പിച്ചുനൽകിയിരിക്കുന്നു.


# ദി ഫെഡറൽ ബാങ്ക് (ക്ലിപ്തം)

## ഹെഡാഫീസ്: ആലുവാ

ബ്രാഞ്ചുകൾ: എറണാകുളം, ചാലക്കുടി, അങ്കമാലി, പെരുമ്പാവൂർ

## നായകന്മാർ

ക്യാപ്റ്റൻ ഫ്രാൻസിസ് പനിക്കുളം B. A., M. B. B. S., D. A. (Eng) (ചെയർമാൻ)
ശ്രീ ഡോക്ടർ ഇ. കെ. മാധവൻ, Ex. Minister, പറവൂർ
" ദ. ജെ. മത്തായി, മുനിസിപ്പൽ ചെയർമാൻ, ആലുവാ
" കെ. സി. എം. മേത്തർ, Ex. M. L. A., എറണാകുളം
ശ്രീ എബ്രഹാം വടക്കഞ്ചേരി, ചാർട്ടേർഡ് ആലുവാ
" ചോൻ മംതലി, ചാർട്ടേർഡ്, ഇരവൂർ
" കെ. സി. എബ്രഹാം B. A., L. T., ഹെഡ്‌മാസ്റ്റർ, R. V. U. E. H. S., അയ്യമ്പിള്ളി
" കെ. പി. ഉറമിസ് B. A., B. L. (മാനേജിംഗ് ഡയറക്ടർ)

## ബിസിനസ് വ്യവസ്ഥകൾ

### 1. കറന്റ് ഡെപ്പോസിറ്റുകൾ

25000 ക. വരെ $1\frac{1}{2}$ ശതമാനവും കൂടുതൽ തുകകൾക്ക് പ്രത്യേക നിശ്ചയമനുസരിച്ചുള്ള പലിശയും നൽകുന്നതായിരിക്കും. അക്കൗണ്ടു തുടങ്ങുന്നതിനു ചുരുങ്ങിയ തുക 100 രൂപാ മാത്രം.

### 2. സേവിംഗ്സ് അക്കൗണ്ട്

അഞ്ചുരൂപയുണ്ടെങ്കിൽ ഒരു സേവിംഗ്സ് അക്കൗണ്ട് ആരംഭിക്കാം. പലിശനിരക്ക് 3%. ആഴ്ചയിൽ 500 രൂപാവരെ രണ്ടു പ്രാവശ്യം പിൻവലിക്കാവുന്നതാണ്. സ്പെഷ്യൽ സേവിംഗ്സ് അക്കൗണ്ടിനു് $3\frac{1}{2}$ % പലിശ അനുവദിക്കുന്നതാണ്.

### 3. ഫെഡറൽ സേവിംഗ്സ് ഫണ്ട്

പ്രതിമാസികമായോ, ത്രൈമാസികമായോ, അർദ്ധവാർഷികമായോ നിക്ഷേപിക്കപ്പെടുന്ന ചെറിയ തുകകൾ ഒരു നിശ്ചിതകാലാവധിക്കുശേഷം നല്ല ഒരു തുകയായി ലഭിക്കുന്നതിനുള്ള ഒരു പദ്ധതിയാണിതു്. ഒരു ചിട്ടിയുടെ എല്ലാ ഗുണങ്ങളുമുള്ളതും, എന്നാൽ ചിട്ടിയിൽ ചേരുന്നവർ സാധാരണയായി അനുഭവിക്കേണ്ട അസൗകര്യങ്ങൾ ഇല്ലാത്തതും, കൂടുതൽ ആദായകരവുമായ ഒരു നവീന പദ്ധതി. അടച്ചിരിക്കുന്ന തുകയുടെ ഈടിന്മേൽ ചുരുങ്ങിയ പലിശയ്ക്ക് പണം കടമെടുക്കാവുന്നുള്ള സൗകര്യവും ഇതിൽ ചേരുന്നവർക്ക് ചെയ്തുകൊടുത്തിട്ടുണ്ട്. കാലാവധിക്കു മുൻപു് പിൻവലിക്കുന്ന കാര്യത്തിലും ഫണ്ടിൽ ചേരുന്നവർക്ക് പ്രത്യേക പരിഗണന നൽകുന്നതായിരിക്കുന്നതാണ്.

### 4. ക്യാഷ് സർട്ടിഫിക്കറ്റുകൾ

100, 500, 1000, 5000 രൂപ വിലയുള്ള ക്യാഷ് സർട്ടിഫിക്കറ്റുകൾ ബാങ്കിൽനിന്നും വിററുവരുന്നു. വില്പനവില യഥാക്രമം 80, 400, 800, 4000 രൂപവീതമാണ്. മുപ്പതു ദിവസത്തെ നോട്ടീസുകൊടുത്തു് ആവശ്യപ്പെടുമ്പോൾ തിരിച്ചെടുക്കുന്നതിനുള്ള സൗകര്യവും ഇതിനു പ്രത്യേകമായുണ്ട്.

### 5. സ്ഥിരകാലനിക്ഷേപങ്ങൾ

ആറുമാസത്തേയ്ക്ക് $4\frac{1}{4}$%, ഒരു വർഷത്തേക്ക് 4½%, രണ്ടു വർഷത്തേക്ക് 5%, മൂന്നു വർഷത്തേക്ക് $5\frac{1}{2}$% എന്നീ നിരക്കിൽ പലിശ ലഭിക്കുന്നതാണ്. ജൂൺ 30, ഡിസമ്പർ 30 എന്നീ തിയതികളിലാണ് നിക്ഷേപകർക്ക് പലിശ അയച്ചുകൊടുക്കുന്നതു്. ധർമ്മസ്ഥാപനങ്ങൾക്ക് പ്രത്യേകം സൗജന്യമെന്ന നിലയിൽ കൂടുതൽ പലിശ നൽകുന്നതിനും സൗകര്യപ്പെടുത്തുന്നതാണ്.

### 6. ഷോർട്ട്നോട്ടീസ് ഡെപ്പോസിററ്

ടി നിക്ഷേപങ്ങൾ 7 ദിവസത്തെയോ 15 ദിവസത്തെയോ നോട്ടീസിനുശേഷം പിൻവലിക്കാവുന്നതു് അവയ്ക്ക് യഥാക്രമം 3 ശതമാനവും 4 ശതമാനവും പലിശ ലഭിക്കുന്നതുമാകുന്നു.

### 7. കടവായ്പകൾ

സ്വർണ്ണപ്പണ്ടങ്ങൾ, അംഗീകൃത കച്ചവടസ്ഥാപനങ്ങൾ, ഗവർമ്മെന്റ് കടപ്പത്രങ്ങൾ, അംഗീകൃത കമ്പനിഷെയറുകൾ മുതലായവയുടെ ഉറപ്പിന്മേൽ കടവായ്പ അനുവദിക്കുന്നതാണ്.

### 8. ട്രഷറി റമിററൻസ്

ആദായനികുതി, വില്പനനികുതി, വാഹനനികുതി മുതലായ ഇനങ്ങളിൽ ഗവർമ്മെന്റ് ട്രഷറികളിൽ പണമടയ്ക്കുന്നതിനു് ഞങ്ങൾ വേണ്ട സൗകര്യങ്ങൾ ചെയ്തുകൊടുക്കുന്നതാണ്. കൂടാതെ ഗവർമ്മെന്റ് ചെക്കുകൾ, ബില്ലുകൾ മുതലായവ മാറി പണം കൊടുക്കുന്നതുമാകുന്നു.

### 9. ജനറൽ

മുൻപറഞ്ഞ സേവനങ്ങൾക്കും പുറമെ, ചെക്ക്, ബില്ല് കളക്റ്റുചെയ്യുക, ഡിസ്കൗണ്ടുചെയ്യുക, സ്വർണ്ണം, കമ്പനിഷെയറുകൾ കക്ഷികൾക്കുവേണ്ടി വാങ്ങിക്കുക, വില്ക്കുക വാടകപിരിക്കുക, ഇൻഷ്വറൻസ് പ്രീമിയം അടയ്ക്കുക, മുഷിഞ്ഞതും കീറിയതും വിനിമയം നിരോധിക്കപ്പെട്ടതുമായ കറൻസിനോട്ടുകൾ മാറ്റിക്കൊടുക്കുക മുതലായ മററു ബാങ്കിംഗ് സേവനങ്ങളും ഏററവും തൃപ്തികരവും സൗകര്യപ്രദവുമായ രീതിയിൽ ചെയ്തുകൊടുക്കുന്നതാകുന്നു.

### 10. കുറികൾ

ബാങ്കു് ചെയർമാനായി ചിട്ടികൾ ഉടനെ ആരംഭിക്കുന്നതാണ്. കൂടുതൽ വിവരങ്ങൾ ബ്രാഞ്ചുകളിൽനിന്നും ലഭിക്കുന്നതാണ്.

# സത്യദീപം

പത്രാധിപന്മാർ

വെരി റവ. മോൺസിഞ്ഞോർ ജേക്കബ് നടുവത്തുശ്ശേരി

റവ. ഡോ. ജോസഫ് പാറേക്കാട്ടിൽ ബി. എ., ഡി. ഡി.

Vol. 26 ‖ ERNAKULAM JANUARY 28, 1953 ‖ No. 23


# സാർവദേശീയ സോഷ്യലിസ്റ്റ് സംഘടന

തൊഴിലാളികളുടെ സാർവ്വദേശീയസംഘം (International Workingmen's Association) 1864-ൽ സ്ഥാപിക്കപ്പെട്ടു. മാർക്സ്, എംഗൽസ്, ബാക്കുനിൻ എന്നിവരായിരുന്നു അതിന്റെ നേതാക്കന്മാർ. അതു ദീർഘകാലം നിലനിന്നില്ല. വിഭാഗീയതർക്കങ്ങൾ അകത്തു നടന്നുകൊണ്ടിരുന്നതിനാൽ 1872-ൽ അനൗദ്യോഗികമായ പര്യവസാനമുണ്ടായി. 1899-ൽ ഫ്രാൻസിൽ കൂടിയ സമ്മേളനത്തിൽവച്ച് 2-ാമത്തെ സാർവ്വദേശീയസംഘടന (The Second International) സ്ഥാപിക്കപ്പെട്ടു. അടുത്ത കൊല്ലം അതിന്റെ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തു. ലെനിൻ, ജൗറസ്, ബേബൽ എന്നിവരായിരുന്നു അതിന്റെ നായകത്വം വഹിച്ചത്. എന്നാൽ ഈ രണ്ടാം ഇന്റർനാഷണൽ മൂന്നു ഗ്രൂപ്പുകളായി തിരിഞ്ഞു — ഇടതുപക്ഷത്തെ ലെനിനും, മദ്ധ്യപക്ഷത്തെ കൗഡ്സ്കിയും ജർമ്മൻ സോഷ്യലിസ്റ്റുകാരും, വലതുപക്ഷത്തെ ബ്രിട്ടീഷ് ഫേബിയൻകാരും തൊഴിലാളിക്ഷേമികളും നയിച്ചു. വലതുപക്ഷത്തിനു വിപ്ലവത്തോടു വിരോധമായിരുന്നു. ലോകമാസകലം സോഷ്യലിസ്റ്റുകാർക്ക് ആധിപത്യം ഉണ്ടായേ കഴിയൂ എന്നായിരുന്നു അവരുടെ വിശ്വാസമെങ്കിലും ആ ലക്ഷ്യം പ്രാപിക്കുവാൻ പ്രജായത്തസമ്പ്രദായങ്ങളാണ് അവർ മുറുകെ പിടിച്ചത്. 1914-ലെ ലോകമഹായുദ്ധം ഈ സോഷ്യലിസ്റ്റ് പ്രസ്ഥാനത്തിൽ ദേശീയമായവഴിക്ക് പിളർപ്പുണ്ടാക്കി.

ആ യുദ്ധത്തിന്റെ അവസാനത്തിൽ മൂന്നാം ഇന്റർനാഷണൽ ജന്മമെടുത്തു. കമ്മ്യൂണിസ്റ്റുകാരുടേതായ ആ സാർവ്വരാജ്യസംഘടന 1921 ൽ മോസ്കോയിലെ കോൺഗ്രസിൽവച്ചാണ് സ്ഥാപിക്കപ്പെട്ടത്. കോമിൻടേൺ എന്ന നാമം അതു സ്വീകരിച്ചു. 1942-ൽ സ്റ്റാലിൻ അതു പിരിച്ചുവിട്ടു. അതിന്റെ അംഗങ്ങളിൽ ചിലർക്ക് അദ്ദേഹത്തിന്റെ പരമമായ നേതൃത്വവും ഇരുമ്പുചട്ടമായ ശിക്ഷണക്രമവും അസഹ്യമായിരുന്നു. റഷ്യൻജാതിയിലുള്ള, ഇടതുപക്ഷക്കാരായ സോഷ്യലിസ്റ്റുകാർക്ക് മാത്രമായി കോമിൻടേൺ പ്രവർത്തിച്ചിരുന്നതിനാൽ വലതുപക്ഷക്കാരായ യൂറോപ്യൻ സോഷ്യലിസ്റ്റുകാർ വീണ്ടും ഒറ്റപ്പാർട്ടിയായി ഒന്നിച്ചുകൂടുവാൻ പരിശ്രമം തുടങ്ങി. ആദ്യം രണ്ടു സോഷ്യലിസ്റ്റു പാർട്ടികളാണ് രൂപീകരിക്കപ്പെട്ടത്. എന്നാൽ 1929-ൽ ഹാംബർഗ്ഗിൽവച്ച് അവർ തമ്മിൽ ലയനമുണ്ടായി. തൊഴിലാളികളുടേയും സോഷ്യലിസ്റ്റുകാരുടേയും ഇന്റർനാഷണൽ (The Labour and Socialist International) എന്ന നാമവും അവർ സ്വീകരിച്ചു. 2-ാം ലോകമഹായുദ്ധം പൊട്ടിപ്പുറപ്പെട്ടതോടുകൂടി ഈ സംഘടന മിക്കവാറും അപ്രത്യക്ഷപ്പെട്ടു.

## പുതിയ സോഷ്യലിസ്റ്റ് ഇന്റർനാഷണൽ

ആ യുദ്ധം പര്യവസാനിച്ചപ്പോൾ സ്റ്റാലിൻ കോമിൻടേൺ എന്ന പഴയ സംഘടന കോമിൻഫോം എന്ന പുതിയ നാമത്തിൽ പുനഃസ്ഥാപിച്ചു. ലോകത്തിലെ സകല രാജ്യങ്ങളിലും കമ്മ്യൂണിസ്റ്റ് പാർട്ടികൾ നയിക്കുവാനുള്ള മാർഗ്ഗമായിട്ടാണ് അതുദ്ദേശിക്കപ്പെട്ടിരിക്കുന്നത്. ഇരുമ്പുയവനികയ്ക്കു പുറമുള്ള യൂറോപ്യൻ രാജ്യങ്ങളിലെ റഷ്യാക്കാരല്ലാത്ത സോഷ്യലിസ്റ്റു പാർട്ടികൾക്ക് അതിനോട് ബന്ധമൊന്നുമില്ലായിരുന്നു. പാശ്ചാത്യനാടുകളിൽ അവരിൽ പലരേയും ആ രാജ്യങ്ങളിൽ അധികാരത്തിൽ കൊണ്ടുവരികയുംചെയ്തു. അധികാരം കൈവന്നതോടുകൂടി അവരുടെ വീക്ഷണവും നയവും കൂടുതൽ കൂടുതൽ ദേശീയമായിത്തീർന്നു. അവർക്ക് സോവ്യറ്റ്റഷ്യയോട് വിരോധവും അതിന്റെ നയത്തോട് ആക്ഷേപവുമുണ്ടായി. സാമ്രാജ്യദുർമ്മോഹത്തിന്റെ പ്രേരണയാൽ കമ്മ്യൂണിസ്റ്റ്റഷ്യ നടത്തിക്കൊണ്ടിരിക്കുന്ന ആക്രമണങ്ങൾ അവരെ വീണ്ടും ഒരു സർവ്വരാജ്യസംഘടനയുടെ രൂപത്തിൽ ഒന്നിപ്പിക്കുവാൻ ഇടയാക്കി. അതാണ് ഇപ്പോഴത്തെ സോഷ്യലിസ്റ്റ് ഇന്റർനാഷണൽ. ലേബർ പാർട്ടികളുടേയും സോഷ്യലിസ്റ്റു പാർട്ടികളുടേയും 35 ഗ്രൂപ്പുകൾക്ക് അതിൽ അംഗത്വമുണ്ട്. അവ മിക്കവാറും യൂറോപ്യൻ സംഘടനകളാണ്. ഏഷ്യയിൽനിന്ന് ഇസ്രായേലും ജപ്പാനും മാത്രമേ അതിൽ ചേർന്നിട്ടുള്ളു. വിചാരഗതിയിലും പ്രവർത്തനങ്ങളിലും കർക്കശമായ ഒരു സംഘടനയെന്നതിനെക്കാൾ അയവുള്ള ഒരു ഫെഡറേഷന്റെ രൂപമാണ് അതിനുള്ളത്. 1951 ജൂലൈ 6-ാംനു ജർമ്മനിയിൽ ഫ്രാങ്ക്ഫർട്ട് എന്ന സ്ഥലത്തുവച്ച് ഇവരുടെ ഒരു കോൺഫറൻസ് നടന്നു. അതിലെ പ്രമേയങ്ങളിൽനിന്നു കാണാം, പുതിയ സോഷ്യലിസ്റ്റ് ഇന്റർനാഷനലിനു പഴയവരുടെ മാർക്സിസ്റ്റ് മനോഭാവത്തിൽനിന്ന് വളരെ മാററം ഉണ്ടായിട്ടുണ്ടെന്ന്. സംഘടനയുടെ പ്രധാനപരിപാടി സ്റ്റാലിൻവിരുദ്ധമായ നിലയാണെന്നു സന്നിഹിതരായിരുന്ന പ്രതിനിധികളെല്ലാം ഏകയോഗമായി സമ്മതിച്ചു. കമ്മ്യൂണിസത്തെ അപലപിച്ചതു "ഒരു പുതിയ സാമ്രാജ്യത്വത്തിന്റെ ഉപകരണവും സൈനികമായ ഉദ്യോഗസ്ഥപ്രഭുത്വത്തിലും ഭീകരമായ ഭരണരീതിയിലും അധിഷ്ഠിതവും" ആണെന്നാണ്. കോൺഫറൻസിൽനിന്നു പുറപ്പെടുവിച്ച മാനിഫെസ്റ്റോയിൽ സോഷ്യലിസത്തെ നിർവ്വചനംചെയ്തിരിക്കുന്നതിങ്ങനെയാണ്: "സോഷ്യലിസം ഒരു സാർവ്വദേശീയപ്രസ്ഥാനമാകുന്നു. എന്നാൽ അതിനു കർശനമായ ഐകരൂപ്യം വേണമെന്ന് അതിനു നിർബന്ധമില്ല. സോഷ്യലിസ്റ്റുകാർ അവരുടെ ബോദ്ധ്യങ്ങളെ മാർക്സിസ്റ്റ് സിദ്ധാന്തങ്ങളിലോ മററു ഏതെങ്കിലും സിദ്ധാന്തങ്ങളിലോ അടിയുറപ്പിച്ചാലും, മതപരമോ ജീവകാരുണ്യപരമോ ആയ തത്വങ്ങളാൽ പ്രചോദിതരായാലും, ഒരേ ലക്ഷ്യത്തിനുവേണ്ടിയാണ് അവരെല്ലാം സമരംചെയ്യുന്നത്. അതായത് സോഷ്യൽനീതിയുടെ സംഹിതയും കൂടുതൽ മെച്ചമായ ജീവിതവും, സ്വാതന്ത്ര്യവും സമാധാനവും." ബെൽജിയം സോഷ്യലിസ്റ്റു പാർട്ടിയുടെ ജനറൽ സിക്രട്ടറിയായ മി. ലറോക്ക് (Larock) പുതിയ സോഷ്യലിസ്റ്റ് ഇന്റർനാഷനലിന്റെ പ്രത്യേകസ്വഭാവം വിവരിച്ചതിങ്ങനെയാണ്: "അതു സോഷ്യലിസ്റ്റ് പാർട്ടികളുടെ ഒരു ഫെഡറേഷൻ ആകുന്നു. അതിൽ ഓരോ പാർട്ടിക്കും സ്വയം തീരുമാനംചെയ്യുവാനുള്ള സ്വാതന്ത്ര്യം നഷ്ടപ്പെടുന്നില്ല. ചർച്ചാവിഷയമാകുന്ന സകല പ്രശ്നങ്ങളെപ്പററിയും നിഷ്കൃഷ്ടമായ യോജിപ്പുള്ള വീക്ഷണഗതി സ്വീകരിക്കണമെന്ന് വിവിധരാജ്യങ്ങളിൽനിന്നുള്ള സോഷ്യലിസ്റ്റുപാർട്ടികളെ ഈ ഇന്റർനാഷണലിന്റെ പുനസ്സംഘടന നിർബന്ധിക്കുന്നില്ല." ബ്രിട്ടീഷ് ലേബർപാർട്ടിയുടെ ജനറൽ സിക്രട്ടറിയായ മി. മോർഗൻ ഫിലിപ്സ് ഇപ്രകാരം പ്രസ്താവിച്ചതായി റിപ്പോർട്ടുചെയ്യപ്പെട്ടിരിക്കുന്നു. "ബ്രിട്ടീഷ് സോഷ്യലിസ്റ്റുകാർ മാർക്സിസത്തെയും സകലരൂപങ്ങളിലുമുള്ള വർഗ്ഗസമരസിദ്ധാന്തത്തെയും പരിപൂർണ്ണം നിരാകരിക്കുന്നു. മാർക്സ് ജനിക്കുന്നതിനു വളരെ മുമ്പുള്ള തങ്ങളുടെ മഹാന്മാരായ മതപരിഷ്കർത്താക്കൾ തങ്ങളെ പഠിപ്പിച്ച പ്രജായത്തവും ക്രിസ്തീയവുമായ തത്വങ്ങളിലാണ് അവരുടെ ആഭ്യന്തരവും വിദേശപരവുമായ നയം അധിഷ്ഠിതമായിരിക്കുന്നത്. ഇനി മേലിൽ മാർക്സിസം വേണ്ട, മെറ്റീരിയലിസം വേണ്ട, വർഗ്ഗസമരവും വേണ്ട" എന്നുവരികിലും സോഷ്യലിസ്റ്റുകാർക്ക് അവരുടെ മുതലാളിത്തത്തിന്റെ ശക്തിയെപ്പററി ഭയമാണ്. ബ്രിട്ടനിലും മററും രാഷ്ട്രം ഇടപെട്ടുകൊണ്ടിരിക്കുന്ന സമ്പ്രദായങ്ങൾക്കു കടകവിരുദ്ധമായ അമേരിക്കൻ ജീവിതരീതിയെ അവർ അനുകൂലിക്കുന്നില്ല."

## സമാധാനവും സ്വാതന്ത്ര്യവും

സാർവ്വദേശീയതലത്തിൽ സോഷ്യലിസ്റ്റ് പാർട്ടിയുടെ സാരമായ ലക്ഷ്യം സമാധാനസംസ്ഥാപനമാകുന്നു എന്നു പ്രസ്തുത മാനിഫെസ്റ്റോയിൽ പറയുന്നു. സ്റ്റാലിനും അദ്ദേഹത്തിന്റെ പിണിയാളുകളും ലോകം മുഴുവനും പിടിച്ചടക്കുവാൻ വേണ്ടി ആയുധമേന്തുന്നതിനു മടിക്കയില്ലെന്നു തെളിയിക്കുവാൻ കൊറിയൻ യുദ്ധം സഹായിച്ചിട്ടുണ്ടെന്ന് അതു ചൂണ്ടിക്കാണിക്കുന്നു. "സകല സ്വതന്ത്ര പ്രജായത്തരാജ്യങ്ങളും അവരുടെ സൈനികപ്രതിരോധങ്ങൾ കെട്ടിപ്പടുക്കണമെന്നും അതുവഴിയായി ഐക്യരാഷ്ട്ര സംഘടനയുടെ മാദ്ധ്യസ്ഥതയിൽ സമാധാനം സുരക്ഷിതമാക്കണമെന്നും" കോൺഫറൻസ് ആവശ്യപ്പെട്ടു. എന്നാൽ സൈന്യശക്തിമാത്രം മതിയാവുന്നതല്ല. കമ്മ്യൂണിസ്റ്റ്ആധിപത്യത്തിന്റെ ഭീഷണിനിമിത്തം സൈനികചിലവുകളുടെ ഉല്പാദനത്തിനു മുൻഗണന നൽകേണ്ടി പ്രജായത്തരാജ്യങ്ങൾ നിർബന്ധരാണെന്നുള്ളതു ശരിതന്നെ. എന്നാൽ അവരുടെ പ്രതിരോധനടപടികളിൽ ഒരു ഭാഗം ഏഷ്യയിലെയും ആഫ്രിക്കയിലെയും ജനങ്ങളുടെ ജീവിതത്തെ ഉയർത്തുവാൻ സഹായിക്കുന്ന ഉദാരമായ നയമായിരിക്കണം. "ഭൂമുഖത്തെ ഏകദേശം പകുതി ജനങ്ങൾ അത്യന്തദരിദ്രത്തിലും മിക്കവാറും പട്ടിണിയിലും കഴിഞ്ഞുകൂടുന്നിടത്തോളം കാലം സമാധാനം ഒരിക്കലും സുരക്ഷിതമായിരിക്കുകയില്ല."

ആകയാൽ ഇന്നത്തെ യൂറോപ്യൻ സോഷ്യലിസ്റ്റു പാർട്ടികൾ തന്നെയും സാമാന്യമായ സോഷ്യലിസ്റ്റ് വീക്ഷണത്തോടുകൂടിയ ദേശീയപാർട്ടികളാണെന്നു പറയാം. അവർ സോവ്യറ്റ്റഷ്യയുടെ ഏജന്റന്മാരായി കഴിഞ്ഞുകൂടുവാൻ മേലിൽ ആഗ്രഹിക്കുന്നില്ല. കൂടുതൽ സ്വതന്ത്രരായി, ഒരു പുതിയ പന്ഥാവ് തങ്ങൾക്കായി വെട്ടിത്തുറക്കുവാൻ അവർ ശ്രമിക്കുന്നു. അവരെ ഒരു പൊതുസംഘടനയായി ഇന്നു ബന്ധിക്കുന്ന കെട്ടുകൾ സ്വാതന്ത്ര്യത്തിനുള്ള താല്പര്യവും സ്വതന്ത്രപ്രജായത്തസമ്പ്രദായത്തിൽ ജീവിക്കുവാനുള്ള ആഗ്രഹവുമാണ്. ഈ പോയിന്റുകളൊഴിച്ച്, നിയന്ത്രണം ചെലുത്തുന്ന തത്വങ്ങളോ നിർദ്ദേശങ്ങളോ അവ ബന്ധിക്കപ്പെടുന്നില്ല. അമിതവാദികൾക്കു പോലും അവരിൽ സ്ഥാനമില്ലാതില്ല. അമേരിക്കൻസമ്പ്രദായത്തിലുള്ള പാശ്ചാത്യസോഷ്യലിസ്റ്റ് പാർട്ടികളുടെ ഈ സംഘടന എത്രത്തോളം നിലനിൽക്കുമെന്നു നിർണ്ണയിക്കുവാൻ കാലത്തിനുമാത്രമേ സാധിക്കുകയുള്ളൂ. ഇങ്ങനെയുള്ള സോഷ്യലിസ്റ്റ് ഇന്റർനാഷനലിൽനിന്ന് ഘടനയിൽ ചേർന്നിട്ടും എന്നാൽ അതിനോട് മൈത്രിയുള്ളതുമായ പുതിയ സംഘടനയാണ് ഈയിടെ റംഗൂണിൽ കൂടിയ ഏഷ്യൻരാജ്യങ്ങളിലെ സോഷ്യലിസ്റ്റ് പാർട്ടികൾ ഏർപ്പെടുത്തിയത്.

## ജയപ്രകാശിന്റെ അഭിപ്രായം

(റംഗൂണിൽ കൂടിയ ഏഷ്യൻ സോഷ്യലിസ്റ്റ് കോൺഫറൻസിൽ സംബന്ധിച്ചു മടങ്ങിയെത്തിയ പ്രജാസോഷ്യലിസ്റ്റ് പാർട്ടി നേതാവ് ശ്രീ ജയപ്രകാശ് നാരായണൻ അതിന്റെ ഫലങ്ങളെപ്പററി പൂർണ്ണസംതൃപ്തിയാണെന്ന് പ്രകാശിപ്പിച്ചു. അഖിലലോകസോഷ്യലിസത്തിന്റെ വികസനത്തിൽ അതൊരു നാഴികക്കല്ലായിരിക്കുമെന്ന് അദ്ദേഹം പ്രത്യാശിക്കുന്നു. അത്തരം പ്രത്യേക സംഘടനയുടെ ആവശ്യം വിശദീകരിച്ചുകൊണ്ട് അദ്ദേഹം ഇങ്ങനെ പ്രസ്താവിച്ചു: "സോഷ്യലിസ്റ്റ് ഇന്റർനാഷനൽ കോളനികളിൽ ജനങ്ങളുടെ സ്വാതന്ത്ര്യത്തിന്റെ കാര്യത്തിൽ അധികവും [illegible] കൂടിയ നയമാണ് [illegible]. സോഷ്യലിസ്റ്റ് ഇന്റർനാഷണലിലെ ചില ഏററവും വലിയ പാർട്ടികൾ [illegible] സംഘടനയെപ്പോലുള്ള വഴിയായി അധികാരസ്ഥലങ്ങളിൽ ചേരുവാൻ തീർച്ചയാക്കിയിരിക്കയാണ്. സൈനികശക്തികളോട് അത്തരം കൂട്ടുകെട്ടിൽ ഏർപ്പെടാൻ ഏഷ്യൻ സോഷ്യലിസ്റ്റുകാർക്ക് താല്പര്യമില്ല." പാശ്ചാത്യജാതിയിലുള്ള സോഷ്യലിസമാകട്ടെ, കമ്മ്യൂണിസമാകട്ടെ ഏഷ്യൻ രാജ്യങ്ങൾക്ക് യോജിച്ചതല്ലെന്നാണ് ജയപ്രകാശ് പറഞ്ഞത്. കമ്മ്യൂണിസത്തെ "രാഷ്ട്രത്തിന്റെ മുതലാളിത്തം" (State Capitalism) എന്നദ്ദേഹം അപലപിച്ചു. "മുതലാളിത്തത്തിനുള്ള സ്വാതന്ത്ര്യത്തെ അതു പ്രദാനംചെയ്യുന്നില്ല. ഡെമോക്രാറ്റിക് സോഷ്യലിസം മാത്രമേ സ്വാതന്ത്ര്യം പ്രദാനംചെയ്യുന്നുള്ളൂ. വിവിധ ഏഷ്യൻ സോഷ്യലിസ്റ്റുകളുടെ പ്രവർത്തനങ്ങളെ സംയോജിപ്പിക്കുവാൻ ഏഷ്യൻ സംഘടന സഹായിക്കും. ഏഷ്യൻസംഘടന സോഷ്യലിസ്റ്റ് ഇന്റർനാഷണലിനോട് മത്സരിക്കുന്നില്ല, പ്രത്യുത സകല തട്ടുകളിലും അതുമായി അടുത്ത ബന്ധം പുലർത്തിക്കൊണ്ടിരിക്കും." ചൈനയുടെ സ്വാതന്ത്ര്യത്തിനു കമ്മ്യൂണിസത്തോടുള്ള കടപ്പാട് [illegible] ജയപ്രകാശ് തയാറായില്ല. ടിബറ്റിൽ ചൈനയുടെ നയത്തെ അദ്ദേഹം പരിപൂർണ്ണമായി അപലപിച്ചു. "സാമ്രാജ്യത്വത്തിന്റെയും രാജ്യവിപുലീകരണത്തിന്റെയും ഏററവും ദുഷ്ടമായ രൂപമാണ്" അദ്ദേഹം അതിനെ വിളിച്ചതു.

# പ്രസാധകക്കുറിപ്പുകൾ

### കോൺഗ്രസ്സിന്റെ 58-ാമത് വാർഷികസമ്മേളനം

ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ 58-ാമത് വാർഷികപൂർണ്ണസമ്മേളനം ജനുവരി 17-ാംനു ഹൈദ്രാബാദിൽവച്ച് സ്ഥിരംപ്രസിഡന്റ് നെഹ്രുവിന്റെ അദ്ധ്യക്ഷതയിൽ നടത്തപ്പെട്ടു. എ. ഐ. സി. സി. യിലെ 451 അംഗങ്ങളിൽ 355 പേർ സന്നിഹിതരായിരുന്നു. ഏകദേശം 3600 ഡെലിഗേററുകളിൽ 1700 പേർ മാത്രമേ സംബന്ധിച്ചുള്ളു. ബാലികാബാലന്മാരടങ്ങിയ വലിയൊരു സംഘം വാളണ്ടിയറന്മാർ ഏററവുമധികം ശിക്ഷണബോധത്തോടും ത്യാഗസന്നദ്ധതയോടുംകൂടി സ്വകൃത്യങ്ങൾ നിർവ്വഹിച്ചു. വിദേശീയവും സാർവ്വദേശീയവുമായ നിലകളിൽ ഇന്ത്യ സ്വീകരിച്ചിട്ടുള്ള നിലയെ അംഗീകരിക്കുന്നതും അഭിനന്ദിക്കുന്നതുമായ പ്രമേയം ശ്രീ രാജഗോപാലാചാരി അവതരിപ്പിക്കുകയും മി. ഹരിഹരനാഥ് ശാസ്ത്രി മുതലായവർ പിന്താങ്ങുകയും ചെയ്തു. ഇന്ത്യൻയൂണിയനിലെ സംസ്ഥാനങ്ങളുടെ പുനർവിഭജനത്തെപ്പററിയുള്ള പ്രമേയം മൗലാനാ ആസാദ് അവതരിപ്പിച്ചു. ആന്ധ്രാസംസ്ഥാനത്തിന്റെ രൂപീകരണം ഉറപ്പുകഴിഞ്ഞ തീരുമാനമാണെന്നും മററു പുതിയ സംസ്ഥാനങ്ങളുടെ രൂപീകരണംകൂടി സ്വീകരിക്കുവാനെന്നും, സംസ്ഥാനരൂപീകരണത്തിൽ ഭാഷാപ്രശ്നം പ്രധാനമാണെങ്കിലും അതുമാത്രം പരിഗണിക്കാൻ

പാടുള്ളതല്ലെന്നും, രാജ്യത്തിന്റെ ഐക്യ, മതേതര അസ്തിത്വസംരക്ഷണം, ധനസംഘടനമായ നില മുതലായവയും പരിഗണിക്കപ്പെടേണ്ടതാകുന്നെന്നും തന്നുവം പുതിയ സംസ്ഥാനങ്ങളുടെ രൂപീകരണോദ്ദേശ്യം സാവകാശത്തിൽ ആലോചിച്ച് തീരുമാനിക്കപ്പെടേണ്ടതാണെന്നുമായിരുന്നു പ്രമേയത്തിന്റെ സാരം. മി. ഗാഡ്ഗിൽ അതു പിൻതാങ്ങി. വർഗ്ഗീയപ്രസ്ഥാനങ്ങളെ അനാദരിക്കുന്ന പ്രമേയം പണ്ഡിറ്റ് പന്ത് അവതരിപ്പിച്ചു. വർഗ്ഗീയവികാരങ്ങളോടും ജാതീയമർദ്ദവിധികളോടും ഇളകിപ്പോയരുതെന്ന് അദ്ദേഹം ജനങ്ങളെ ഉദ്ബോധിപ്പിച്ചു. വിവിധ സമുദായങ്ങൾതമ്മിൽ ഐക്യവും സാഹോദര്യവും പുലർത്തുകയായിരുന്നു ആദ്യം മുതൽ കോൺഗ്രസ്സിന്റെ നയമെന്നും, സകല സമുദായങ്ങളുടെ സഹകരണത്തോടും പരസ്പരധാരണയോടുംകൂടി ജീവിച്ചെങ്കിൽമാത്രമേ പ്രജായത്തഭരണം വിജയിക്കുകയുള്ളൂ എന്നും അദ്ദേഹം ചൂണ്ടിക്കാണിച്ചു. മി. ജഗ്ജീവൻ റാം മറ്റു ചിലതും ഒരു പ്രമേയം പിൻതാങ്ങി. ആചാര്യ വിനോബാഭാവെയുടെ ഭൂദാനയജ്ഞപ്രസ്ഥാനത്തെ അഭിനന്ദിച്ചു ഒരു പ്രമേയവും അവതരിപ്പിക്കപ്പെട്ടു. അവതാരകനായ മി. അഗർവാൾ പ്രകാശിപ്പിച്ച പ്രത്യാശ, 25 ലക്ഷം ഏക്കർ ഭൂമി ആ പ്രസ്ഥാനംവഴി ശേഖരിക്കാമെന്നുള്ള ആചാര്യയുടെ ലക്ഷ്യം പ്രാപിക്കുമെന്നായിരുന്നു. പഞ്ചവത്സരപദ്ധതിയെ അംഗീകരിക്കുന്ന പ്രമേയം മി. ലാൽബഹദൂർശാസ്ത്രി അവതരിപ്പിച്ചു. ആധുനികരാഷ്ട്രങ്ങളിൽ പ്ലാനിംഗ്, ഒരു പ്രധാനഘടകമാണെന്നും, നമ്മുടെ പഞ്ചവത്സരപദ്ധതി കൃഷിവികസനത്തിന് പരമപ്രാധാന്യം നൽകിയിട്ടുണ്ടെന്നും, അടിസ്ഥാനവ്യവസായങ്ങളുടെ രാഷ്ട്രസാൽക്കരണത്തിന്റെ ആവശ്യകത സ്വീകരിക്കുന്നതോടൊപ്പം സ്വകാര്യപ്രവർത്തനങ്ങൾക്ക് പ്ലാനിൽ സ്ഥാനം നൽകിയിട്ടുണ്ടെന്നും, ചെറുകിടയും കുടിലും വ്യവസായങ്ങളുടെ വികസനത്തിന് പ്രാധാന്യം കല്പിച്ചിട്ടുണ്ടെന്നും അദ്ദേഹം പ്രസ്താവിച്ചു. മി. എച്ച്. സി. ദാസപ്പാ പ്രമേയം പിൻതാങ്ങി. തെക്കേ ആഫ്രിക്കായിലെ വർഗ്ഗവ്യത്യാസങ്ങൾക്കെതിരായ സത്യാഗ്രഹപ്രസ്ഥാനത്തെ അഭിനന്ദിച്ചും, സിലോൺ ഗവർമ്മെന്റ് ഇൻഡ്യയിൽനിന്നുള്ള ജനങ്ങളുടെനേരെ സ്വീകരിച്ചിരിക്കുന്ന നടപടികൾ നീതിക്കും സാർവ്വദേശീയസമ്പ്രദായങ്ങൾക്കും യോജിച്ചതല്ലെന്ന് പ്രസ്താവിച്ചും പ്രമേയങ്ങൾ അവതരിപ്പിക്കപ്പെട്ടു. കോൺഗ്രസ്സ് ഭരണഘടനയിൽ ചില ഭേദഗതികൾ വരുത്തണമെന്ന പ്രമേയം ജനറൽ സിക്രട്ടറി അവതരിപ്പിച്ചു. പ്രമേയങ്ങളെല്ലാം യഥാവിധി പാസായി. ഉപസംഹാരപ്രസംഗത്തിൽ നെഹ്രുവിന്റെ ആഹ്വാനം മഹത്തായ കോൺഗ്രസ്സ് സംഘടനയെ എല്ലാവരും ശക്തിപ്പെടുത്തുവാൻ ശ്രമിക്കണമെന്നായിരുന്നു. "ജനങ്ങൾക്ക് സേവനം ചെയ്യുവാൻ തങ്ങളുടെ കൈകളിൽ ശക്തിയുള്ള ആയുധമായിരുന്നു കോൺഗ്രസ്സ്. മഹാത്മാഗാന്ധി ഈ ആയുധത്തിനു മൂർച്ചകൂട്ടി ഈ രാജ്യത്തിന് സ്വാതന്ത്ര്യം ഒരുക്കിവരുത്തി. ഈ ആയുധം കുറച്ചുകൂടി തുരുമ്പുപിടിക്കാൻ നാം ഇന്നനുവദിച്ചിരിക്കുകയാണ്. അതു വീണ്ടും ശോഭയും ശക്തിയും ഉള്ളതാക്കുകയും അതുവഴിയായി ജനങ്ങൾക്ക് കൂടുതൽ കൂടുതൽ സേവനം ചെയ്യുവാൻ നാം കഴിവുള്ളവരായിത്തീരുകയുമാണ് ഇപ്പോൾ നമ്മുടെ കർത്തവ്യം."

## തിരു-കൊച്ചിയിലെ മുനിസിപ്പൽ — പഞ്ചായത്ത് തിരഞ്ഞെടുപ്പുകൾ

തിരു-കൊച്ചിയിലെ മുനിസിപ്പാലിറ്റികളിലേക്കും പഞ്ചായത്തുകളിലേക്കുമുള്ള തിരഞ്ഞെടുപ്പുകളും പ്രായപൂർത്തിവോട്ടവകാശത്തിന്റെ അടിസ്ഥാനത്തിൽ നടക്കണമെന്നാണല്ലോ നിയമം. മുനിസിപ്പാലിറ്റികളിലേക്കുള്ള തിരഞ്ഞെടുപ്പ് ചില സ്ഥലങ്ങളിൽ ആരംഭിച്ചുകഴിഞ്ഞു. പ്രാദേശികങ്ങളായ ഈ തിരഞ്ഞെടുപ്പുകൾ നിയമസഭയിലേക്കുള്ള തിരഞ്ഞെടുപ്പിനെക്കാൾ പ്രാധാന്യം കൂടിയതാണെന്നുവേണം പറയുവാൻ. കാരണം, പ്രാദേശികങ്ങളായ പ്രശ്നങ്ങളുടെ ഗുണകരമോ ദോഷകരമോ ആയ പരിഹാരങ്ങൾ ഈ തിരഞ്ഞെടുപ്പുകളെയാണ് ആശ്രയിച്ചിരിക്കുന്നത്. ഈ തിരഞ്ഞെടുപ്പുകളിലും തിരു-കൊച്ചിയിൽ പ്രധാനമായ മത്സരം കോൺഗ്രസ്സും കമ്മ്യൂണിസ്റ്റും പാർട്ടികൾ തമ്മിലാണ്. കമ്മ്യൂണിസ്റ്റുകാർ സന്ദർഭോചിതങ്ങളായ അടവുകൾ പ്രയോഗിച്ച് ജനാധിപത്യത്തിന്റെ നാമത്തിലും ഭാവത്തിലും ഇപ്പോൾ മുന്നിട്ടിറങ്ങിയിരിക്കുന്നു. ആർ. എസ്. പി., കെ. എസ്. പി. പ്രജാസോഷ്യലിസ്റ്റ് എന്നീ പാർട്ടികളുമായി കമ്മ്യൂണിസ്റ്റ് പാർട്ടിക്ക് ആന്തരികമായ യോജിപ്പില്ലെങ്കിലും കോൺഗ്രസ്സിനെ തോല്പിക്കുവാൻ ആവശ്യമാണെന്ന് കാണുന്നിടത്ത് ആ പാർട്ടികളുടെ കൂട്ടുപിടിക്കുവാൻ അവർക്ക് മടിയില്ല. കമ്മ്യൂണിസ്റ്റുകാരോ വിഭാഗം കോൺഗ്രസ്സ് വിരോധികളുമായ സ്വതന്ത്രന്മാരുടെ സഹായവും അവർ സ്വീകരിക്കാതിരിക്കുകയില്ല. കഴിഞ്ഞ നിയമസഭാതിരഞ്ഞെടുപ്പിൽ ഈ അടവുകളെല്ലാം സ്വീകരിച്ചതിന്റെ ഫലമായിട്ടാണ് നിയമസഭയിൽ ശക്തിയേറിയ പ്രതിപക്ഷം രൂപീകരിക്കുവാൻ അവർക്ക് സാധിച്ചതെന്ന് നമുക്കറിയാം. ഒന്നെങ്കിൽ കോൺഗ്രസ്സ്, അല്ലെങ്കിൽ കമ്മ്യൂണിസ്റ്റ് എന്ന നിലയാണ് തിരുകൊച്ചിയിൽ അവസാനം വന്നുചേരുക. ആകയാൽ രാജ്യത്ത് സമാധാനവും സുസ്ഥിതിയും അഭിവൃദ്ധിയും ആഗ്രഹിക്കുന്നവരെല്ലാം, കത്തോലിക്കർ പ്രത്യേകിച്ചും, ഈ പ്രാദേശികതിരഞ്ഞെടുപ്പുകളിൽ ഏറ്റവും ശ്രദ്ധാലുക്കളായിരിക്കണം. കേവലം വ്യക്തിപരമായ താല്പര്യങ്ങളാൽ പ്രേരിതരായി അനർഹരായ സ്ഥാനാർത്ഥികൾക്ക് തങ്ങളുടെ വോട്ടുകൾ ചെന്നുചേരാതിരിക്കുവാൻ വളരെ സൂക്ഷിക്കണം.

## മെത്രാന്മാരും തിരഞ്ഞെടുപ്പുകളും

തിരഞ്ഞെടുപ്പുകളിൽ കത്തോലിക്കാവോട്ടറന്മാർ അവശ്യം അറിഞ്ഞിരിക്കേണ്ട നിർദ്ദേശങ്ങൾ അവരുടെ മെത്രാന്മാർ ഇടയലേഖനമുഖേനയും മറ്റും നൽകാറുണ്ട്. സ്വേച്ഛാധിപത്യം നടമാടുന്ന രാജ്യങ്ങളിൽ—മുമ്പിലത്തെ നാസി രാജ്യങ്ങളിലും ഇപ്പോഴത്തെ കമ്മ്യൂണിസ്റ്റ് രാജ്യങ്ങളിലും മാത്രമേ ഇതു നിരോധിച്ചിട്ടുള്ളു. പ്രജായത്തരാജ്യങ്ങളിലെല്ലാം നിയമാനുസരണമായിട്ടാണ് ഇതു ഗണിക്കപ്പെടുന്നത്. എന്നുവരികിലും ഇൻഡ്യയിലെ തിരഞ്ഞെടുപ്പുനിയമവും ഈ നടപടി അംഗീകരിക്കുന്നുണ്ട്. കഴിഞ്ഞ നിയമസഭാതിരഞ്ഞെടുപ്പുസംബന്ധിച്ചുണ്ടായ കേസ്സുകളിൽ ഈ പ്രശ്നം ഒരു വാദമുഖമായിത്തീരുകയും ആ കേസുകൾ കേട്ടു തീരുമാനിച്ച സ്പെഷൽ കോടതികൾ മെത്രാന്മാരുടെ ആ നടപടികൾ ന്യായാനുസരണമാണെന്ന് സമ്മതിക്കുകയും ചെയ്തിട്ടുണ്ട്. എന്നിരിക്കിലും ഇന്നാട്ടിലെ ചില പ്രമുഖവ്യക്തികളും പത്രങ്ങളും അവരെ ഇപ്പോഴും അപലപിക്കുകയും പ്രതിഷേധിക്കുകയുമാണ് ചെയ്യുന്നത്. മെത്രാന്മാർ തങ്ങളുടെ ഭരണത്തിൽപ്പെട്ട കത്തോലിക്കർക്ക് ഇലക്ഷൻ സംബന്ധിച്ചു നിർദ്ദേശങ്ങൾ നൽകുന്നത് പോളിറ്റിക്സിൽ (രാഷ്ട്രീയകാര്യങ്ങളിൽ) ഉള്ള അനർഹമായ കൈകടത്തലാണെന്നാണ് അവരുടെ ആക്ഷേപം. ഇന്നത്തെ പോളിറ്റിക്സ് എന്താണ്? മതതത്വങ്ങളേയും സന്മാർഗ്ഗതത്വങ്ങളേയും അവയെ അടിസ്ഥാനമാക്കിയുള്ള മൗലികാവകാശങ്ങളേയും സാരമായി ബാധിക്കുന്ന പരിപാടികളോടുകൂടിയതാണ് ഇന്നത്തെ പോളിറ്റിക്സിൽ പലതും. കോൺഗ്രസ്സ് പാർട്ടിയുടെ പോളിറ്റിക്കൽ പരിപാടികൾ അങ്ങനെയുള്ളവയല്ലെന്ന് തല്ക്കാലം സമാധാനിക്കാം. എന്നാൽ കമ്മ്യൂണിസ്റ്റ് പാർട്ടിയുടേയും മറ്റു ചില ഇടതുപക്ഷ പാർട്ടികളുടേയും പൊളിറ്റിക്കൽ പരിപാടികൾ മതവിരുദ്ധവും സന്മാർഗ്ഗവിരുദ്ധവും മൗലികാവകാശവിരുദ്ധവുമാണെന്ന് സുസ്പഷ്ടമല്ലയോ? അങ്ങനെയുള്ള പാർട്ടികൾ നിർത്തുന്ന സ്ഥാനാർത്ഥികൾക്ക് വോട്ടു കൊടുക്കാതിരിക്കേണ്ടത് മതബോധവും സന്മാർഗ്ഗബോധവും മൗലികാവകാശബോധവുമുള്ള ഏതൊരു പൗരന്റെയും കടമയാണ്. ആ കടമ കത്തോലിക്കരെല്ലാത്തവരെ അനുസ്മരിപ്പിക്കുവാനും അതനുസരിച്ച് പ്രവർത്തിക്കണമെന്ന് അവരെ ഉദ്ബോധിപ്പിക്കുവാനും അവരുടെ സമുദായനേതാക്കന്മാർക്കും മതനേതാക്കന്മാർക്കും അവകാശമുണ്ട്. ഈ അവകാശം ആ നേതാക്കന്മാർ എന്തു കാരണവശാലും ഉപയോഗിക്കാതിരിക്കുന്നില്ലായിരിക്കാം. എന്നാൽ കത്തോലിക്കരുടെ വൈദികനേതാക്കന്മാരായ മെത്രാന്മാർക്ക് ആ അവകാശം വിനിയോഗിക്കുവാൻ കടമയുണ്ടെന്നാണ് അവരുടെ ബോധം. അതനുസരിച്ച് അവർ നിർദ്ദേശങ്ങൾ നൽകുന്നു. ആ നിർദ്ദേശങ്ങളുടെ സ്വഭാവം ആലോചിച്ചാൽ കാണാം, അവയ്ക്ക് സാമുദായികമോ വർഗ്ഗീയമോ ആയ ഛായപോലുമില്ലെന്ന്. കത്തോലിക്കർക്ക് നിഷിദ്ധങ്ങളായ പരിപാടികൾ സ്വീകരിക്കുന്ന സ്ഥാനാർത്ഥികൾ ഏതു മതത്തിലും സമുദായത്തിലും വർഗ്ഗത്തിലും പെട്ടവരായാലും ശരി, കത്തോലിക്കർ തന്നെയായിരുന്നാലും ശരി, അവർക്ക് വോട്ടു കൊടുക്കാൻ പാടുള്ളതല്ലെന്നാണ് നിർദ്ദേശം. ഈ സംഗതികൾ എത്രയോ പ്രാവശ്യം പത്രങ്ങളിലും പ്രസംഗങ്ങളിലും വിശദീകരിച്ചിട്ടുള്ളതാണ്! എന്നിട്ടും ചില പ്രമുഖ വ്യക്തികൾക്കും പത്രങ്ങൾക്കും കാണാൻ കണ്ണില്ലാത്തതോ, ഗ്രഹിക്കാൻ ബുദ്ധിയില്ലാത്തതോ, കണ്ടാലും ഗ്രഹിച്ചാലും മനസ്സില്ലാത്തതോ ആശ്ചര്യകരമായിരിക്കുന്നു.

## മോസ്ക്കോയിലും മററും ഗൂഢാലോചനകളും ശുദ്ധീകർമ്മങ്ങളും

സോവ്യറ്റ്റഷ്യയിലും അതിന്റെ പിടിയിലമർന്ന് അതിലെ ഭരണസമ്പ്രദായം സ്വീകരിച്ചിരിക്കുന്ന കമ്മ്യൂണിസ്റ്റ് രാജ്യങ്ങളിലും ഏകപാർട്ടിയുടെ സ്വേച്ഛാധിപത്യം നടമാടുന്നതുകൊണ്ട് ഭരണീയർക്കുള്ള അതൃപ്തി പ്രതിഷേധപ്രസ്ഥാനങ്ങളായും ഗൂഢാലോചനകളായും മാത്രമേ പ്രത്യക്ഷപ്പെടുവാൻ നിവൃത്തിയുള്ളു. അവയെ അധികാരികൾ ഏറ്റവും ഭയപ്പെടുകയും, വല്ല സംശയവും തോന്നിയാൽ അവയിൽ നേതൃത്വം വഹിക്കുന്നവരെന്ന് ന്യായമായോ അന്യായമായോ വിചാരിക്കപ്പെടുന്നവരെ ശുദ്ധീകർമ്മപ്രസ്ഥാനംമുഖേന കാരാഗൃഹത്തിലടയ്ക്കുകയോ വധിക്കുകയോ ചെയ്യുക പതിവാണ്. അത്തരം ഒരു സംഭവം ഈയിടെ റഷ്യയിൽ ഒച്ചപ്പാടുണ്ടാക്കിയിരിക്കുന്നു. സ്റ്റാലിന്റെ ഉററ മിത്രവും പൊളിറ്റ് ബ്യൂറോയിലെ പ്രമുഖാംഗവുമായിരുന്ന സ്ഡാനോവ് 1948 ൽ മൃതിയടഞ്ഞു. അതിനു കാരണം അദ്ദേഹത്തെ ചികിത്സിച്ച ഡാക്ടർമാർ മനഃപൂർവ്വം മരിപ്പിക്കുകയായിരുന്നെന്ന് ഇപ്പോൾ സംശയിച്ചു. അവരിൽ 9 പേരടങ്ങിയ രാഷ്ട്രത്തിനെതിരായ ഗൂഢാലോചനക്കുററം ആരോപിച്ച് അവരെ ശുദ്ധീകർമ്മത്തിന് വിധേയരാക്കി. വിസ്താരത്തിനിടയിൽ അവർ കുററം ഏററുപറഞ്ഞെന്നും റിപ്പോർട്ടുചെയ്യപ്പെട്ടിരിക്കുന്നു. ജീവകാരുണ്യപരമായ വേഷം ധരിക്കുന്ന ഒരു യഹൂദസംഘടനയുടെ ചാരന്മാരായി ഈ ഡോക്ടർമാർ അപലപിക്കപ്പെട്ടിരിക്കുകയാണ്. പ്രസ്തുത യഹൂദസംഘടന ന്യൂയോർക്കിൽ മുമ്പ് സ്ഥാപിച്ചതാണെന്നും, റഷ്യയിലുണ്ടായിരുന്ന അതിന്റെ ശാഖ 1938-ൽതന്നെ പിരിച്ചുവിട്ടെന്നും സംഘടനയുടെ ഒരു വക്താവ് ചൂണ്ടിക്കാണിച്ചിട്ടുണ്ട്. വിദേശരാജ്യങ്ങളുമായി സമ്പർക്കം ചെലുത്തുകയോ ഏതെങ്കിലും സാർവ്വദേശീയ സംഘടനയിൽ ഏതെങ്കിലും അംഗമായിരിക്കുകയോ ചെയ്താൽ മതി, ഒരുവൻ സോവ്യറ്റുയൂണിയനിൽ രാജ്യദ്രോഹിയായി സംശയിക്കപ്പെടുവാനെന്നാണ്, 1930 മുതലുള്ള ദശവത്സരത്തിൽ നടന്ന ഭയങ്കരമായ റഷ്യൻ ശുദ്ധീകർമ്മപ്രസ്ഥാനത്തെ പരാമർശിച്ച് സ്വന്തം അനുഭവങ്ങളെ ഉള്ളടക്കി ഗ്രന്ഥമെഴുതിയിട്ടുള്ള ചിലർ പ്രസ്താവിക്കുന്നത്. റഷ്യയിൽ ഇന്നു യഹൂദന്മാർ 20 ലക്ഷത്തോളമുണ്ട്. യഹൂദന്മാരിൽ ഭൂരിപക്ഷവും അകമ്മ്യൂണിസ്റ്റ് രാജ്യങ്ങളിൽ വസിക്കുന്നവരാകയാൽ റഷ്യയിലെ യഹൂദന്മാർ പ്രത്യേകമായ സംശയത്തിനു പാത്രമായിരിക്കുകയാണ്. പ്രസ്തുത യഹൂദഡോക്ടർമാർ കുററം ഏററുപറഞ്ഞെങ്കിൽ അതിനൊന്നും വിലയും കല്പിക്കേണ്ടതില്ല. ഫലപ്രദമായ ഗൂഢാലോചനകളൊന്നും കമ്മ്യൂണിസ്റ്റുരാജ്യങ്ങളിൽ നടക്കാൻ നിവൃത്തിയില്ലാത്തതിനാൽ മോസ്ക്കോയിലെ ഇപ്പോഴത്തെ ബഹളത്തിന്റെ അടിയിൽ കിടക്കുന്നതെന്തെന്ന് നമുക്കറിഞ്ഞുകൂടാ.

അടുത്തു കുറേമുമ്പ് ചെക്കോസ്ലോവാക്കിയായുടെ തലസ്ഥാനമായ പ്രേഗിൽ ചില കമ്മ്യൂണിസ്റ്റ് മന്ത്രിമാരേയും വൻകിട ഉദ്യോഗസ്ഥന്മാരേയും ശുദ്ധീകർമ്മത്തിന് വിധേയരാക്കി. കിഴക്കേ ജർമ്മനിയിലെ (കമ്മ്യൂണിസ്റ്റ്) വിദേശകാര്യമന്ത്രി രാഷ്ട്രത്തിനെതിരായി "സാമ്രാജ്യശക്തി"കളുമായി ഗൂഢാലോചന നടത്തിയെന്ന കുററം ആരോപിച്ച് അറസ്റ്റുചെയ്യപ്പെട്ടതായി റിപ്പോർട്ടുണ്ട്. ആ വാർത്ത കേട്ടപ്പോൾ പ്രസ്തുത മന്ത്രിസഭയിലെ ഉദ്യോഗസ്ഥന്മാർ പലരും രാജ്യംവിട്ടോടിയതായി പറയപ്പെടുന്നു. കിഴക്കേ ജർമ്മനി ചെക്കോസ്ലോവാക്യാ പ്രേഗിലുള്ള തന്റെ സ്ഥാനപതികളെ തിരികെ വിളിച്ചുവെന്നും റിപ്പോർട്ടുണ്ട്. സോവ്യറ്റുയൂണിയൻ ആക്രമിച്ച് അതിന്റെ ഭാഗമായി ചേർക്കുകയും കമ്മ്യൂണിസ്റ്റ്ഭരണം ഏർപ്പെടുത്തുകയും ചെയ്ത ബാൾട്ടിക് രാജ്യങ്ങളിലൊന്നായ എസ്റ്റോണിയായിൽനിന്നും ശുദ്ധീകർമ്മപ്രസ്ഥാനത്തിന്റെ റിപ്പോർട്ടുണ്ടായിരിക്കുന്നു. അവിടത്തെ രണ്ട് ഉപപ്രധാനമന്ത്രികളെ ഹൈക്കോർട്ടിന്റെ പൂർണ്ണയോഗത്തിൽവച്ച് ഡിസ്മിസ് ചെയ്തുവത്രെ. ഇതിന്റെയെല്ലാം അർത്ഥമെന്താണെന്ന് ഒരു പിടിയും കിട്ടുവാൻ ഇപ്പോൾ നമുക്ക് സാദ്ധ്യമല്ല.


## സത്യദീപം വരിസംഖ്യ

| | പ്രതിവർഷം |
|---|---|
| ഇൻഡ്യയിൽ | 6—8—0 |
| ഇൻഡ്യക്കു പുറമെ | 8—0—0 |


## അടുത്തയാഴ്ചയിൽ

ഫെബ്രുവരി

1 ഞാ: 70-ാം ഞായർ
2 തി: കന്യകാമറിയത്തിന്റെ ശുദ്ധീകരണം
3 ചൊ: ബ്ളാസിയോസ്
4 ബു: അന്ത്രയോസ് കർസീനി
5 വ്യാ: അഗത
6 വെ: തീത്തോസ്
7 ശ: റോമുവാൾദോസ്.

## സഭാമർദ്ദനം

കിഴക്കൻ യൂറോപ്പിലും ചൈനയിലും കൂടി ഇതുവരെ 99 മെത്രാന്മാരുൾപ്പെടെ 50,000-ൽപ്പരം കത്തോലിക്കാവൈദികരെ കമ്മ്യൂണിസ്റ്റുകാർ തടങ്കലിൽ വയ്ക്കുകയോ അസ്വാതന്ത്ര്യരാക്കുകയോ ചെയ്തിട്ടുണ്ടെന്ന് വത്തിക്കാൻ കേന്ദ്രങ്ങൾ കണക്കാക്കിയിരിക്കുന്നു. ഇവരിൽ 45000 വൈദികരും സോവ്യറ്റുയൂണിയനിൽത്തന്നെയുള്ളവരാണത്രെ.

## ഈജിപ്തിൽ അറസ്റ്റ്

ജനറൽ നജീബിന്റെ ഭരണകൂടം തകർക്കാൻ ഗൂഢാലോചന ചെയ്തു എന്ന കാരണത്താൽ 25 സൈനികോദ്യോഗസ്ഥന്മാർ അറസ്റ്റുചെയ്യപ്പെട്ടിരിക്കുന്നു. രാജ്യത്തിൽ അസ്വാസ്ഥ്യമുളവാക്കുന്നു എന്ന ന്യായത്തിന്മേൽ എല്ലാ രാഷ്ട്രീയ പാർട്ടികളേയും പിരിച്ചുവിടുകയും അവയുടെ വസ്തുവകകൾ കണ്ടുകെട്ടുകയും കൂടി ചെയ്തിരിക്കുന്നു.

## ട്രൂമന്റെ പ്രസംഗം

ഭരണംവച്ചൊഴിയുന്നതിന് അഞ്ചുദിവസംമുമ്പ് (ജനുവരി 15-ാംനു) അമേരിക്കൻ പ്രസിഡണ്ട് ട്രൂമൻ ചെയ്ത പ്രസംഗത്തിൽ സോവ്യറ്റ്റഷ്യയെപ്പററി ഇപ്രകാരം പ്രസ്താവിക്കുകയുണ്ടായി: "അവരുടെ സമുദായത്തിൽ മാരകമായ ഒരു ന്യൂനതയുണ്ട്. അവരുടെ പദ്ധതി നിരീശ്വരത്വത്തിൽ അടിയുറച്ചതാണ്; അടിമത്തത്തെ വളർത്തുന്നതാണ്. അവിടെ സ്വാതന്ത്ര്യമില്ല; സമ്മതമില്ല. ഇരുമ്പുമറ, രഹസ്യപ്പോലീസ്, ഇടയ്ക്കിടെയുള്ള ശുദ്ധീകരണം, ഇവയെല്ലാം മൗലികമായ ഒരു വലിയ ബലഹീനതയുടെ അടയാളങ്ങളാണ് — ഭരണാധികാരികൾക്ക് സ്വന്തം ജനങ്ങളെപ്പററിയുള്ള ഭയത്തിന്റെ."

# ഇടവകവാർത്തകൾ

പള്ളിക്കാട്ട്: മരിയസഖ്യത്തിൻെറ പ്രഥമവാർഷികം ജനുവരി 11-ാംനു റവ. ഫാ. പോൾ ചിററിലപ്പിള്ളിയുടെ അദ്ധ്യക്ഷതയിൽ ആഘോഷിക്കപ്പെട്ടു. മി. വർക്കി വടക്കൻ ഒരു പ്രസംഗം ചെയ്തു.

—അന്ത്യാള: സൊഡാലിററി, സൺഡേസ്കൂൾ, ലീജിയൻ ഓഫ് മേരി എന്നിവയുടെ സംയുക്തവാർഷികം ജനു. 4-ാംനു റവ. ഫാ. ജേക്കബ് വെള്ളരിങ്ങാട്ടിൻെറ അദ്ധ്യക്ഷതയിൽ കൊണ്ടാടപ്പെട്ടു. മെ എൻ ജിയോപ്പോൾ ബി എസ് സി, എ ആൻഡ്രൂസ് ബി എ എന്നിവർ പ്രസംഗിച്ചു.

—എങ്ങണ്ടിയൂർ: മരിയസഖ്യത്തിൻെറ 26-ാമത്തെ വാർഷികം റവ. ഫാ. ജോർജ്ജ് ചിറമേലിൻെറ അദ്ധ്യക്ഷതയിൽ ഡിസം. 28-ാംനു ആഘോഷിക്കപ്പെട്ടു. കുമാരി എ ടി മറിയമ്മ ബി എ എൽ ടി പ്രസംഗിച്ചു.

—വയററില: വിൻസെൻറ് ഡി പോൾ സഖ്യത്തിൻെറയും മരിയസഖ്യത്തിൻെറയും സംയുക്തവാർഷികം പ്രമാണിച്ച് ജനു. 11-ാംനു റവ. ഡോക്ടർ ജോൺ നെടുന്തിലത്തിൻെറ അദ്ധ്യക്ഷതയിൽ ചേർന്ന പൊതുയോഗത്തിൽ കുമാരി റീത്താ പോൾ ബി എ, കെ എം കെ ജോസഫ് ചെട്ടുങ്കനാം, ജോസഫ് മഞ്ഞൂരാൻ എം എ എൽ ടി എന്നിവർ പ്രസംഗിച്ചു.

—തലയോലപ്പറമ്പ്: വിൻസെൻറ് ഡി പോൾ സഖ്യം, സൊഡാലിററി, മിഷൻലീഗ് എന്നിവയുടെ സംയുക്തവാർഷികം ജനു. 5-ാംനു റവ. ഫാ. പീററർ വട്ടപ്പറമ്പിലിൻെറ അദ്ധ്യക്ഷതയിൽ കൊണ്ടാടപ്പെട്ടു. കെ. പോൾ മാൻവെട്ടം ബി എ ബി എൽ, പി എം കുര്യാക്കോസ് ബി എ ബി എൽ എന്നിവർ പ്രസംഗിച്ചു.

—കൊഴുവനാൽ: വിൻസെൻറ് ഡി പോൾ സഖ്യത്തിൻെറ 6-ാമത്തെ വാർഷികവും സഖ്യത്തിൻെറ ആഭിമുഖ്യത്തിൽ സ്ഥാപിച്ചിട്ടുള്ള അനാഥമന്ദിരത്തിൻെറ ഉൽഘാടനവും സംബന്ധിച്ച് ജനു. 14-ാംനു വെരി റവ. ഫാ. കാസ്റ്റർ സി ഡി യുടെ അദ്ധ്യക്ഷതയിൽ കൂടിയ പൊതുയോഗത്തിൽവച്ച് മി. കെ.കെ. മാപറമ്പൻ ഒരു കഥാപ്രസംഗം നടത്തുകയുണ്ടായി.

—ആണ്ടൂർ: മൌണ്ട് കാർമ്മൽ ഇടവകയിലെ സൊഡാലിററിയുടെ വാർഷികം പ്രമാണിച്ച് ജനു. 11-ാംനു കൂടിയ യോഗത്തിൽ റവ. ഫാ. സെബാസ്റ്റ്യൻ പ്ലാത്തോട്ടം അദ്ധ്യക്ഷതവഹിക്കുകയും മി ജെ വി കുര്യാക്കോസ്, മിസ് ലീലാ, ജോൺ പുളിക്കീൽ എന്നിവർ പ്രസംഗിക്കുകയും ചെയ്തു.

—വല്ലർപാടം: സൊഡാലിററിയുടെ ആഭിമുഖ്യത്തിൽ ജനു. 11-ാംനു റവ. ഫാ. സെറാഫിൻ ബെനഡിക്ടിൻെറ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽവച്ച് അടുത്ത വർഷത്തേക്കുള്ള ഭാരവാഹികളെ തിരഞ്ഞെടുത്തിരിക്കുന്നു.

—അകപ്പറമ്പ്: റവ. ഫാ. മത്തായി വാഴപ്പിള്ളി ഫാത്തിമാമാതാവിൻെറ ഒരു മനോഹരരൂപം ദേക്കാട്ടുപള്ളിക്കു സംഭാവനചെയ്തിരിക്കുന്നു.

—മുട്ടപ്പുഴ: ചുങ്കം പള്ളിമേടയിൽ ജനു. 18-ാംനു കൂടിയ പൊതുയോഗത്തിൽവച്ച് മിഷൻലീഗിൻെറ ഒരു ശാഖ ഉൽഘാടനം ചെയ്യപ്പെട്ടിരിക്കുന്നു.

—നീറിക്കോട്: വിൻസെൻറ ഡി പോൾ സഖ്യത്തിൻെറ പ്രഥമവാർഷികം ജനു. 18-ാംനു റവ. ഫാ. കുര്യാക്കോസ് മൂലയിൽ അവർകളുടെ അദ്ധ്യക്ഷതയിൽ ആഘോഷിക്കപ്പെട്ടു. ബ്രദർ പോൾ തെക്കുംപള്ളി പ്രസംഗിച്ചു

—വാകക്കാട്: മിഷൻലീഗിൻെറ ആഭിമുഖ്യത്തിൽ ജനു. 18-ാംനു കൂടിയ യോഗത്തിൽവച്ച് അടുത്തകൊല്ലത്തേക്കുള്ള ഭാരവാഹികളെ തിരഞ്ഞെടുത്തിരിക്കുന്നു.

— കുന്നമുച്ചി: മരിയാസഖ്യത്തിൻെറ 15-ാമത്തെ വാർഷികം ജനു. 18-ാംനു വെരി റവ. ഫാ. ദേവസ്സി ചിറയത്തിൻെറ അദ്ധ്യക്ഷതയിൽ ആഘോഷിക്കപ്പെട്ടു. കെ. ടി സി ചാക്കുണ്ണി ബി എ, പി ഡി ഔസേപ്പ് എന്നിവർ പ്രസംഗിച്ചു.

— ചേലക്കര: ജനുവരി 16, 17, 18 എന്നി തിയതികളിൽ യഥാക്രമം തൃശ്ശൂർ മെത്രാൻ, മോൺ. പോൾ കാക്കശ്ശേരി, തിരുവല്ലാ മെത്രാൻ എന്നിവരുടെ അദ്ധ്യക്ഷതയിൽ പ്രസംഗയോഗങ്ങൾ നടത്തപ്പെട്ടിരിക്കുന്നു.

— ഒല്ലൂർ: ബാലികാമരിയസഖ്യത്തിൻെറ 10-ാം വാർഷികവും, മിഷൻസർക്കിൾ, സി ഇ സി എന്നിവയുടെ [illegible] വാർഷികവും ജനു. 18-ാംനു റവ. ഡോക്ടർ തോമസ് മൂത്തേടൻ എം എ യുടെ അദ്ധ്യക്ഷതയിൽ ആഘോഷിക്കപ്പെട്ടു. ശ്രീമതി ത്രേസ്യാമ്മ കള്ളിയത്ത് ബി എ ബി എൽ, മി. വർക്കി വടക്കൻ എന്നിവർ ഓരോ പ്രസംഗം ചെയ്തു.

## വിവാഹം

ഒല്ലൂക്കര: സ്ഥലം സത്യദീപം ഏജൻറ് ശ്രീ അന്നാശ്ശേരി ദേവസ്യയുടെ മകൾ മേരിക്കുട്ടിയും തലയോലപ്പറമ്പിൽ കാലായിൽ ശ്രീ വറുഗീസിൻെറ പുത്രൻ ചാക്കോച്ചനും തമ്മിലുള്ള വിവാഹം ജനു. 19-ാംനു തലയോലപ്പറമ്പ് പള്ളിയിൽവച്ച് നടന്നിരിക്കുന്നു.

## ചരമം

മീനച്ചിൽ: പൂവത്താനിക്കൽ അബ്രാഹം അവർകൾ ഡിസം. 20-ാംനു 64-മത്തെ വയസ്സിൽ നിര്യാതനായിരിക്കുന്നു.

— അകപ്പറമ്പ്: ശ്രീ പി യു പൗലോസ് ഡിസംബർ 25-ാംനു 65-ാമത്തെ വയസ്സിലും, തെക്കിനേത്ത് ശ്രീ ചാക്കുണ്ണി ജനുവരി 13-ാംനു 80-ാമത്തെ വയസ്സിലും ചരമമടഞ്ഞിരിക്കുന്നു.

— കോട്ടപ്പടി: കളമ്പുകാട്ട് ശ്രീ മത്തായിയുടെ ഭാര്യ ശ്രീമതി മറിയം പ്രസവസംബന്ധമായ സുഖക്കേടുമൂലം ജനുവരി 14-ാംനു 23-ാമത്തെ വയസ്സിൽ നിര്യാതയായിരിക്കുന്നു.

R I P

# തിരുകൊച്ചിവാർത്തകൾ

### തിരുവിതാംകൂർനാണയങ്ങൾ

തിരുവിതാംകൂർനാണയങ്ങൾ 1953 മാർച്ച് 31വരെ മാത്രം നിലവിലിരിക്കുമെന്നും അതുവരെ അവ ട്രഷറികളിൽ സ്വീകരിച്ച് പകരം ഇൻഡ്യൻ നാണയങ്ങൾ നൽകുന്നതാണെന്നും പൊതുജനങ്ങളുടെ അറിവിലേക്കായി ഗവർമ്മെണ്ടിൽനിന്നും ഒരു പ്രസ്നോട്ട് പ്രസിദ്ധപ്പെടുത്തിയിരിക്കുന്നു.

### ജസ്റ്റിസ് എം. എസ്. മേനോൻ

തിരു-കൊച്ചി ഹൈക്കോടതിയിലെ ഒരു ജഡ്ജിയായി ബാരിസ്റ്റർ എം എസ് മേനോനെ ഇൻഡ്യൻ പ്രസിഡണ്ട് നിയമിച്ചിരിക്കുന്നു ഇതോടെ തിരു-കൊച്ചി ഹൈക്കോടതിക്ക് പരമാവധി അനുവദിച്ചിട്ടുള്ള 8 ജഡ്ജിമാരും തികഞ്ഞിരിക്കുന്നു.

### മുനിസിപ്പൽ തിരഞ്ഞെടുപ്പ്

തിരുകൊച്ചിയിൽ നടന്ന മുനിസിപ്പൽ തിരഞ്ഞെടുപ്പിൻെറ ഫലം ഇതുവരെ അറിവായിടത്തോളം താഴെ ചേർക്കുന്നു:

തിരുവനന്തപുരം

| | |
|---|---|
| പ്രജാസോഷ്യലിസ്റ്റ് പാർട്ടി | 13 |
| കോൺഗ്രസ് | 10 |
| സ്വതന്ത്രന്മാർ | 9 |
| പൗരമുന്നണി | 3 |
| ആർ എസ് പി | 3 |
| വെല്ലൂഷനറി കമ്മ്യൂ പാർട്ടി | 1 |
| കെ എസ് പി | 1 |

ആലപ്പുഴ

| | |
|---|---|
| ഐക്യമുന്നണി | 17 |
| കോൺഗ്രസ് | 13 |
| സ്വതന്ത്രന്മാർ | 6 |

തിരുവല്ല

| | |
|---|---|
| സ്വതന്ത്രന്മാർ | 14 |
| കോൺഗ്രസ് | 6 |

ആലുവ

| | |
|---|---|
| കോൺഗ്രസ് | 13 |
| നഗരോദ്ധാരണസമിതി | 2 |
| സ്വതന്ത്രർ | 1 |

മാവേലിക്കര

| | |
|---|---|
| കോൺഗ്രസ് | 11 |
| നഗരസേവാസമിതി | 3 |
| സ്വതന്ത്രന്മാർ | 2 |

കൊല്ലം

| | |
|---|---|
| കോൺഗ്രസ് | 11 |
| ജനാധിപത്യമുന്നണി | 2 |
| സ്വതന്ത്രർ | 2 |

(കൊല്ലം തിരഞ്ഞെടുപ്പുഫലം മുഴുവൻ അറിവായിട്ടില്ല)

ചെങ്ങന്നൂർ

| | |
|---|---|
| സ്വതന്ത്രർ | 7 |
| കോൺഗ്രസ് | 1 |
| ആർ എസ് പി | 1 |
| കമ്മ്യൂണിസ്റ്റ് | 1 |

(ഇനി 4 വാർഡിലെ കൂടി ഫലം അറിയാനുണ്ട്.)

# ഇൻഡ്യാവാർത്തകൾ

### കോൺ ഭരണഘടനയിൽ ഭേദഗതി

ഇൻഡ്യൻ നാഷണൽ കോൺഗ്രസിൻെറ ഭരണഘടനയിൽ വരുത്തേണ്ട ഭേദഗതികളെപ്പററി തങ്ങൾക്കുള്ള നിർദ്ദേശങ്ങൾ കഴിയുന്നതും വേഗം കേന്ദ്ര ഓഫീസിൽ അറിയിക്കണമെന്നു കാണിച്ച് എ ഐ സി സി ഓഫീസിൽനിന്നും എല്ലാ എ ഐ സി സി അംഗങ്ങൾക്കും പ്രദേശ് കോൺഗ്രസ്കമ്മിററിയംഗങ്ങൾക്കും സർക്കുലർ അയച്ചിരിക്കുന്നു.

### വൈദ്യശാസ്ത്രവിദഗ്ദ്ധന്മാർ ഇൻഡ്യയിലേക്ക്

ഏററവും ആധുനികമായ വൈദ്യശാസ്ത്രവിജ്ഞാനം ഇൻഡ്യയിലെ ഡോക്ടർമാർക്ക് നൽകുന്നതിനായി ഇൻഡ്യാഗവർമ്മെണ്ടിൻെറ ക്ഷണപ്രകാരം വിശ്വവിഖ്യാതരായ 15 വൈദ്യശാസ്ത്രവിദഗ്ദ്ധന്മാർ ലോകാരോഗ്യസംഘടനയുടെ ആഭിമുഖ്യത്തിൽ ഫെബ്രുവരി ആദ്യവാരം ഇൻഡ്യയിലെത്തുന്നതാണെന്നറിയുന്നു.

# വിദേശവാർത്തകൾ

### വിമോചനമുന്നണി

ഈജിപ്റ്റിൽ പിരിച്ചുവിട്ട രാഷ്ട്രീയപാർട്ടികളുടെ സ്ഥാനത്തു "വിമോചനമുന്നണി" എന്ന പേരിൽ ഒരു പുതിയ പാർട്ടി പ്രവർത്തിച്ചിരിക്കുന്നതായി ജനറൽ നഗീബ് പ്രഖ്യാപിച്ചിരിക്കുന്നു.

### പ്രസിഡൻറിൻെറ സ്ഥാനാരോഹണം

ജനുവരി 20-ാംനു ജനറൽ ഐസനോവർ സത്യപ്രതിജ്ഞചെയ്തു അമേരിക്കൻ പ്രസിഡണ്ടായി സ്ഥാനാരോഹണം ചെയ്തിരിക്കുന്നു: സത്യപ്രതിജ്ഞയിലെ വാചകമിതാണ്: "ഐക്യനാടുകളിലെ പ്രസിഡൻറിൻെറ ജോലി ഞാൻ വിശ്വസ്തതാപൂർവ്വം നിർവ്വഹിക്കുമെന്നും ഞാൻ സാദ്ധ്യമാംവിധം സത്യപ്രതിജ്ഞചെയ്യുന്നു. എനിക്കു കഴിയുന്ന വിധത്തിലെല്ലാം ഐക്യനാടുകളുടെ ഭരണഘടനയെ നിലനിർത്തുകയും സംരക്ഷിക്കുകയും പരിരക്ഷിക്കുകയും ചെയ്യുന്നതാണെന്നും ഞാൻ സത്യംചെയ്യുന്നു. ദൈവം എന്നെ അതിനു സഹായിക്കട്ടെ."

### പ്രസിഡൻറിൻെറ പ്രാർത്ഥന

സത്യപ്രതിജ്ഞചെയ്ത ഉടൻതന്നെ പ്രസിഡൻറ് ഐസനോവർ ദൈവസമക്ഷം സ്വന്തമായൊരു പ്രാർത്ഥന സമർപ്പിച്ചു. സ്ഥാനാരോഹണച്ചടങ്ങുകളിൽ സംബന്ധിക്കുവാനായി വന്നിരുന്ന എല്ലാവരോടും പ്രാർത്ഥനയിൽ പങ്കെടുക്കുവാൻ അദ്ദേഹമഭ്യർത്ഥിച്ചു. പ്രാർത്ഥന ഇതായിരുന്നു:—

"സർവ്വശക്തനായ ദൈവമേ! ഇപ്പോൾ ഇവിടെ നിന്നുകൊണ്ടു ഗവർമ്മെൻറിൻെറ എക്സിക്യൂട്ടീവ് ശാഖയിൽപ്പെടുന്ന മററിയിലെ എൻെറ സഹപ്രവർത്തകരും ഞാനുംകൂടി അങ്ങയോട് അപേക്ഷിക്കുന്നു എന്തെന്നാൽ, ഇവിടെ കൂടിയിരിക്കുന്ന ജനങ്ങളുടേയും എല്ലാ ദിക്കിലുമുള്ള അവരുടെ സഹപൗരന്മാരുടേയും സേവനത്തിനായുള്ള ഞങ്ങളുടെ ആത്മാർപ്പണത്തെ സമ്പൂർണ്ണവും അന്യൂനവുമാക്കണമെന്നാണ്. ശരിയിൽനിന്നു തെററിനെ വ്യക്തമായി തിരിച്ചറിയാൻ വേണ്ട ശക്തി ഞങ്ങൾക്കു തരണമെന്നും, ഞങ്ങളുടെ എല്ലാ വാക്കുകളും പ്രവൃത്തികളും അതിനാലും ഈ രാജ്യത്തെ നിയമങ്ങളാലും ഭരിക്കപ്പെടുന്നതിനു ഇടയാക്കണമെന്നും ഞങ്ങളർത്ഥിക്കുന്നു,

"സാമൂഹ്യനില, വർഗ്ഗം, ജീവിതവൃത്തി എന്നിവ പരിഗണിക്കാതെ എല്ലാവരുടേയും കാര്യത്തിൽ ശ്രദ്ധാലുക്കളായിരിപ്പാൻ ഞങ്ങൾക്കിടവരുത്തണമെന്നു ഞങ്ങൾ പ്രാർത്ഥിക്കുന്നു. ഞങ്ങളുടെ ഭരണഘടന അനുവദിക്കുന്നതനുസരിച്ചു വ്യത്യസ്തങ്ങളായ രാഷ്ട്രീയകക്ഷികളിൽ പെട്ടിരിക്കുന്നവർ പരസ്പരസഹകരണം പുലർത്തുകയും അതു ഞങ്ങളുടെ ലക്ഷ്യമായി കരുതുകയും ചെയ്യട്ടെ. അങ്ങനെ എല്ലാവരും ഞങ്ങളുടെ പ്രിയപ്പെട്ട രാജ്യത്തിൻെറ നന്മയ്ക്കായും അങ്ങേ മഹത്വത്തിനായും വേലചെയ്യുവാൻ ഇടവരട്ടെ. ആമേൻ."

### ഉൽഘാടനപ്രസംഗം

മുൻപ്രസിഡൻറു മി ട്രൂമാൻ ഹസ്തദാനം ചെയ്യുകയും അദ്ദേഹത്തിൻെറ പത്നിയെ അഭിവാദ്യംചെയ്യുകയും ചെയ്തശേഷം പ്രസിഡൻറ് ഐസനോവർ ഉൽഘാടനപ്രസംഗം നടത്തി. ദൈവത്തിൻെറ മാർഗ്ഗദർശനം അഭ്യർത്ഥിക്കുന്നതായും ദൈവപരിപാലനയിലുള്ള വിശ്വാസത്തെ പ്രഖ്യാപിക്കുന്നതായും പ്രസംഗത്തിൽ വ്യക്തമാക്കിയിരുന്നു. ദൈവസഹായം പ്രാർത്ഥിച്ചുകൊണ്ടാണു പ്രസംഗം സമാപിച്ചതും. ഒമ്പതു മൗലികതത്വങ്ങൾ അദ്ദേഹത്തിൻെറ വഴികാട്ടികളായിരിക്കുമെന്നും അദ്ദേഹം വ്യക്തമാക്കി. അവ താഴെ ചേർക്കുന്നവയാണ്: 1. യുദ്ധത്തെ വെറുക്കുക 2. സുരക്ഷിതത്വത്തിനുവേണ്ടി ആത്മാഭിമാനം ബലികഴിക്കാതിരിക്കുക 3. അമേരിക്കയുടെ ശക്തിയും സുസ്ഥിതിയും ലോകം മുഴുവനിലുമുള്ള സ്വതന്ത്രജനങ്ങളുടെ പ്രത്യാശയുടെ അടിസ്ഥാനമായ ഒരു ട്രസ്റ്റായി പരിഗണിക്കുക. 4. അമേരിക്കയുടെ ശക്തി സ്വന്തം രാഷ്ട്രീയ സാമ്പത്തികസിദ്ധാന്തങ്ങൾ മററു ജനപദങ്ങളുടെമേൽ കെട്ടിവയ്ക്കുന്നതിനായി വിനിയോഗിക്കാതിരിക്കുക. 5. സ്വാതന്ത്ര്യം അഭിലഷിക്കുന്ന എല്ലാ ജനതകളുടേയും സുരക്ഷിതത്വത്തിനും ക്ഷേമത്തിനും വേണ്ട സഹായം നൽകുക. 6. സൈനികശക്തിക്കും സ്വതന്ത്രലോകത്തിൻെറ സമാധാനത്തിനും സാമ്പത്തികശക്തി ആവശ്യമാകയാൽ തദനുസരണമായ സഹായം പിന്നോക്കരാജ്യങ്ങൾക്കു നൽകുക. 7. ഐക്യരാഷ്ട്രസമിതിയുടെ ചട്ടക്കൂട്ടിൽ ഒതുങ്ങിനിന്നുകൊണ്ട്, സ്വതന്ത്രരാഷ്ട്രങ്ങളുടെ പ്രാദേശികസംഘടനകൾ രൂപവൽക്കരിക്കാൻ പരിശ്രമിക്കുക. 8. എല്ലാ ഭൂഖണ്ഡങ്ങളേയും ജനങ്ങളേയും തുല്യമായി പരിഗണിക്കുകയും, ഒരു വർഗ്ഗത്തെ മറെറാരു വർഗ്ഗത്തേക്കാളും ഒരു ജനതയെ മറെറാരു ജനതയേക്കാളോ ഉൽകൃഷ്ടമായി പരിഗണിക്കാതിരിക്കുകയും ചെയ്യുക. 9. ഐക്യരാഷ്ട്രസമിതിയെ എല്ലാ ജനപദങ്ങളുടെ സമാധാനപീഠമായി ആദരിച്ച്, ആദർശങ്ങൾ ബലികഴിക്കാതെയും [illegible] സമാധാനാർത്ഥം യത്നിക്കുക.

## പട്ടാഭിഷേകകർമ്മം

തിരുവനന്തപുരം മെത്രാപ്പോലീത്തായുടെ നിയുക്ത സഹായമെത്രാൻ മോസ്റ്റ് റവ. മോൺ ബെനഡിക്ട് തിരുമനസ്സിലെ മെത്രാൻപട്ടാഭിഷേകകർമ്മം താഴെ പറയുന്ന പരിപാടികളോടുകൂടി ജനുവരി 29-ാംനു വ്യാഴാഴ്ച പട്ടത്തുള്ള കത്തീഡ്രൽ ദേവാലയത്തിനു സമീപം തയാർചെയ്തിട്ടുള്ള പന്തലിൽവച്ച് സാഘോഷം നിർവ്വഹിക്കപ്പെടുന്നതാണ്.

ജനുവരി 29-ാംനു രാവിലെ 6-30-ന് മെത്രാപ്പോലീത്തൻ അരമനയിൽനിന്നു പന്തലിലേക്കു ഘോഷയാത്ര.

6-45-ന് പ്രസംഗം

7-30ന് പട്ടാഭിഷേകകർമ്മം ആരംഭിക്കുന്നു.

11-ന് പുതിയ സഹായമെത്രാന് മംഗളപത്രസമർപ്പണം.

ചെറുകഥ

# ചീട്ടുകളി

(ജി. സി. ടീലാർ)

പൊൻമാട്ടേൽ മത്തായിച്ചേട്ടന് രണ്ടു സന്താനങ്ങളാണുള്ളത്. രണ്ടും പെണ്ണും. ഇവർക്കു തമ്മിൽ നാലു വയസ്സിന്റെ വ്യത്യാസമാണുള്ളതെങ്കിലും പോത്തനാണ് തുക്കവും മുഴുപ്പും കൂടുതൽ. ഇവരും കൂടി കളിക്കാറുണ്ട്. എല്ലാകളിയിലും തോൽക്കുന്നതു് ഒരുത്തൻ. കളികൾ കൃഷിക്കാര്യങ്ങളിലൊതുങ്ങുന്ന ഒരുതരം താൽപ്പര്യം. പ്രായമായിക്കഴിഞ്ഞാൽ ഇത്തിക്കണ്ണിയെപ്പോലെ മാതാപിതാക്കന്മാരുടെ വിയർപ്പിന്റെ ഫലമനുഭവിച്ചു ജീവിക്കുന്ന അലസന്മാർക്ക്



ഒരുത്തരുടെ ജീവിതം ഒരു വെല്ലുവിളിപോലെ ഉയർന്നുനിന്നു. അമർഷംകൊണ്ടു് ചില യുവാക്കന്മാർ ഒരുത്തനു "കെന്നൂസ്" എന്ന പേരു നൽകി കൃതാർത്ഥരാകുകയുണ്ടായി. ഹൈസ്കൂൾ കഴിഞ്ഞു് അവൻ പഠനം നിറുത്തിക്കളഞ്ഞു. കൂടെ പഠിച്ചിരുന്ന കുറെ വിദ്യാർത്ഥികളാണു് അതിനു കാരണക്കാർ. ക്ലാസ്സിൽവച്ചു് അദ്ധ്യാപകരെ അധിക്ഷേപിക്കുന്നതും, വിശ്രമവേളകളിൽ ബീഡി വലിച്ചും ചീട്ടുകളിച്ചും ഉല്ലസിക്കുന്നതും അതു് ജീവിതത്തിലെ വലിയ നേട്ടങ്ങളായി

ണ്ടാ എന്നാണു ഞാനെഴുതിയയച്ചതു്." ത്രേസ്യാമ്മയുടെ മുഖത്തു് ഒരു കരിനിഴലുണ്ടായി. "നമ്മുടെ ചെറുക്കൻ കോളേജിലെ മറ്റു പിള്ളേരുടെ കൂട്ടത്തിൽ നടക്കേണ്ടതല്ല. അവരിൽ കുറഞ്ഞിരിക്കരുതു് കൊള്ളാമോ?"

"അവനെ ഞാൻ കോളേജിലയച്ചതു് മറ്റു പിള്ളേരുടെ കൂടെ നടക്കാനല്ല നന്നായി പഠിക്കുവാനാണ്. പ്രയത്നിച്ചു പഠിച്ചുകൊണ്ടിരിക്കുന്ന ഒരു ചെറുക്കൻ റിസ്റ്റുവാച്ചു് നോക്കിയിരിക്കുവാൻ സമയം കിട്ടുമോ?"

"രൂപാ കൊടുക്കാൻ കഴിയുകയില്ലെങ്കിൽ അതു പറഞ്ഞാൽ മതിയല്ലോ. രണ്ടുപേരുടെ മുമ്പിൽ പറയാൻ കൊള്ളുകയില്ലാത്ത ഈ ഒഴിവുകഴിവുകൾ എന്തിനെടുത്തു വിളമ്പുന്നു?"

"അപ്പോൾ നീയും മകനൊപ്പമാണോ?"

"അവനെ നന്നു വളർത്തണമെന്നാണെന്റെ ആഗ്രഹം. പണമയച്ചില്ലെങ്കിൽ എന്റെ മാല പണയംവച്ചെങ്കിലും ഞാൻ രൂപ അയച്ചുകൊടുക്കും."

"നിന്റെ ഇഷ്ടംപോലെ ചെയ്യു്. പിന്നീടു് ദുഃഖിക്കരുതെന്നു് ഓർത്തുകൊള്ളുക."

വാർഷികപരീക്ഷ കുറെ ചെറുപ്പക്കാർ മി. പോത്തന്റെ നേതൃത്വത്തിൽ സംഘംചേർന്നിരിക്കയാണു് കോളേജു് വളപ്പിലെ ഒരു മൂലയിലെ തണലിന്റെ ചുവട്ടിൽ. പോത്തന്റെ പ്രസംഗം—മാന്യ സ്നേഹിതന്മാരെ, എം ഏ ക്കാർക്കുപോലും ഉത്തരം എഴുതാൻ സാദ്ധ്യമല്ലാത്ത തരത്തിലാണു് പരീക്ഷയ്ക്കു ചോദ്യമിട്ടിരിക്കുന്നതു്. അതുകൊണ്ടു് ചോദ്യങ്ങൾ ലഘൂകരിക്കണമെന്നു പറഞ്ഞു് നാം ഒരു പ്രക്ഷോഭണം നടത്തേണ്ടിയിരിക്കുന്നു


## നിംബാസവം, ദ്രാക്ഷാഘൃതം, ശാരിബാതൈലം

എന്നീ ഔഷധങ്ങളും

## "അറിയേണ്ടും കാര്യങ്ങൾ"

എന്ന പുസ്തകവും കിട്ടുന്ന സ്ഥലങ്ങൾ

15. തൃശ്ശൂർ— കാളൻ'സ് സെയിൽസ് ഡിപ്പോ, ഫ്രാൻസിസ് ബെൽഡിംഗ്സ്, വെട്ടിയങ്ങാടി
16. എറണാകുളം— കാളൻ'സ് സെയിൽസ് ഡിപ്പോ, കനൻഷെഡ് റോഡ് (ബോട്ടുജെട്ടിക്കു നേരെ)
17. ആലപ്പുഴ— കാളൻ'സ് സെയിൽസ് ഡിപ്പോ, ബോട്ടുജെട്ടിക്കു സമീപം
18. കോട്ടയം— കാളൻ'സ് സെയിൽസ് ഡിപ്പോ, ട്രാവൻകൂർ ഫോർവേഡ് ബാങ്കിനു സമീപം, പുളിമൂട്ടിൽ കവല
19. ഭരണങ്ങാനം— കാളൻ'സ് സെയിൽസ് ഡിപ്പോ, പള്ളിക്കു സമീപം

## കാളൻ'സ് ഏജൻസികൾ

20. കുന്നംകുളം
M/s പോൾസൺ മെഡിക്കൽ സ്റ്റോഴ്സ്, ആസ്പത്രിക്കു സമീപം

21. ഇരിങ്ങാലക്കുട
M/s മേനോൻ & കമ്പനി, പോസ്റ്റാഫീസിനു സമീപം

22. ചാലക്കുടി
M/s ജോൺസൺ മെഡിക്കൽ സ്റ്റോഴ്സ്, ആസ്പത്രിക്കു സമീപം

23. ഞാറയ്ക്കൽ
Mr. കെ. പി. കൊച്ചുണ്ണി മേനോൻ, മർച്ചന്റ്, ബോട്ടുജെട്ടിക്കു സമീപം

24. തൊടുപുഴ
M/s കല്യാണസ്പെഷ്യൽ ജവുളി സ്റ്റോഴ്സ്

25. പാലാ
Mr. വക്കി ഇഗ്നേഷ്യസ് വെള്ളരിങ്ങാട്ട്, പീസ് ഗുഡ്സ് മർച്ചന്റ്

26. ചങ്ങനാശ്ശേരി
M/s മദ്ധ്യസ്ഥൻ ബുക്ക ഡിപ്പോ, അരമനക്കു സമീപം

27. ചേർത്തല
Mr. വി. വി. വക്കി, വരേക്കാട്ടു വീട്

28. കോട്ടയം
M/s കത്തോലിക്കാ മിഷൻ പ്രസ്സ് സെയിൽസ് ഡിപ്പോ

N. B. കൂടുതൽ വിവരങ്ങൾക്കു് എഴുതുക: കാളൻ, നെല്ലായി P. O.




"നാലു വയസ്സിന്റെ വ്യത്യാസമുണ്ടെങ്കിലും പോത്തനാണ് തുക്കവും മുഴുപ്പും കൂടുതൽ

ന്നു മട്ടിൽ പെരുമാറിയിരുന്ന അവരുടെ പ്രവൃത്തി.

തോറ്റു ജയിച്ചു തോറ്റു ജയിച്ചു് അനേകം കൊല്ലങ്ങൾ ഹൈസ്കൂളിൽ പഠിച്ചശേഷം പോത്തൻ കോളേജിലേക്കു കടന്നു. ഒരു പുതിയ ലോകം. പുതിയ പുതിയ കൂട്ടുകാർ—പരിഷ്ക്കാരികൾ. "മി. പോത്തൻ, ഒരു റിസ്റ്റ് വാച്ചുകൂടാതെ ഇവിടത്തെ ഹോസ്റ്റലിൽ ജീവിക്കാൻ പാടില്ല."—പഴയ കൂട്ടുകാരൻ കുഞ്ഞപ്പന്റെ ആദ്യത്തെ മുന്നറിയിപ്പു്. വിലകൂടിയ ഒരു റിസ്റ്റ്‌വാച്ചു് വരുത്തുവാൻ നിശ്ചയിച്ചു പോത്തൻ. "പ്രിയ അപ്പച്ചാ, ഒരു റിസ്റ്റ് വാച്ചുകൂടാതെ ഇവിടെ ഒരു നാഴിക കഴിച്ചുകൂട്ടാൻ, അല്പം മാനമായി ജീവിക്കുന്നവർക്കു് സാദ്ധ്യമല്ല. അതുകൊണ്ടു് ഒന്നു വാങ്ങുന്നതിനു് 500 രൂപാ ഉടനെ അയച്ചുതരണം"—എന്നെഴുതി. എന്നാൽ മറുപടി പ്രതീക്ഷിച്ചതുപോലെയായിരുന്നില്ല. "പ്രിയ മകനേ, കോളേജിലെ മെഡിക്കൽ അനുസരിച്ചു പ്രവർത്തിക്കുവാൻ കോളേജിന്റെ മനോഭാവം നല്ലതല്ല. അതുകൊണ്ടു് ഉപദേശിക്കുന്നു. മുതലു് നിക്ഷേപിക്കുകയാണു് ഏറ്റം മാന്യമായ ജീവിതമെന്നു ധരിച്ചുകൊള്ളൂ."

"ഇന്നാളു ചെറുക്കന്റെ എഴുത്തുവന്നിട്ടു് മറുപടി അയച്ചോ?"

മത്തായിച്ചേട്ടൻ ത്രേസ്യാമ്മയുടെനേരെ ഒന്നു നോക്കിയിട്ടു് മറുപടിപറഞ്ഞു: "റിസ്റ്റ് വാച്ചു് ഇപ്പോൾ വാങ്ങിക്കേ

നമ്മോടുള്ള പ്രക്ഷോഭണം, നമ്മുടെ മനസ്സിലാകാത്തവരെ നാം ശിക്ഷണിപ്പെടുത്തി വശത്താക്കണം. ഇന്നു കഴിഞ്ഞു് പരീക്ഷാഹാളിൽ കയറുവാൻ ഒരു വിദ്യാർത്ഥിയെങ്കിലും ഉണ്ടായിരിക്കരുതു്. പരീക്ഷ ഇന്നുകൊണ്ടവസാനിപ്പിക്കണം. മാർക്കു നോക്കിയല്ല കുട്ടികളെ ജയിപ്പിക്കേണ്ടതു്. ചോദിയും തന്റേടവുമായിരിക്കണം ഒരു വിദ്യാർത്ഥിയുടെ മാനദണ്ഡം. നമുക്കൊരുത്തരമിച്ചു പ്രവർത്തിക്കാം—പോത്തൻ ഇതു നിർത്തിയപ്പോൾ കരഘോഷം മുഴങ്ങി. ഹീയർ വിളികൾ നീണ്ടുനിന്നു.

പ്രിൻസിപ്പാളിന്റെ എഴുത്തു്—"ഡിയർ മിസ്റ്റർ മത്തായി, താങ്കളുടെ പുത്രൻ, പോത്തൻ പരീക്ഷാബഹിഷ്കരണ പ്രസ്ഥാനത്തിന്റെ നേതൃത്വം വഹിച്ചുകൊണ്ടിരിക്കുന്നു. പലപ്രാവശ്യം ഞാൻ വിളിച്ചുവരുത്തി ഉപദേശിച്ചിട്ടും അതിൽനിന്നും പിന്മാറുവാൻ സമ്മതിച്ചില്ല. പഠിക്കാൻ മനസ്സില്ലാത്തവരാണു് പരീക്ഷ വേണ്ടാ എന്നു പറഞ്ഞു ബഹളം കൂട്ടുന്നതു്. ഇക്കൂട്ടരുടെ ഭീഷണിമൂലം പരീക്ഷയിൽ ചേരുവാൻ വന്നവർപോലും പിന്തിരിഞ്ഞുപോയി. ഇത്തരം വിദ്യാർത്ഥികൾക്കുവേണ്ടി ഒരു കോളേജു് നടത്തിക്കൊണ്ടുപോകുവാൻ സാദ്ധ്യമല്ലല്ലോ. അതുകൊണ്ടു സിൻഡിക്കേറ്റിന്റെ തീരുമാനമനുസരിച്ചു് പോത്തനെയും അയാളുടെ കൂട്ടുകാരായ 14 വിദ്യാർത്ഥികളെയും കോളേജിൽ

നിന്നു ഡിസ്മിസ്സുചെയ്തിരിക്കുന്ന വിവരം വ്യസനസമേതം അറിയിച്ചുകൊള്ളുന്നു."

"എന്റെ മകനേ, നീ ഇനി വല്ല ജോലിയുംചെയ്തു് ജീവിക്കാൻ പഠിക്കണം. അപ്പനും ചേട്ടനും ഉപകരിക്കില്ലാതെ ബുദ്ധിമുട്ടുന്നതു് നീ കാണുന്നില്ലേ?"

പോത്തനു് അമ്മയുടെ നിർദ്ദേശം അത്ര രുചിച്ചില്ല. അവൻ പറഞ്ഞു: "ഞാൻ വേലയെടുത്തു നിങ്ങളെ തീറ്റിപ്പോറ്റണം. ചെട്ടകത്തിയും തൂമ്പായുംകൊണ്ടു് പണിയാനുള്ള ചെറുക്കനല്ല ഞാൻ."

"പഠിക്കാൻ വീട്ടിട്ടു പഠിച്ചില്ല. വല്ലതും പഠിച്ചിരുന്നെങ്കിൽ ബെങ്കിൽ വ



"രൂപാ കൊടുക്കാൻ കഴിയുകയില്ലെങ്കിൽ അതു പറഞ്ഞാൽ മതിയല്ലോ."

ല്ല ജോലിം കിട്ടിയേനെ. ഇനി നീ എന്തുചെയ്യുവാൻപോണു?"

"എനിക്കു വേറെ പല പണിയുമുണ്ടു്."

"എന്തുപണിയാണെന്നൊന്നു പറഞ്ഞേ; ഞാനുംകൂടെ ഒന്നറിയട്ടെ."

"നിങ്ങളെ ആരേയും അറിയിക്കുവാൻ ഞാൻ നിശ്ചയിച്ചിട്ടില്ല."

ശോശാമ്മയുടെ ഹൃദയം തകർന്നു. മത്തായിയുടെ പ്രവചനം അക്ഷരംപ്രതി യഥാർത്ഥമായ ഒരു രംഗമാണു് അവർ കണ്ടതു്. കണ്ണുകളിൽനിന്നും കണ്ണുനീർ ധാരധാരയായി ഒഴുകിക്കൊണ്ടിരുന്നു. "എന്താ ഇന്നു ഇങ്ങനെ ശോശാമ്മേ?" മത്തായിച്ചേട്ടന്റെ ചോദ്യം. ശോശാമ്മക്കു മറുപടി പറയുവാൻ കഴിഞ്ഞില്ല. ഒരു കുററക്കാരിയെപ്പോലെ വീണ്ടും കണ്ണുനീർ ചിന്തി അവർ. അയാൾ ആശ്വസിപ്പിക്കുവാൻ ശ്രമിച്ചു: "ഇനി വിലപിച്ചിട്ടുകൊണ്ടു ഫലമില്ല. ഞാനും നീയും പോത്തന്റെ നന്മയെയാണു കരുതിയതു്. അതു രണ്ടു വഴികളിൽക്കൂടി ആയിരുന്നെന്നു മാത്രം. ഞാൻ ഒരു കർക്കശനാണെന്നു നീ തെററിദ്ധരിച്ചു. അവന്റെ മുമ്പിൽ എന്നെ നീ തെററിദ്ധരിപ്പിച്ചു. അവന്റെ മുമ്പിൽ എന്നെ നീ ചിത്രീകരിക്കയും ചെയ്തു. ഞാനോ നീയോ—ആരാണു് ബുദ്ധിപൂർവ്വം പ്രവർത്തിച്ചതു്?"

"തീർച്ചയായും ഞാൻതന്നെ തെററുകാരി. എന്റെ ലാളനകൾ മൂലമാണു് അവൻ വഷളായതെന്നു ഞാൻ കരുതുന്നു."

"നമ്മുടെ മകൻ നമുക്കുതന്നെ ഒരു വിപത്തായിത്തീർന്നിരിക്കുന്നു. ഇനി അതിനെ അഭിമുഖീകരിക്കതന്നെ."

പ്രകൃതിതന്നെ പാറകൊണ്ടു പണിതുയർത്തിയിട്ടുള്ള ഒരു സ്ഥലം. പ്രകൃതിയുടെ മാഹാത്മ്യം ആസ്വദിക്കുവാൻ പല സഹൃദയന്മാരും ആ പാറക്കെട്ടിന്റെ മുകളിൽ വന്നു നിൽക്കാറുണ്ടു്. മററൊരു പ്രത്യേകതകൂടിയുണ്ടു് ആ സ്ഥലത്തിനു്. ജോലിയില്ലാതെ അലഞ്ഞുനടക്കുന്ന കുറെ യുവാക്കന്മാരുടെ വിഹാരരംഗംകൂടിയായി തീർന്നിരിക്കുന്നു. സൂര്യൻ പടിഞ്ഞാറേ മലയുടെ മുകളിൽനിന്നും താഴേക്കിറങ്ങിയപ്പോൾ പോത്തനും കൂട്ടുകാരും അവിടെ എത്തി. ഒരു കുത്തു ചീട്ടു നിലത്തിട്ടിട്ടു് അവർ ചുററുമിരുന്നു. ചീട്ടുകളി തുടങ്ങി. അന്നു പോത്തനു നല്ല കോളായിരുന്നു. അവന്റെ മാനം ഉയർന്നുയർന്നു കയറി. നാലുമണിക്കൂർനേരമാണു് ഇന്നു ഇരുപ്പിൽ കളി നടന്നതു്. മററ കൂട്ടർ പോത്തനു് 50 രൂപാ കൊടുക്കേണ്ടിവന്നു. അവൻ വിജയാനന്ദനായി. കയ്പ്പൻ പറഞ്ഞു: "നമുക്കു 14-ാം നമ്പറിൽ ഒന്നു കയറിയാലോ!" എല്ലാവരുംകൂടി അവിടെ പ്രവേശിച്ചു. 50 രൂപായും ബ്രാണ്ടിക്കടക്കാരന്റെ പെട്ടിയിൽ അകപ്പെടുകയും ചെയ്തു.

അർദ്ധരാത്രി കാലേക്കൂട്ടി പറഞ്ഞുവച്ചിരുന്ന പ്ലാൻ അനുസരിച്ചു് പോത്തൻ, കയ്പ്പൻ മുതൽപേർ ആററിലെ മണൽപ്പുറത്തു കൂടിയിരിക്കയാണു്. കയ്പ്പൻ സംഭാഷണം ആരംഭിച്ചു: "എന്റെ കൂട്ടരേ, ഈ സാധു കളികളെല്ലാം നിറുത്തണം. ഇനി നൂറിന്റെയും ഇരുനൂറിന്റെയും ഇടപാടുകൊണ്ടുവേണം കളി നടത്തുവാൻ. ദൂരെനിന്നും വലിയ കളിക്കാരെ നമുക്കു ക്ഷണിക്കയും ചെയ്യാം."

"അഭിപ്രായം നല്ലതുതന്നെ. നമ്മളു പണമെവിടെനിന്നുണ്ടാക്കും? കഴിഞ്ഞ തവണ അമ്മയുടെ ഒരു മോതിരം വിററാണു് ഞാൻ പണം കൊണ്ടുവന്നതു്." പോത്തൻ പറഞ്ഞു.

"വേണ്ടിവന്നാൽ അമ്മയുടെ മാലതന്നെ എടുക്കണം."

"അതു് ഇനി സാദ്ധ്യമല്ല. ഞാൻ ഒരു മോഷ്ടാവാണെന്നു വീട്ടിലുള്ളവർ സംശയിച്ചുതുടങ്ങിയിരിക്കുന്നു."

"എന്നാൽ നമുക്കു് അടുത്ത പറമ്പിലേക്കു കയറി കുറെ കുരുമുളകു പറിക്കാം."

നേരം വെളുത്തു. തെങ്ങിന്റെ ചുവട്ടിൽ തേങ്ങാ വീണുകിടപ്പുണ്ടോ എന്നു നോക്കുവാൻ തൊമ്മച്ചൻ പറമ്പിലേക്കിറങ്ങി. അവിടെയെല്ലാം കുരുമുളകു ചിതറിക്കിടക്കുന്നു. വളരെ ഉൽക്കണ്ഠയോടുകൂടി അയാൾ കൊടിയിലേക്കു നോക്കി. വളരെയധികം മുളകു നഷ്ടപ്പെട്ടിരിക്കുന്നു. മുളകിന്റെ പോക്കു് ഏതുവഴിക്കാണെന്നു തൊമ്മച്ചൻ ഊഹിക്കാതിരുന്നില്ല. പത്രത്തിലേക്കു ഒരു "സപ്ലൈ" എഴുതി അയച്ചു:

ചീട്ടുകളി—മോഷണം

കുറെനാളുകളായി പണം വച്ചുള്ള ചീട്ടുകളി ഈ സ്ഥലത്തു വളരെ വ്യാപകമായിരിക്കുന്നു. കളിക്കാരുടെ അട്ടഹാസങ്ങളും അസഭ്യവർഷങ്ങളുംമൂലം പല കുടുംബങ്ങളിലെ സമാധാനജീവിതത്തിനുപോലും വിഘാതംവരുത്തിക്കൊണ്ടിരിക്കയാണു്. രാത്രികാലത്തു് മോഷണവും ഇക്കൂട്ടരുടെ ഒരു പതിവായിത്തീർന്നിരിക്കുന്നു. അതിനാൽ പോലീസിന്റെ ശ്രദ്ധ പതിയണമെന്നപേക്ഷ.

"ഇങ്ങുപോട്ടെ വെട്ടടാ! ജയിച്ചുപോയി! സകലം പോരട്ടെടാ! പണം എണ്ണെടാ!" രണ്ടുഭാഗത്തും ആളുകൾ ധാരാളം കൂടിയിട്ടുണ്ടു്. അവരുടെ അട്ടഹാസങ്ങളും ജയ്‌വിളികളും ദൂരെ കേൾക്കാം. സ്വരം കേൾക്കുന്ന ദിക്കുനോക്കി അവർ വനത്തിൽനിന്നും ഇറങ്ങി നടക്കയാണു്. രണ്ടുമൂന്നു വെള്ളക്കാർട്ടുകാരെ ഒന്നിച്ചു കണ്ടപ്പോൾ ഇതുവരെ ചുററും കൂടിയിരുന്ന ആളുകൾ ഓടിമറഞ്ഞു. അല്പംകൂടി അടുത്തപ്പോഴാണു് കളിക്കാർ അപകടം കണ്ടതു്. ചീട്ടും പണവും ഇട്ടെറിഞ്ഞിട്ടു് അവർ ജീവനുംകൊണ്ടോടി. പോത്തന്റെ പുറകെ ഒരു പോലീസുകാരൻ. പുറകിൽ കുതിച്ചു അണയുന്ന ശബ്ദം കേട്ടപ്പോൾ പോത്തൻ ഓട്ടത്തിന്റെ വേഗത കൂട്ടി. ഒരു കുററിക്കാട്ടിൽക്കൂടി കയറിയപ്പോൾ ഒരു മുള്ളുകമ്പിവേലിയിൽ തടഞ്ഞു് കഴുത്തിൽ കിടന്ന സ്വർണ്ണച്ചെയിൻ നഷ്ടപ്പെട്ടു. പുറകെ പാഞ്ഞുവന്ന പോലീസുകാരൻ സ്വർണ്ണച്ചെയിൻ കിട്ടിയപ്പോൾ തിരിച്ചുപോയ്ക്കളഞ്ഞു. എങ്കിലും പോത്തൻ ഓട്ടം നിറുത്തിയില്ല. മുമ്പിൽ കാണുന്നു ഒരു വൃത്തമുള്ള പൊട്ടക്കിണർ! അതിന്റെ മുകളിൽക്കൂടി ഒററച്ചാട്ടം. അതു പിഴച്ചു. പോത്തൻ പൊട്ടക്കിണററിലേക്കു്. പിടികിട്ടിയ രണ്ടു മൂന്നുപേരെയുംകൊണ്ടു് പോലീസുകാർ സ്ഥലംവിടുകയും ചെയ്തു.



പോത്തന്റെ പുറകെ ഒരു പോലീസുകാരൻ

അന്വേഷണം. ഹോട്ടലിൽ ക്ഷണത്തിനു കയറുന്നതുപോലെയാണു് പോത്തൻ വീട്ടിൽ ചെല്ലാറുള്ളതു്. രണ്ടുനേരം ഊണിന്റെ സമയത്തു കാണാതായപ്പോൾ ശോശാമ്മ തിരക്കി പോത്തൻ എവിടെ എന്നു്.

"അവനെവിടെയെങ്കിലും പോകട്ടെ; അതിനു നിനക്കെന്തു? അടച്ചു മടിയിൽ വെക്കാം. അടച്ചുവെക്കേണ്ടതാണോ?" മത്തായിച്ചേട്ടൻ മറുപടി പറഞ്ഞു.

"അവൻ എന്തെല്ലാം ചെയ്താലും നമ്മുടെ മകനായിപ്പോയില്ലേ. ഒരു ദിവസം അവനെ കണ്ടില്ലെങ്കിൽ എന്റെ ഹൃദയത്തിനൊരു വേദന."

"നീയാണു് അവനെ ഇത്തരത്തിലാക്കിയതു്."

"അതു ഞാൻ സമ്മതിക്കുന്നു. അവനെ നന്നാക്കിയെടുക്കാനുള്ള ചുമതലയും ഞാൻതന്നെ വഹിച്ചുകൊള്ളാം."

"പട്ടിയുടെ വാലു കുഴലിലിട്ടു നിവിർക്കാമോ?"

"മനുഷ്യർക്കു സാധിക്കയില്ല; ദൈവം തിരുമനസ്സായാൽ അതു സാധ്യമാകയില്ലേ?"

"അതു ശരി. ദൈവം വെറുതെ അങ്ങു തിരുമനസ്സാകയില്ല."

"വെറുതെയല്ല ഞാൻ പോത്തനുവേണ്ടി ദിവസവും പ്രാർത്ഥിക്കുന്നുണ്ടു്."

പല സ്ഥലങ്ങളിലേക്കും പോത്തനെ അന്വേഷിച്ചു് ആളുകൾ പോയി. ഒരു തുമ്പും കിട്ടിയില്ല. രണ്ടു ദിവസം കഴിഞ്ഞിട്ടും. ചെപലിയും കിട്ടനും കൂടി കുററിക്കാട്ടുവഴി പോയി. "എന്റെ ഈശോയേ, പോത്തച്ചനൊന്നും വരുത്തല്ലേ എന്റെ പ്രാർത്ഥന. എന്നെ ഇന്നാളെ വിളിച്ചു് വെറുതെ തന്നൊരു രൂപാ ഒന്നു കുടിച്ചോളാൻ പറഞ്ഞു." കിട്ടൻ മനഃസംഭാഷണം ആരംഭിച്ചു. വല്ലതും പറഞ്ഞുകൊണ്ടുപോകുന്നതു് ഇഷ്ടമായിരുന്നു ചെപലിക്കും. അയാൾ പിന്താങ്ങി: "ആ മോനെക്കൊണ്ടു് നമുക്കാർക്കും ഒഴക്കപ്പിന്റെ കുറവില്ല. വല്ലതും കിട്ടണമെങ്കിൽ പോത്തച്ചന്റെ കൈകൊണ്ടു തരണം."

"എന്നാലും എനിക്കു തോന്നുന്നുണ്ടു്, പോത്തച്ചൻ ഈ അരുതില്ലാത്ത പണിക്കൊക്കെ പോകരുതെന്നു്."

"എന്തോന്നാ കിട്ടാ, അരുതില്ലാത്ത പണി?"

"ഈ കുടിയും ചീട്ടുകളിയും. അതല്ലേ നമ്മളിപ്പം തേടി ഇറങ്ങിയിരിക്കുന്നതു്."

"മനുഷ്യനാണെങ്കിൽ ഒരു സ്വബോധം വേണം. ഇത്ര കുടിക്കും കളിക്കും ചെല്ലുന്നതു് തെററുംമററുമല്ലേ."

"ചുമതലപ്പെട്ട ജോലി ഉപേക്ഷിച്ചിട്ടു് കുടിയും കളിയുംകൊണ്ടു് നടക്കുന്നതു് അത്ര നല്ലതല്ലെന്നു എനിക്കു തോന്നണുള്ളു്."

അഗാധത്തിൽനിന്നും ഒരു ഞരക്കം. കിട്ടൻ കിണററിൽ സൂക്ഷിച്ചു നോക്കി. "എന്റെ ചെപലീ ഇനി നമ്മളെങ്ങും അന്വേഷിക്കണ്ട. ജീവനുണ്ടെന്നു തോന്നുന്നു. ഞാൻ ഇവിടെ ഇരിക്കാം. നീ ഓടിച്ചെന്നു് കൊച്ചേട്ടനെ കൂട്ടിക്കൊണ്ടുവാ. ഒരേണിയും കയറുംകൂടെ കൊണ്ടുപോരണം."

"കർത്താവേ, നമ്മളെത്തന്നെ മാത്യുവാമോ(?)ർ. എന്നാലും ഇതിന്റെകത്തോട്ടെഴുന്നള്ളിയതെങ്ങനെയായിരിക്കുമോ!"

"അതൊക്കെ പിന്നെ അന്വേഷിക്കാം. വേഗം ഒന്നു പോയ്ക്കു" ചെപലി പാഞ്ഞുപോയി.

പോത്തൻ കട്ടിലിൽ അവശനായി കിടക്കയാണു്. കാലു രണ്ടും ഒടിഞ്ഞു. കൊണ്ടുള്ള വേദന അസഹനീയം. ശോശാമ്മ അടുത്തിരുന്നു വിങ്ങിക്കൊണ്ടിരുന്നു. "മകനേ, നിന്റെ മാനസാന്തരത്തിനുവേണ്ടി ഞാൻ പ്രാർത്ഥിച്ചുകൊണ്ടിരിക്കയായിരുന്നു. നീ ഒരു കുമ്പസാരം കഴിച്ചു് ഇനിയെങ്കിലും ദൈവവുമായി രമ്യപ്പെടുക."

"എന്റെ പഴയ ജീവിതത്തെപ്പററി ഞാൻ പശ്ചാത്തപിക്കുന്നു. എന്നെ ഹൃദയംഗമമായി സ്നേഹിക്കുന്ന അമ്മയെ ഞാൻ ഇത്രമാത്രം ദുഃഖിപ്പിച്ചതിൽ എനിക്കു സങ്കടമുണ്ടു്. ഇനി ഒരുനാളും ഒരു ദുഷ്ടനായി ജീവിക്കുവാൻ ഞാൻ


## കാളൻ, നെല്ലായി

ഈ വിലാസത്തിൽ രോഗവിവരങ്ങൾ വിശദമായി എഴുതി അയക്കുന്നവർക്കു് ആവശ്യമായ വൈദ്യോപദേശങ്ങൾ ഉടനെ ലഭിക്കുന്നതാണു്.


ആഗ്രഹിക്കുന്നില്ല. കുമ്പസാരത്തിനു ഞാൻ ഒരുങ്ങട്ടെ. അമ്മ എന്നെ സഹായിക്കുക."

ആത്മാവിലെ സമാധാനം ശരീരത്തിലേക്കും വ്യാപിച്ചു. പുതിയ ചികിത്സയിൽ പോത്തന്റെ വേദന കുറഞ്ഞുതുടങ്ങി. എങ്കിലും മററാരുടെ താങ്ങാതെ തിരിഞ്ഞുകിടക്കുവാൻപോലും പ്രയാസം. നീണ്ട നാഴികകൾ എണ്ണിയെണ്ണി കഴിച്ചു് അവൻ മടുത്തു. 'അമ്മേ ഒരു നല്ല പുസ്തകം വായിക്കുവാൻ.' ദുഷിച്ചുനാറിയ കഥകളും കെട്ട നോവലുകളും വായിക്കുന്നതിലായിരുന്നു അവൻ രസം കണ്ടിരുന്നതു്. "വല്ല നോവലുമാണോ നിനക്കു വേണ്ടതു്?" ശോശാമ്മ ചോദിച്ചു. 'ഇല്ല; ഇനി ഞാൻ കെട്ട പുസ്തകങ്ങളൊന്നും വായിക്കയില്ല. ഒരു ക്രിസ്ത്യാനിക്കു നല്ലതു വേദപുസ്തകം തന്നെ.' ശോശാമ്മ പെട്ടി തുറന്നു് ഒരു പുത്തൻ പുസ്തകമെടുത്തുകൊണ്ടുവന്നു് പോത്തന്റെ നേരെ നീട്ടി ഗ്രന്ഥനാമം—സുവിശേഷസമാഹാരം. പോത്തൻ രണ്ടുപേജു വായിച്ചിട്ടു പറഞ്ഞു: "ഇതൊരു നോവൽപോലെ രസമുള്ള പുസ്തകം; സുവിശേഷമല്ലതാനും സുവിശേഷകഥനമാണം. ഇതാരാണമ്മേ ഒട്ടിക്കൂട്ടിയതാണമ്മേ?"


"അതു് ലീലയല്ല പേരു്—ഫാദർ മാത്യു നടയ്ക്കൽ ഒരു ശ്രമമാണതിന്റെ വില."

"അത്ഭുതം. എന്നാൽ ഇനി പാവപ്പെട്ട ആളുകൾക്കെല്ലാം സുവിശേഷം വായിക്കാമല്ലോ!"

പോത്തൻ ആ ഗ്രന്ഥം പല ആവർത്തി വായിച്ചു കർത്താവിന്റെ പ്രസംഗങ്ങൾ പലതും ഹൃദിസ്ഥമാക്കി സന്ദർശകന്മാരോടും സ്നേഹിതന്മാരോടും കർത്താവിന്റെ കരുണകളെപ്പററി പറയുകയും ചെയ്തുകൊണ്ടിരുന്നു.



ചീട്ടുകളി തുടങ്ങി




(ശിവറാം)

സിനിമാപാട്ട് മൈക്കിൽക്കൂടി ഒട്ടി വിട്ടും കരിയിലപോലെ കുറെ ചുവന്ന നോട്ടീസ് പറത്തിവിട്ടുകൊണ്ടും ഒരു കൊച്ചു കാർ ഓട്ടുകയാണ്. ആന സലാം വയ്ക്കുന്നതും കുതിര പറക്കുന്നതും സിംഹമാടുന്നതുംമററുമായ പടമൊട്ടിച്ച് ബോർഡുകളും കാറിനു ചുററും കെട്ടിയുറപ്പിച്ചിരിക്കയാണ്. നോട്ടീസു പെറുക്കിയെടുക്കാൻ കുട്ടികളെപ്പോലെ വലിയാളുകളും കാണുന്നു. കിട്ടിയവരൊക്കെ അതു നിന്നു വായിച്ചു. അതിലെ സന്ദേശം വീട്ടിലും കൂട്ടുകാരിലും ഒക്കെ എത്തിച്ചു. അവരൊക്കെ നിശ്ചയിച്ചുറച്ചു കഴിഞ്ഞു അന്നുതന്നെ സർക്കസ് കാണാൻ പോകണമെന്ന്. ഭയങ്കര സർക്കസ്.

കാപ്പിക്കടയിലും ബാർബർഷാപ്പിലും ബസ്സ്റ്റാൻറിലുമെല്ലാം വർത്തമാനം ഒരേ വിഷയത്തെക്കുറിച്ചാണ്—അവർ കണ്ട ഗംഭീരനമ്പറുകളെക്കുറിച്ച്.

ഒരാൾ പറകയാണ്—"ഹാവൂ സർക്കസിലൊരാജാനുബാഹു സലാം തന്ന് "റിങ്ങി"ലു വരും—ഒരു ചാക്ക വിരിച്ചതിൽ മലന്നുകിടക്കും—നെഞ്ചിലൊരു പലകയിട്ടും—എന്നിട്ടൊരു വല്ല്യ കൊമ്പനാനയെ ആ പലകയുടെ മേൽ കേററിനിറുത്തും—ഹൊ! എന്തു ഭയങ്കരകാഴ്ച—അതു കാണേണ്ടതുതന്നെയാണ്."

കോളേജുവിട്ടു വീട്ടിലേക്കു തിരിച്ച ബേബിയും ജെസ്സിയും കൂടിയുള്ള സംഭാഷണം വേറൊന്നിനെക്കുറിച്ചാണ്—സർക്കസിലൊരു പെരുവയറൻ രണ്ടു കുട്ടകം പച്ചവെള്ളം ഒരുമിച്ചു വയററിലാക്കുന്ന ഭയങ്കരകാഴ്ചയെക്കുറിച്ച്. അതു രണ്ടും തന്നെ ഒന്നായി കാണാനെന്നുവന്നാലും പോകുന്നുണ്ടത്രെ.

ചായയുടെ മുമ്പിലിരുന്ന് ഒരു ചെറുപ്പക്കാരൻ ബൈസിക്കിളിലെ വേഗത്തെയും കയറിലെ കരണംമറിച്ചിലിനെയും പററി സ്നേഹജനങ്ങളുമായി വർണ്ണിച്ച് മററു ചായകുടിക്കുന്നവരെ കേൾപ്പിക്കയാണ്. കേട്ടവർകേട്ടവർ അന്നുതന്നെ ആ ഭയങ്കര അഭ്യാസങ്ങൾ പോയികാണാനുറച്ചു.

വീട്ടുകാരികൾക്കതൊന്നുമല്ല കാണേണ്ടതു. അവർക്കു കുതിര പറക്കുന്നതും സിംഹം നൃത്തംവയ്ക്കുന്നതും പുലിയും ആടുംകൂടി ഒരുമിച്ചു പോകുന്നതും ആന തലകുത്തിമറിയുന്നതുമൊക്കെയാണ് വേണ്ടതു.

മോട്ടോർസൈക്കിളിൽ ഒരാൾ കേറി വായുവിൽക്കൂടി പറക്കുന്ന ഭയങ്കര കാഴ്ച കാണാനാണ് വേറെ ചിലർ സർക്കസിനു പോകാനുറച്ചതു.

അങ്ങനെ പാട്ടും കൊട്ടും നോട്ടീസും വലിയ ബോർഡുപരസ്യവുംകൊണ്ട് നാട്ടുകാരെ ആബാലവൃദ്ധം സർക്കസുകാരാകർഷിച്ചുകഴിഞ്ഞു. അവർ കപ്പവിററും മുളകരിഞ്ഞിട്ടും എല്ലാമായി കരുതിയ പണവുമായി സർക്കസിനു വന്നിരിക്കയാണ്. സർക്കസ് ടെൻറിലെ ആൾക്കൂട്ടം! ഗ്യാലറിയും കസേരകളും പൊടിനിറഞ്ഞ തറയുമെല്ലാം നാട്ടുകാരെക്കൊണ്ട് നിറഞ്ഞിരിക്കയാണ്.

ബാൻറിന്റെ മുഴക്കം—ഒരു സംഘം ഡാൻസുകാരുടെ ആവിർഭാവം—പിന്നെയൊരു കോമാളി—അവർ പിരിഞ്ഞയുടനെ ബാർവേല—പിന്നെ ഊഞ്ഞാലാട്ടം—അങ്ങനെ "ഹീറോകൾ" ഒന്നിനുപുറകെ മററൊന്നായി മാറിക്കൊണ്ടിരുന്നു. സിഗററുകുററികളും ബീഡിക്കുററികളും എരിഞ്ഞെരിഞ്ഞു മരിച്ചുകൊണ്ടിരിക്കയാണ്—"കടല കപ്പലണ്ടി" "കൂൾഡ്രിങ്ക്സ്" "ചൂടുചായ" "പിടിമുറുക്കാൻ"—എല്ലാം കാണികളുടെചുററും പറന്നുനടക്കുകയാണ്.

കാഴ്ചക്കാരുടെ മുഖത്തു നവരസങ്ങൾ മാറിമാറി വന്നുകൊണ്ടേയിരുന്നു. പെട്ടന്നവരുടെ കണ്ണുകൾ ടെൻറിന്റെ മൂലയിലേക്കു തിരിഞ്ഞു. ഒരു മോട്ടോർസൈക്കിളിൽ സ്റ്റാർട്ടായ ശബ്ദം! അതാ ഒരാൾ അതിൽ കേറി പറക്കാൻ പോകയാണ്—ഒരു മുപ്പതടി ആകാശത്തിൽക്കൂടി അയാൾ പറക്കും. സ്റ്റാർട്ടായ സൈക്കിൾ ഇരമ്പി മൂളി, അലറി പായുന്ന പുലിയെപ്പോലെ ആഞ്ഞുകുതിച്ചുവരുകയാണ്. ആളുകൾ ഇമവെട്ടാതെ, ചുണ്ടു കൂട്ടാതെ, ശ്വാസംവിടാതെ അതിന്റെ വരവിന്റെ പിന്നാലെ കണ്ണയച്ചുകൊണ്ടിരിക്കുന്നു. ഓ വരുന്നു അയാൾ ഒരു ചട്ടിത്തൊപ്പിയിട്ടു ചെവി മൂടിക്കെട്ടി, ഒരു പോലീസ് ഇൻസ്പെക്ടറുടെ വേഷത്തിൽ മോട്ടോർസൈക്കിളുമായി വരുംപോലെ. സൈക്കിളും ആ പലകയിൽക്കൂടി ആഞ്ഞു മേലോട്ടു കുതിച്ചു. ഠാ! എന്നൊരു ശബ്ദം! സൈക്കിൾ മറിച്ച് നൂറു കഷണമായി ടെൻറിന്റെ മൂലയിൽ വീണു. അതിന്മുകളിലിരുന്നവനൊരു എട്ടു കരണം മറിഞ്ഞു പെള്ള പ്ലാററുഫാറത്തിലടിച്ചു ചോരയിൽ കുളിച്ചു താഴെ വീണു. പാവം! അയാളെ ആശുപത്രിയിൽ കൊണ്ടുപോയി. കാണികളിൽ പലരും വാവിട്ടു കരഞ്ഞുപോയി. അവരും പിരിഞ്ഞു. ആശുപത്രിയിൽവച്ച് ആ മനുഷ്യൻ മരിച്ചുപോയി കേട്ടു.

പരിശീലനംസിദ്ധിച്ച സർക്കസുകാർക്കുകൂടി പാകപ്പിഴകൾ വരുന്നു. അവർ അപകടത്തിൽ കുടുങ്ങുന്നു. അകാലമരണത്തിനും അംഗഭംഗത്തിനും നാമാരും ഇഷ്ടപ്പെടുന്നില്ല. നാം പൂർവ്വാധികം സൂക്ഷ്മബുദ്ധികളായിരിക്കണം. നാട്ടുപുറങ്ങളിൽ പലരും സർക്കസുമുറകൾ കാണിക്കുന്നതു ഒരു സാധാരണകാഴ്ചയാണ്. വിശേഷിച്ച് ഓണത്തിനുമുണ്ടന്മാർ കാണിക്കുന്ന ചെറുപ്പക്കാർ. അവർ രണ്ടു കൈകളും കഴുത്തിൽകെട്ടി ഓട്ടം കാണാറുണ്ടല്ലോ. ഒരു ചെപ്പിൽനിന്നും വരുന്ന പച്ചവെള്ളമെല്ലാം വയററിലാക്കാൻ ശ്രമിക്കും. മാവിന്റെ ഉച്ചിയിലെ ഇല കടിച്ചെടുത്തുകൊണ്ടുവരാമെന്ന് പന്തയം വയ്ക്കും. ഇതിനൊക്കെ പോകുന്നവർ ആവശ്യമില്ലാതെ അപകടങ്ങളെ ക്ഷണിച്ചുവരുത്തുകയാണെന്നോർമ്മിക്കണം. സർക്കസ് ഹീറോകൾ സാധാരണജീവിതത്തിൽ ഒഴിച്ചുകൂടാൻ വയ്യാത്ത കാഴ്ചകളല്ല. മിതമായ വ്യായാമംകൊണ്ടും ഭക്ഷണംകൊണ്ടും മനോനിയന്ത്രണംകൊണ്ടും ആരോഗ്യം സംരക്ഷിക്കുക—ഒരു അപകടംകൊണ്ട് ജീവിതം പെട്ടെന്നവസാനിക്കാനിടവരുത്താതെയും സൂക്ഷിക്കുക.

എല്ലാം അപകടങ്ങളേയും ഒഴിവാക്കാവുന്നതാണെന്ന് ഓർമ്മവയ്ക്കുക.



പാവം! അയാളെ ആശുപത്രിയിൽ കൊണ്ടുപോയി


## വില്പനയ്ക്കു തയ്യാർ

റബേക്ക്, ഹാർമോണിയം, ബുൾബുൾ, ഫ്ളൂട്ട്, മൌത്ത് ഓർഗൻ, റബേക്കചരടുകൾ മുതലായവ.

പ്രൈസ്‌ലിസ്റ്റിന് ആവശ്യപ്പെടുക:—

സെൻറ് മേരീസ് ബുക്ക് ഡെപ്പോ
ആൻഡ് ആർട്ട് ഹോം,
ഭരണങ്ങാനം, T. C.


വിജ്ഞാനവീഥി

# ഇന്ത്യയിലെ കത്തോലിക്കാ കോളേജുകൾ

ഇന്ത്യയിൽ ആകെ 48 കത്തോലിക്കാ കോളേജുകളുണ്ട്. അവയിൽ 27 യുവാക്കന്മാർക്കായുള്ളതും 21 യുവതികൾക്കായുള്ളതുമാണ്. 9 ട്രെയിനിംഗ് കോളേജുകളും 1 സംസ്കൃത കോളേജും ബാക്കി സാധാരണ കോളേജുകളുമാകുന്നു. താഴെപ്പറയുന്നവയാകുന്നു പ്രസ്തുത കോളേജുകൾ.

| | | | സ്റ്റാഫ് | | കുട്ടികൾ | |
|---|---|---|---|---|---|---|
| | | | ആകെ | കത്തോലിക്കർ | ആകെ | കത്തോലിക്കർ |
| 1 | ബാംഗളൂർ | സെൻറ് ജോസഫ്സ് | 41 | 17 | 814 | 93 |
| 2 | ബോംബെ | സെൻറ് സേവ്യേഴ്സ് | 73 | 31 | 2711 | 615 |
| 3 | കൽക്കട്ടാ | സെൻറ് സേവ്യേഴ്സ് | 50 | 23 | 1251 | 72 |
| 4 | ഡാർജിലിങ്ങ് | സെൻറ് ജോസഫ്സ് | 19 | 14 | 200 | 18 |
| 5 | ചങ്ങനാശ്ശേരി | സെൻറ് ബെർക്കുമൻസ് | 83 | 54 | 1546 | 644 |
| 6 | ഡൽഹി | നിർമ്മല | 34 | 6 | 452 | 5 |
| 7 | എറണാകുളം | എസ്. എച്ച്. തേവര | 58 | 34 | 1097 | 509 |
| 8 | പാളയംകോട്ട | സെൻറ് സേവ്യേഴ്സ് | 40 | 25 | 892 | 248 |
| 9 | മംഗലാപുരം | സെൻറ് അലോഷ്യസ് | 59 | 21 | 1142 | 236 |
| 10 | മദ്രാസ് | ലയോള | 102 | 43 | 1831 | 321 |
| 11 | മൈസൂർ | സെൻറ് ഫിലോമിനാ | 54 | 16 | 915 | 57 |
| 12 | പാലാ | സെൻറ് തോമസ് | 32 | 25 | 672 | 455 |
| 13 | റാഞ്ചി | സെൻറ് സേവ്യേഴ്സ് | 35 | 11 | 919 | 149 |
| 14 | ഷില്ലോങ്ങ് | സെൻറ് ആൻറണീസ് | 30 | 4 | 640 | 20 |
| 15 | ഷില്ലോങ്ങ് | സെൻറ് എഡ്മൻഡ്സ് | 20 | 3 | 454 | 4 |
| 16 | തൃശ്ശിനാപ്പള്ളി | സെൻറ് ജോസഫ്സ് | 98 | 52 | 1953 | 557 |
| 17 | തൃശൂർ | സെൻറ് തോമസ് | 44 | 21 | 975 | 308 |
| 18 | തിരുവനന്തപുരം | മാർ ഇവാനിയോസ് | 45 | 23 | 910 | 139 |
| 19 | എറണാകുളം | സെൻറ് ആൽബർട്ട്സ് | 41 | 25 | 750 | 275 |
| 20 | കൽക്കട്ടാ | സെൻറ് ജോസഫ്സ് | 5 | 4 | 31 | 16 |
| 21 | ജബൽപ്പൂർ | സെൻറ് അലോഷ്യസ് | 7 | 5 | 49 | 7 |
| 22 | തിരുപ്പത്തൂർ | സേക്രഡ്ഹാർട്ട് | 15 | 12 | 161 | 96 |
| 23 | കൊല്ലം | ഫാത്തിമാ മാതാ | 35 | 26 | 840 | 185 |
| 24 | ബാംഗളൂർ | മൌണ്ട് കാർമ്മൽ | 24 | 17 | 459 | 62 |
| 25 | ബോംബെ | സോഫിയാ | 25 | 11 | 485 | 230 |
| 26 | കൽക്കട്ടാ | ലൊറെറോ | 14 | 8 | 143 | 23 |
| 27 | എറണാകുളം | സെൻറ് തെരേസാസ് | 28 | 19 | 535 | 197 |
| 28 | മദ്രാസ് | സ്റ്റെല്ലാ മാരീസ് | 37 | 17 | 519 | 54 |
| 29 | മംഗലാപുരം | സെൻറ് ആഗ്നസ് | 24 | 10 | 350 | 166 |
| 30 | പാററ്നാ | വിമൻസ് | 24 | 11 | 283 | 10 |
| 31 | റാഞ്ചി | ഉർസുലിൻ | 16 | 7 | 197 | 45 |
| 32 | ഷില്ലോങ്ങ് | സെൻറ് മേരീസ് | 16 | 6 | 148 | 7 |
| 33 | തൃശ്ശിനാപ്പള്ളി | ഹോളിക്രോസ് | 28 | 23 | 466 | 99 |
| 34 | തൃശൂർ | സെൻറ് മേരീസ് | 35 | 21 | 605 | 178 |
| 35 | തൂത്തുക്കുടി | സെൻറ് മേരീസ് | 19 | 6 | 115 | 60 |
| 36 | കോഴിക്കോട് | പ്രോവിഡൻസ് | 6 | 3 | 66 | 4 |
| 37 | ചങ്ങനാശ്ശേരി | അസംപ്ഷൻ | 24 | 19 | 363 | 218 |
| 38 | കോയമ്പത്തൂർ | നിർമ്മലാ | 16 | 6 | 216 | 17 |
| 39 | ബോംബെ | സെൻറ് സേവ്യേഴ്സ് | 25 | 11 | 571 | 78 |
| 40 | മധുര | സെൻറ് സേവ്യേഴ്സ് | 7 | 4 | 39 | 12 |
| 41 | ഷില്ലോങ്ങ് | സെൻറ് എഡ്മണ്ഡ് (15 ൽ) | | | | |
| 42 | ബാംഗളൂർ | സേക്രഡ്ഹാർട്ട് | 6 | 5 | 41 | 20 |
| 43 | കൽക്കട്ടാ | ലൊറെറോ | 2 | 2 | 12 | 5 |
| 44 | ഗുണ്ടൂർ | സെൻറ് ജോസഫ്സ് | 9 | 6 | 20 | 1 |
| 45 | മംഗലാപുരം | സെൻറ് ആൻസ് | 8 | 7 | 27 | 13 |
| 46 | ഷില്ലോങ്ങ് | സെൻറ് മേരീസ് (32 ൽ) | | | | |
| 47 | ഡൽഹി | സെൻറ് ബീഡ്സ് | 6 | 4 | 26 | 14 |
| 48 | പാവർട്ടി | സാഹിത്യദീപിക | 10 | 4 | 189 | 28 |
| | | ആകെ | 1429 | 722 | 27080 | 6610 |

1 മുതൽ 23 വരെയും 30 മുതൽ 41 വരെയും 48-ാം ആൺകുട്ടികൾക്കുള്ള കോളേജുകളാകുന്നു. അതുപോലെതന്നെ 39 മുതൽ 47 വരെ ട്രെയിനിംഗ് കോളേജുകളും 48 സംസ്കൃത കോളേജുമാകുന്നു.

ഇവ കത്തോലിക്കർ നടത്തുന്ന കോളേജുകളാണ്. കത്തോലിക്കേതര ക്രിസ്ത്യാനികൾ 46 കോളേജുകൾ നടത്തുന്നുണ്ട്. അവയിലെല്ലാംകൂടി 1291 അദ്ധ്യാപകന്മാരുള്ളതിൽ 624-ം, 25868 വിദ്യാർത്ഥിനിവിദ്യാർത്ഥികളുള്ളതിൽ 4872-ം പേർ ക്രിസ്ത്യാനികളാകുന്നു.

# Sathya Deepam

Vol. 26 Ernakulam January 28, 1953 No. 23


# വിവിധവൃത്താന്തങ്ങൾ

### പുതിയ ഈജിപ്റ്റിൽ ക്രിസ്ത്യാനികളുടെ സ്ഥിതിഗതികൾ

ആറായിരം സംവത്സരക്കാലത്തെ ചരിത്രമുള്ള ഈജിപ്റ്റിൽ പൊട്ടന്നനവെ ഉണ്ടായിരിക്കുന്ന ഭരണപരിഷ്കാരങ്ങൾ ക്രിസ്ത്യാനികളെ എങ്ങനെ ബാധിക്കും എന്നതിനെപ്പററി ആശങ്കയില്ലാതില്ല. ജനറൽ നജീബ് പൊതുവെ ഇന്നും ക്രിസ്ത്യാനികളോട് അനുഭാവമനസ്ഥിതിയാണ് പ്രദർശിപ്പിച്ചുവരുന്നത്. അവരുടെ അവകാശങ്ങൾ പാലിച്ചുകൊള്ളാമെന്ന് അദ്ദേഹം അധികാരത്തിൽ വന്നശേഷവും വാഗ്ദാനംചെയ്തിട്ടുണ്ട്. എന്നാൽ ഇക്കാര്യത്തിൽ വൈമുഖ്യം പ്രകടിപ്പിക്കുന്ന "മുസ്ലീം സഹോദരസംഘം" എന്നൊരു സംഘടനയുണ്ട്. അവരുടെ ശക്തി രാജ്യത്തിൽ വർദ്ധിച്ചുകൊണ്ടുവരുന്നു. തന്നിമിത്തമാണ് മുപ്പതുലക്ഷത്തോളം വരുന്ന ഈജിപ്ഷ്യൻ ക്രിസ്ത്യാനികൾ തങ്ങളുടെ ഭാവിയെപ്പററി ഭയപ്പെടേണ്ടിവന്നിരിക്കുന്നത്.

### ടോക്കിയോ മെത്രാപ്പോലീത്താ അവിടത്തെ സഭയെക്കുറിച്ച്

ജപ്പാനിലെ പ്രധാന അതിമെത്രാസനത്തിന്റെ മേലദ്ധ്യക്ഷനായ പീററർ താത്സുവോ എന്ന ജാപ്പ് മെത്രാപ്പോലീത്താ ഈയിടെ അമേരിക്കാ സന്ദർശിച്ചപ്പോൾ പറഞ്ഞു: 1945 ൽ തന്റെ അതിരൂപതയിൽ എണ്ണായിരം കത്തോലിക്കരേ ഉണ്ടായിരുന്നുള്ളു. ഇപ്പോൾ ഇരുപതിനായിരത്തിനു മേലുണ്ട്. അത്ര വലിയ പുരോഗമനമാണ് കത്തോലിക്കർ ഉണ്ടാക്കിക്കൊണ്ടിരിക്കുന്നത്. കമ്മ്യൂണിസത്തിനെതിരായി ശക്തിമത്തായ ഒരു സമരം തന്നെ അവിടെ നടന്നുകൊണ്ടിരിക്കുന്നു. കത്തോലിക്കാ വിദ്യാർത്ഥി ഫെഡറേഷനാണ് അതിൽ പ്രധാനപങ്കു വഹിക്കുന്നത്. യുദ്ധാനന്തരം എഴുനൂറോളം വിദേശമിഷനറിമാർ ജപ്പാനിലെത്തിയിട്ടുണ്ട്. അവരുടെ ശ്രമഫലമായിട്ടാണ് ഇത്ര വലിയ നേട്ടങ്ങളുണ്ടാകുന്നത്. വേദപ്രചാരവിഷയത്തിൽ അമേരിക്കർ പ്രദർശിപ്പിക്കുന്ന ശുഷ്കാന്തി അത്ഭുതാവഹമെന്നുതന്നെ പറയാം.

### ജപ്പാനിൽ കത്തോലിക്കാ സഭ പുരോഗമിക്കുന്നു

കഴിഞ്ഞ ജൂൺ 30-ലെ അദ്ധ്യവാർഷിക കണക്കിൻപ്രകാരം ജപ്പാനിൽ 171,785 കത്തോലിക്കരുണ്ടായിരുന്നു. അതായത് 5 കൊല്ലത്തിനകം 57 ശതമാനം വർദ്ധനവുണ്ടായിട്ടുണ്ട്. 28,356 പേർ അന്നു ജ്ഞാനസ്നാനത്തിന് ഒരുക്കമായി പഠനം നടത്തിവരുന്നുണ്ടായിരുന്നു. 973 വൈദികർ അവിടെയുള്ളതിൽ 213 പേരും ഏതദ്ദേശീയരാണ്. അവിടത്തെ പേപ്പൽ ഇന്റർനൺസിയോ ഈയിടെ 7 ഫ്രാൻസിസ്കൻ വൈദികവിദ്യാർത്ഥികൾക്കു ഉത്തരിപ്പട്ടം നൽകുകയുണ്ടായി. 21 കൊല്ലംമുമ്പ് സെമിനാരിയിൽ പ്രവേശിച്ചതാണ് അവർ 7 പേരും. അതിനിടയ്ക്കു യുദ്ധസേവനത്തിനു പോയതിനാൽ ഇത്രയും കാലതാമസം വേണ്ടിവന്നു. എങ്കിലും ശേഷിച്ചവരെല്ലാം തിരികെ വന്നു പഠനം പൂർത്തിയാക്കുകയാണ് ചെയ്തത്. എത്ര സ്ഥിരനിഷ്ഠയുള്ളവരാണ് ജാപ്പ് കത്തോലിക്കരെന്നു ഇതിൽനിന്നും തെളിയുന്നു.

### വോട്ടിന്റെ വില

ക്രിസ്റ്റഫർ പ്രസ്ഥാനത്തിന്റെ ജനയിതാവായ ഫാദർ ജെയിംസ് കെല്ലർ പ്രസിഡണ്ടുതിരഞ്ഞെടുപ്പിനു മുമ്പ് ന്യൂയോർക്കിൽനിന്നും ക്ലീവ്ലണ്ടിലേക്കു ഒരു പ്രസംഗപര്യടനം നടത്തിവരികയായിരുന്നു. വോട്ടിങ്ങിനു അദ്ദേഹത്തിന്റെ പേരു രജിസ്റ്റർ ചെയ്തിട്ടില്ലന്നുള്ളതു അപ്പോഴാണ് ഓർമ്മയിൽവന്നത്. അന്നു രജിസ്റ്ററിങ്ങിന്റെ അവസാനദിവസവുമായിരുന്നു. സമ്മതിദായകന്മാരെ സത്വര പ്രോത്സാഹിപ്പിച്ചുനടന്നിരുന്ന താൻ സ്വന്തവോട്ടു നഷ്ടപ്പെടുത്തുകയോ? വലിയ ഒരു സംഖ്യ ചെലവാക്കി ഉടനടി ന്യൂയോർക്കിലെത്തി തന്റെ പേരു രജിസ്റ്ററിൽ ചേർക്കുവാൻ മാത്രം അതിനു വിലയുണ്ടോ? ഇങ്ങനെയെല്ലാം അദ്ദേഹം ന്യായവാദംചെയ്തു. അദ്ദേഹം തുടർന്നു പറയുന്നു: "വോട്ടിങ്ങ് വിലതീരാത്ത ഒരവകാശമാണെന്നും, എന്തു നഷ്ടവും, എന്തു ത്യാഗവും അതിനുവേണ്ടി സഹിക്കേണ്ടതാണെന്നും ഒടുവിൽ ഞാൻ തീർച്ചപ്പെടുത്തി." ഒരു സെക്കൻഡുകളയാതെ ടാക്സി പിടിച്ച് അദ്ദേഹം വിമാനത്താവളത്തിലെത്തി അടുത്ത വിമാനത്തിനു ന്യൂയോർക്കിലേക്കു പുറപ്പെട്ടു. എലക്ഷൻ ബോർഡ് ആഫീസ് അടയ്ക്കുന്നതിനു അല്പം മുമ്പായി അവിടെ ഹാജരായി പേരു രജിസ്റ്ററിൽ ചേർക്കുകയും ചെയ്തു. "ആരും തങ്ങളുടെ വോട്ടുകൾ നഷ്ടപ്പെടുത്തരുതേ എന്നു നിലവിളിച്ചുകൊണ്ടു നടന്നിരുന്ന ഞാൻ, എന്റെ വോട്ടു വെള്ളത്തിലാക്കിയെങ്കിൽ എത്ര കഷ്ടമാകുമായിരുന്നു. ഒരു പൗരന്റെ സർവ്വപ്രധാനമായ ഒരവകാശമാണ് ഞാൻ നഷ്ടപ്പെടുത്താൻ ഇടയായതു" വോട്ടിങ്ങിനുശേഷം അദ്ദേഹം വിലപിച്ചു.

### "മൗ മൗ"

കിഴക്കേ ആഫ്രിക്കയിൽ ബ്രിട്ടീഷ് സംരക്ഷണത്തിലിരിക്കുന്ന കെനിയാ രാജ്യത്തിൽ "കികുയു" എന്ന പേരിൽ അറിയപ്പെടുന്ന ഒരു പ്രാകൃതജാതിക്കാരുണ്ട്. സംഖ്യയിൽ അവർ പത്തുലക്ഷത്തോളം വരും. അതിൽ അഞ്ചിലൊരു ഭാഗവും ക്രിസ്തുമതം സ്വീകരിച്ചിട്ടുള്ളവരാണ്. യൂറോപ്യൻകാരെ ആസകലം നാട്ടിൽനിന്നു നിഷ്കാസിക്കുന്നതിനുള്ള ഒരു വിഭ്രാന്തി ഈ കാട്ടുജാതികളുടെയിടയിൽ പൊട്ടിപ്പുറപ്പെട്ടിരിക്കുന്നു. അതിലേക്ക് അവർ രൂപവൽക്കരിച്ചിട്ടുള്ള ഒരു സംഘടനയുടെ പേരാണ് "മൗ മൗ." രണ്ടു ലക്ഷത്തോളംപേർ ഇതിനകം അതിൽ ചേർക്കപ്പെട്ടിട്ടുണ്ട്. പേരിന്റെ അർത്ഥമെന്താണെന്നുപോലും പുറമെയുള്ളവർക്കും ഇതേവരെ മനസ്സിലായിട്ടില്ല. കികുയുഭാഷയിൽ അങ്ങനെയൊരു വാക്കില്ലത്രേ. ഒരു ഗ്രന്ഥത്തിൽ "മൂമ" എന്നൊരു പദമുണ്ട്. അതിൽനിന്നുത്ഭവിച്ചതാണെന്നൂഹിക്കുന്നു. അഖില ആഫ്രിക്കൻ സംഘടന എന്ന പേരിന്റെ ആദ്യാക്ഷരങ്ങളാണോ എന്നും സംശയമുണ്ട്. ഏതായാലും ക്രിസ്ത്യാനികളായിത്തീർന്ന കികുയുക്കാർക്കും ഇതൊരു വലിയ ബാധയായിത്തീർന്നിരിക്കുന്നു. ക്രിസ്തുമതം പാശ്ചാത്യമാണെന്നും അതിൽ ചേർന്നവരെല്ലാം പാശ്ചാത്യപക്ഷക്കാരായി കരുതപ്പെടണമെന്നുമാണ് അവരുടെ നിശ്ചയം. അതിനാൽ ക്രിസ്തുമതാനുയായികളെ നിർബന്ധിച്ചും പീഡിപ്പിച്ചും മതമുപേക്ഷിപ്പിക്കുക, പള്ളികൾക്കും മററും കൊള്ളിവയ്ക്കുക മുതലായവ അവരുടെ പതിവായിത്തീർന്നിരിക്കുന്നു. വിദേശികളെ നാനാതരത്തിൽ ഉപദ്രവിച്ചുവരുന്നു. ആകപ്പാടെ അവിടത്തെ അന്തരീക്ഷം പ്രക്ഷുബ്ധമായ ഒരു നിലയിലെത്തിയിരിക്കയാണ്.

### അമേരിക്കയിലെ പുതിയ സ്റ്റേററുസെക്രട്ടറി

ജോൺ ഫോസ്റ്റർ ഡള്ളസിനെ സ്റ്റേററു സെക്രട്ടറിയായി തിരഞ്ഞെടുത്തതിൽ ഐസനോവറിനെ സകലരും അഭിനന്ദിക്കുന്നു. 62 വയസ്സു പ്രായമുള്ള ഈ അഭിഭാഷകപ്രമുഖൻ അവസരസേവകനല്ല. ഒരു തത്വം അനുസരിച്ചു പ്രവർത്തിക്കുന്നതിൽ സദാ ബദ്ധകങ്കണനാണ്. അച്ചിസന്റെ കാലത്തു കാട്ടിക്കൂട്ടിയിട്ടുള്ള പല അബദ്ധങ്ങളും പരിഹരിക്കുന്നതിനു വേണ്ട തന്റേടം അദ്ദേഹത്തിനുണ്ടെന്നു പൊതുവേ പ്രതീക്ഷിക്കപ്പെടുന്നു. അദ്ദേഹം ഈയിടെ പ്രസ്താവിച്ചു: "പ്രവണതാജാലികതന്നെ റഷ്യ ഇണ്ടിനാൽ 60 കോടിയിൽപ്പരം പേരെ ഭരിക്കുന്നുണ്ട്. സ്വതന്ത്രരാജ്യങ്ങൾ ഐക്യമായ ഒരു ഇക സായരക്ഷണതന്ത്രം വിനിയോഗിക്കാൻ സന്നദ്ധരായിരുന്നെങ്കിൽ, 100 കോടിയോളം ജനങ്ങളെ അടിമത്തത്തിൽ അമർത്തിവച്ചുകൊണ്ടിരിക്കുന്ന സ്വേച്ഛാധിപതികൾ പുതിയ ആക്രമണത്തിനു മുതിരുകയില്ലായിരുന്നു. കൈവശം വന്നിട്ടുള്ളതു വച്ചു സൂക്ഷിക്കാനായിരിക്കും അവരുടെ ബദ്ധപ്പാട്. ക്രമേണ അതും സാധിക്കാതെ വരികയും ചെയ്യും."

# FAMOUS CONVERTS

(Continued)

**THE HON. LADY RUSSELL,** Marie Louise, the daughter of Count Rex, the Saxon Minister at the Austro-Hungarian court. She married in 1910 The Hon. Sir Odo Russell, K.C.M.G., K.C.V.O., C.B., late Envoy Extraordinary and Minister Plenipotentiary to the Holy See from 1923-1928, and to the Netherlands. She was received into the Church in Rome by His Eminence Cardinal Maglione in 1927, and is a recipient of the Cross "PRO ECCLESIA ET PONTIFICE" (1933).

**YAMAMOTO, ADMIRAL SHINJIRO S.** was received into the Church as a very young man after a hard struggle with his parents, and baptised in the Morning Star School in Tokyo on Christmas Eve 1893. He has taken part in three wars. He is the first in the history of Japan to be sent to the Holy Father with a message from the Japanese Government. He was for a long time at the head of the SEINENKWAI, an organisation of Catholic laymen who have done much good for the Catholics of the Orient. He visited the U S A in 1938. (N. B. Not to be confused with Admiral Yamamota who was in command of the Japan fleet at the time of the attack on Pearl Harbour, for he was then on the retired list.)

**KATHERINE BURTON,** one of the foremost women writers of today, is an editor, freelance writer and biographer. She is married to Harry Payne Burton and they have two sons and a daughter. She wrote the story of Rose Hawthorne, a daughter of Nathaniel Howthorne who became a Catholic and a Dominican Nun, and the founder of a home for the cancerous poor, in "Sorrow Built a Bridge." In "The Next Thing", Mrs. Burton writes her own story. Since her conversion to the Catholic Faith, she has greatly enriched Catholic literature.

**DOROTHY DAY.** It is a long road from active membership in various Communist organisations to the leadership of the Catholic Worker Movement and other forms of Catholic Action. Yet such was the road travelled by Dorothy Day, lecturer, editor, author who became a Catholic in 1927, and an apostle of charity. She in 1933, with Peter Maurin, launched the "Catholic Worker" Movement in New York. She is a Benedictine Oblate. Her two books "From Union Square to Rome" and House of Hospitality" tell the story of her life and work. Read also her latest: "The Long Loneliness."


*Permissu Ecclesiastico*

Printed & Published by K. L. Varkey at the Mar Louis Memorial Press Ernakulam.